# ദൈവം തന്റെ വചനത്തെക്കുറിച്ച് എപ്പോഴെങ്കിലും അവന്റെ മനസ്സ് മാറ്റുമോ?

നമുക്ക് നമ്മുടെ തലകളെ വണക്കാം. പ്രിയ കർത്താവായ യേശുവെ, ദൈവത്തിനായി സമർപ്പിക്കപ്പെട്ട്, ലോകത്തിൽ നിന്നും വേർതിരിച്ച്, വിളിച്ചു വേർപെടുത്തിയ ജനങ്ങളായി, ദൈവത്തിന്റെ ഉത്തേജിപ്പിക്കുന്ന ശക്തി ഞങ്ങളുടെ ഉത്തരവാദിത്വങ്ങളെയും, ഞങ്ങളുടെ സ്ഥാനമാനങ്ങളെയും ഇടങ്ങളെയും തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കും എന്ന മഹത്തായ പ്രതീക്ഷയോടെ, നിന്റെ നാമത്തിൽ ഞങ്ങൾ വീണ്ടും കൂടിവന്നിരിക്കുന്നു. കർത്താവെ, ഇന്നു രാത്രിയിൽ, നിന്റെ നാമത്തിനു മഹത്വവും പുകഴ്ചയും ഉണ്ടാകുവാൻ, ഞങ്ങൾ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിലേക്കു ദൈവത്തിന്റെ അനുഗ്രഹങ്ങൾ ഞങ്ങളെ വഴി നടത്താനും നിർദ്ദേശിക്കാനുമായി, അനുവദിച്ചാലും. ആമേൻ.

2 ഇന്നു രാത്രിയിൽ ആലയത്തിലേയ്ക്ക് തിരികെ വന്നു പ്രിയ ജനങ്ങളായ നിങ്ങളോടൊപ്പം ആയിരിക്കാനായതിൽ ഞാൻ സന്തോഷിക്കുന്നു. ചൂടാണെന്നു എനിക്കറിയാം, അല്പം മുമ്പു ഞാൻ ഭാര്യയെ വിളിച്ചിരുന്നു, അവിടെ തൊണ്ണൂറോ മറ്റോ ഉണ്ടെന്നു ഞാൻ കരുതുന്നു, തൊണ്ണൂറ്റിയഞ്ചോ അതോ തൊണ്ണൂറ്റിയാറോ അങ്ങനെയോ മറ്റോ ആകുന്നു, അതു ഇവിടെ ഉള്ളതിനെക്കാൾ അല്പം ചൂടു കൂടുതലാണ്. അങ്ങനെ ഞാൻ ഇപ്പോൾ ചൂടുള്ള കാലാവസ്ഥയോടു യോജിച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട്, ഈ അത്ഭുതകരമായ ഈസ്റ്റർ സമയത്തു ഇവിടെ ടെബർണക്കിളിൽ ആയിരിക്കാനായതിൽ ഞാൻ ആനന്ദിക്കുന്നു.

3 ഇന്നു രാവിലത്തെ ദീർഘമേറിയ സന്ദേശത്തിനു, ഞാൻ ക്ഷമ ചോദിക്കുന്നു എന്ന് എനിക്കു പറയാൻ കഴിയില്ല, എന്നാൽ ഞാൻ...അതായിരുന്നു, നിങ്ങളുടെ ക്ഷമയെ നിരന്തരമായി ഉപയോഗിച്ചതിനാൽ ഇന്നു രാത്രിയിൽ ഇവിടെ വീണ്ടും തിരികെ വരാൻ ആഗ്രഹി—ഞാൻ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ നിങ്ങൾ, ഈ പുനഃരുത്ഥാനത്തിന്റെ ഒരു ഭാഗമായിരിക്കുന്നതിനാൽ,

നിങ്ങളിലേയ്ക്ക് സന്ദേശം കടക്കേണമെന്നു ഞാൻ—ഞാൻ ആഗ്രഹിച്ചു. കാണുന്നോ? നോക്കു, ഇനിയും, അതിനെപ്പറ്റി വിഷമിക്കരുത്. അതിന്മേൽ ആനന്ദിക്കുക! എവിടെയും, ഇതിൽ നിന്നും നിങ്ങളെ വേർപെടുത്താനായി, ഒന്നും തന്നെയില്ല; യാതൊന്നുമില്ല; ദൈവ രാജ്യത്തിലേയ്ക്ക് നിത്യമായി സുരക്ഷിതരാക്കിയിരിക്കുന്നു. ദൈവം തന്റെ മുദ്ര നിങ്ങളുടെ മേൽ ചാർത്തിയപ്പോൾ, നിങ്ങൾ യാത്രയുടെ ഉദ്ധിഷ്ടസ്ഥാനത്തു എത്തിക്കഴിഞ്ഞു.

4 ഭരണകൂടം ഒരു കെട്ടിന്മേൽ ഒരു മുദ്രയടിക്കുമ്പോൾ, റെയിൽറോഡ് വാതിലിൽ ഒരു മുദ്രയടിച്ചാൽ, അതിന്റെ ഉദ്ധിഷ്ടസ്ഥാനം എത്തിച്ചേരുവോളം ആ കാറിനെ പൊട്ടിക്കാൻ ആർക്കും സാദ്ധ്യമല്ല.

ഒരു മനുഷ്യന്റെ മേൽ ദൈവം തന്റെ മുദ്രയടിച്ചാൽ. ആ മുദ്ര പരിശുദ്ധാത്മാവാകുന്നു. അപ്രകാരം അവൻ ഒരു മനുഷ്യനെ മുദ്രയിടുമ്പോൾ, അവൻ തന്റെ നിത്യമായ ഉദ്ധിഷ്ടസ്ഥാനത്തേയ്ക്ക് പോയ്ക്കഴിഞ്ഞിരിക്കുന്നു. ഒരിക്കലും ഇനിയും അവനെ, പിന്നൊരിക്കലും, എപ്പോഴെങ്കിലും തിരികെ കൊണ്ടുപോകാൻ കഴിയില്ല. കാരണം ഓർക്കു, എഫെസ്യർ 4:30 പറയുന്നു, "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനാലല്ലോ നിങ്ങൾ എല്ലാ നാളിലേയ്ക്കും മുദ്രയിട്ടിരിക്കുന്നത്." നോക്കു, നിങ്ങൾ എന്നേക്കുമായി മുദ്രയിട്ടിരിക്കുന്നു. പരിശുദ്ധാത്മാവിനാൽ, ദൈവ രാജ്യത്തിലേയ്ക്ക്, നിത്യമായി, നിങ്ങൾ മുദ്രയിടപ്പെട്ടിരിക്കുന്നു. ഇപ്പോൾ അതിനെപ്പറ്റി ചിന്തിച്ചു നോക്കു!

5 പിന്നെ, നിങ്ങളെ, സാത്താൻ നിങ്ങളെ പ്രഹരിച്ചുകൊണ്ടു, അവൻ നിങ്ങളോടു സകലതും പറയും, നിങ്ങളെ കുറ്റപ്പെടുത്തും, മാത്രമല്ല—മാത്രമല്ല നിങ്ങൾ മുദ്രയിടപ്പെട്ടിട്ടില്ല എന്നു നിങ്ങളെക്കൊണ്ടു ചിന്തിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ നിങ്ങൾ അവനെ കേൾക്കരുത്.

6 ഇപ്പോൾ, നിങ്ങൾ മരണത്തിൽ നിന്നും ജീവങ്കലേക്ക് കടന്നിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നു. നിങ്ങൾ ഒരിക്കൽ സ്നേഹിച്ചിരുന്ന കാര്യങ്ങളെ, ഇനിയും നിങ്ങൾ സ്നേഹിക്കുന്നില്ല എന്നു നിങ്ങൾ അറിയുന്നു. നിങ്ങൾ ദൈവത്തിന്റെ ഓരോ വചനവും വിശ്വസിക്കുന്നു എന്നു നിങ്ങൾ അറിയുന്നു. തോൽക്കാതെ...അവൻ തന്നെ ആ മഹാനായ, "ഞാൻ ആകുന്നവൻ," എന്നതിന്റെ തോല്പിയടയാനാകാത്ത തെളിവായി, ദൈവം നമ്മുടെ ഇടയിൽ പ്രവർത്തിക്കുന്നതു നിങ്ങൾ കണ്ടിരിക്കുന്നു. അവന്റെ നാമത്തിൽ പറയപ്പെട്ടതും, അവന്റെ നാമത്തിൽ പ്രവചിക്കപ്പെട്ടിരുന്നതുമായ

സകലതും എപ്രകാരം പറയപ്പെട്ടുവോ അതേ വിധത്തിൽ തന്നെ കൃത്യമായും സംഭവിച്ചതു നിങ്ങൾ കണ്ടിരിക്കുന്നു. ശാസ്ത്രത്തിനും, ദിനപത്രത്തിനും, ചിത്രത്തിനും, ക്യാമറയ്ക്കും, എഴുത്തുകാർക്കും, മറ്റു സകലത്തിനും, അതിനെ അംഗീകരിക്കേണ്ടി വന്നു. നോക്കു, അതു ആവശ്യമായിരുന്നോ ഇല്ലയോ എന്നു കാര്യമാക്കാതെ, എങ്ങനെയും, നോക്കു, അതിനെ പ്രസിദ്ധമാക്കാനായി, ദൈവം അവയെ പ്രാവർത്തികമാക്കി.

7 ഇപ്പോൾ, ഒരു ചെറിയ കൂട്ടരായിരിക്കുന്നു. അവൻ വന്നതു ഒരു വലിയ കൂട്ടർക്കായിട്ടല്ല എന്നു, ഓർത്തിരിക്കുക. “ചെറിയ കൂട്ടമേ, ഭയപ്പെടേണ്ട; അതു നിങ്ങളുടെ പിതാവിന്റെ ദയ...” കാണുന്നോ?

8 നമുക്ക് ഒരു ധർമ്മോപദേശിയെ ആധികാരികമായി നിയോഗിക്കാനുണ്ട്, അതിനു തൊട്ടു മുമ്പ്, ഞെട്ടിക്കാനായി, ഞാൻ നിങ്ങളോടു ഒരു വാക്കു പറയാൻ ആഗ്രഹിക്കുന്നു. ഇതു വളരെ ഞെട്ടിപ്പിക്കുന്നതാണ്, എന്നാൽ നിങ്ങൾ അതു തികച്ചും അറിഞ്ഞിരിക്കണം. ഇപ്പോൾ, ഇതൊരു കൃത്യമായ സംഖ്യയായിരിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നതല്ല, എന്നാൽ എനിക്കതു നിങ്ങളിലേക്ക് വിടേണ്ടതുണ്ട്.

9 കന്നുകാലികളിൽ സങ്കരം ചെയ്യുന്നതു എപ്പോഴെങ്കിലും കണ്ടിട്ടുള്ള ആരെങ്കിലും ഇവിടെ ഉണ്ടോ എന്ന് എനിക്കറിയില്ല. അതു, ഇവിടെ ഉണ്ടോ എന്ന് എനിക്കറിയില്ല, എന്നാൽ അതു ചെയ്യുന്നതു ഞാൻ ശ്രദ്ധിച്ചു നോക്കിയിട്ടുണ്ട്. അവർ ആണിന്റെ ഒരു ബീജം എടുത്തു, ഒരല്പം, ഒരു ചെറിയ ലോഹ വസ്തുവിനാൽ തോട്ട്, ഒരു പല്ലു കിണ്ടിയെ പോലെയുള്ളതു കൊണ്ടു എടുത്തു, അതിനെ ഒരു ചെറിയ മാർബിളിൽ വെയ്ക്കുന്നു. അതിനെ വലുതാക്കി കാണിക്കുന്ന ഗ്ലാസുകൾ അതിലേക്ക് തിരിക്കുന്നു, അതു എത്ര തവണ വലുതാക്കി കാണിക്കും എന്നെനിക്കറിയില്ല, ആ ബീജത്തെ...അവിടെ നിങ്ങൾക്ക് നിങ്ങളുടെ സ്വാഭാവിക കണ്ണുകളാൽ, ഒരു സാധാരണ കണ്ണടയാൽ, ഒന്നും കാണാൻ കഴിയില്ല. എന്നാൽ അതിനെ ഭൂതക്കണ്ണാടിയിലൂടെ, നൂറോ നൂറ്റമ്പതോ തവണ, വലുതാക്കി കാണിക്കുമ്പോൾ, ആ ഒരു ചെറിയ ബീജത്തിനുള്ളിൽ, അമ്പതു മുതൽ നൂറു ചെറിയ ബീജങ്ങൾ ചുറ്റിനും കുതിക്കുന്നതു കാണാം. മാത്രമല്ല, ബീജത്തെപ്പോലെ തന്നെ, പെൺവർഗ്ഗത്തിൽ നിന്നും അണ്ഡവും കടന്നു വരുന്നു. ഇപ്പോൾ, അവയെ ഒരുമിച്ചു കൊണ്ടുവരുമ്പോൾ, ഇപ്പോൾ, ആദ്യം കണ്ടുമുട്ടുന്ന രണ്ടെണ്ണം തമ്മിൽ യോജിക്കുകയും...

10 ആ ദശലക്ഷത്തിൽ നിന്നും ജീവിച്ചിരിക്കാൻ പോകുന്നതു ആ ഒന്നു മാത്രമാണ്. അതിനെപ്പറ്റി നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

അവയെല്ലാം ഒരുപോലെയുള്ള ബീജങ്ങളാണ്, ഒരേ പോലെയുള്ള അണ്ഡം, അവ രണ്ടും ഒരേപോലെയുള്ളതു, എന്നാൽ അവിടെ ജീവിക്കാൻ പോകുന്നതു ഒന്നു മാത്രമാണ്. അവിടെ ജന്തുക്കളിൽ നിന്നും ആദ്യം ആരു കടന്നു വരും എന്നു തീരുമാനിക്കാൻ കഴിയില്ല. കാരണം, ചിലനേരങ്ങളിൽ അണ്ഡം, ഏറ്റവും പുറകിന്റെ പുറകിൽ നിന്നുള്ളതും, ശുക്ലങ്ങളുടെ ഇടയിലുള്ള ബീജവുമായി, അവ ഒന്നിനുമേൽ ഒന്നു ഇഴഞ്ഞു കയറുന്നു. അതു ആണോ പെണ്ണോ, ചുവന്ന-തലയോട്ടു കൂടിയതോ, കറുത്ത തലയോട്ടു കൂടിയതോ, അതല്ല അതു എന്തു തന്നെ ആയിത്തീരും എന്നറിയാനായി ഒരു ബുദ്ധി വൈഭവം എടുക്കുന്നു. അതു ദൈവത്തിന്റെ തിരഞ്ഞെടുപ്പാകുന്നു. അതു മറ്റൊന്നും ആയിരിക്കാൻ കഴിയില്ല. തിരഞ്ഞെടുപ്പ്!

11 പ്രാകൃത ജനനത്തിൽപ്പോലും, തിരഞ്ഞെടുപ്പുണ്ട്, അതു ആൺകുഞ്ഞോ അതല്ല പെൺകുഞ്ഞോ, അതു എന്തായി തീർന്നാലും ശരി. ആ ചെറിയ ബീജം ഈ ചെറിയ അണ്ഡത്തിലേയ്ക്ക് പുളഞ്ഞു കയറുമ്പോൾ, ആ വാൽ മുറിഞ്ഞു പോയിട്ട്, പിന്നെ അതിനുശേഷം അതു കുഞ്ഞിന്റെ നട്ടെല്ലായി രൂപപ്പെടുന്നു; മൃഗമോ, കുഞ്ഞോ, അതു എന്തായാലും ശരിതന്നെ. ആ ശേഷിക്കുന്ന ദശലക്ഷക്കണക്കിനുള്ള... ഒരു ദശലക്ഷം മുട്ടകൾ, ഒരു ദശലക്ഷം ബീജങ്ങൾ, ഒരെണ്ണം മാത്രം ജീവിക്കുന്നു. എല്ലാം ഒന്നുപോലെ, എന്നാൽ ജീവിക്കാൻ പോകുന്നതു ഏതെന്നു ദൈവം തിരഞ്ഞെടുക്കുന്നു, ശേഷിക്കുന്നവയെല്ലാം നശിക്കുന്നു. ദശലക്ഷത്തിൽ ഒന്ന്!

12 യിസ്രായേൽ മിസ്രായീം വിട്ടു വന്നപ്പോൾ, അവരെല്ലാവരും ഒരു പ്രവാചക സന്ദേശത്തിൽ വിശ്വസിച്ചു. മോശെ മുഖാന്തരം, അവർ ദൈവത്തിന്റെ അടയാളങ്ങൾ കണ്ടു. അവർ ഓരോരുത്തരും അതു കണ്ടിരുന്നു. അവർ ഓരോരുത്തരും മിസ്രായീം വിട്ടു പുറത്തു വന്നു, ചെങ്കടലിലൂടെ നടന്നു, മോശെയിലേക്ക് സ്നാനമേറ്റു. അവൻ ആത്മാവിൽ പാടിയപ്പോൾ, ദൈവത്തിന്റെ ശക്തി അവന്റെ മേൽ പതിച്ചത് അവർ ഓരോരുത്തരും കണ്ടു; മിർയ്യാം തപ്പെടുത്തു ആർപ്പിട്ടുകൊണ്ട്, തീരത്തു താഴോട്ടും മേലോട്ടും ഓടി. അവർ ഓരോരുത്തരും, ഓരോ രാത്രിയിലും, ആകാശത്തിൽ നിന്നും വീണ, വിശുദ്ധമായ സ്വർഗ്ഗീയ മന്ന കഴിച്ചു. അടിക്കപ്പെട്ട ആത്മീയ പാറയിൽ നിന്നും അവർ ഓരോരുത്തരും കുടിച്ചു. മിസ്രായീമിൽ നിന്നും രണ്ടു ദശലക്ഷം പേർ പുറപ്പെട്ടു വന്നു. വാഗ്ദത്ത ദേശത്തു കടന്നതു എത്രപേർ? രണ്ട്. ദശലക്ഷത്തിൽ ഒന്ന്! അവർ എല്ലാവരും എവിടെയാണ്? യേശു പറഞ്ഞു അവർ നശിച്ചുപോയി. "നിങ്ങളുടെ പിതാക്കന്മാർ

മരുഭൂമിയിൽ, മുപ്പതു വർഷം മന്ന തിന്നു, അവർ എല്ലാവരും മരിച്ചുപോയെന്നു ഞാൻ നിങ്ങളോടു പറയുന്നു."

13 ഇപ്പോൾ ഇന്നു ലോകത്തു ഏകദേശം അഞ്ഞൂറ് ദശലക്ഷം ക്രിസ്ത്യാനികൾ ഉണ്ടായിരുന്നാൽ, കത്തോലിക്കരും, പ്രൊട്ടെസ്റ്റാന്റും എല്ലാവരെയും കൂട്ടിയിട്ടാണ്. യേശു മേഘങ്ങളിലേക്കുള്ള എടുക്കപ്പെടലിലേയ്ക്ക് വന്നാൽ, ഞാൻ അല്പം മുമ്പ് പറഞ്ഞതിൻ പ്രകാരം, മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടലിൽ, ഇന്നു രാത്രിയിൽ അഞ്ഞൂറു പേരെ കാണാതായി എന്നു വരാം. അതു ഏകദേശം ഓരോ ദിവസവും, ദേശമെല്ലാം എണ്ണിയാൽ സംഭവിക്കുന്നു, അതു ഒരിക്കലും എണ്ണുന്നുപോലുമില്ല. അതുകൊണ്ട് അതു ഏതു സമയത്തും സംഭവിക്കാം, നോക്കൂ.

14 ഓ, ക്രിസ്ത്യാനികളെ, നമുക്ക് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം മുറുക്കി കെട്ടാം. ആ മഹത്തായ സമയത്തിനായി കാത്തിരുന്നു കൊണ്ട്, അവനെ സ്നേഹിക്കുകയും, അവനെ സേവിക്കുകയും, അതു എങ്ങനെ ചെയ്യേണം എന്നു നമുക്ക് അറിയുന്നതിൽ നന്നായി ചെയ്യുകയും ചെയ്യാം.

15 ഇപ്പോൾ, തലമുറയിൽ നിന്നും ഒരു വലിയ ദശലക്ഷത്തിന്റെ ജനക്കൂട്ടം പുറപ്പെട്ടു വന്നു, അകത്തേയ്ക്ക് നിരനിരയായി കടക്കാൻ പോകുന്നില്ല. അവിടെ അങ്ങനെയാകില്ല.

ഇപ്പോൾ, ഓർത്തിരിക്കു, ഓരോ ദിവസവും, ഓരോ ദിവസവും ഒരു തലമുറ അവസാനിക്കുന്നു. "നോഹയുടെ നാൾക്കളിൽ എന്നതുപോലെ, മനുഷ്യ പുത്രന്റെ വരവിങ്കലും ആകും, അവിടെ എട്ടു ആത്മാക്കൾ വെള്ളത്തിലൂടെ രക്ഷ പ്രാപിച്ചു." എന്നാൽ ഓരോ ദിവസവും ആർക്കെങ്കിലും ഒരാളിന്, നാല്പതു വർഷത്തെ കാലാവധി അവസാനിക്കുന്നു. കാണുന്നോ? ഓരോ ദിവസവും, വളരെയേറെപ്പേർ രാജ്യത്തിലേയ്ക്ക് മുദ്രയിടപ്പെടുന്നു. ഒരുനാൾ, ആ അവസാന ദിവസം കടന്നു വരും.

നാം നമ്മുടെ നേരായ മനോനിലയിൽ ആയിരിക്കുമ്പോൾ, ഇപ്പോൾ നമുക്ക് തീർച്ചപ്പെടുത്താം. കൂടാതെ ആലയത്തിൽ, ജനങ്ങളുടെ ഇടയിൽ, പരിശുദ്ധാത്മാവ് സ്വയം നമ്മുടെ ഇടയിൽ അത്രയേറെ തിരിച്ചറിയിച്ചു കൊണ്ടിരിക്കുമ്പോൾ, എല്ലാം ശരിയാണെന്നു തീർച്ചയാക്കി, അവനു മുന്നിൽ, ശരിയായി ഇരിക്കാം.

16 നിങ്ങൾ നിർത്തിക്കളയരുത്. ലോക കാര്യങ്ങളിൽ നിന്നും ദൈവ രാജ്യത്തിലേയ്ക്ക്, ഉദ്ദീപിക്കുന്ന ശക്തി നിങ്ങളെ കൊണ്ടുവരുവോളം, രാത്രിയും പകലും, വിശ്രമിക്കരുത്. ദൈവരാജ്യത്തിലേയ്ക്ക്

ദൈവാത്മാവിനാൽ വാസ്തവമായും ഉദ്ദീപിച്ചുകൊണ്ടു വരപ്പെട്ടവർ, എത്ര സന്തോഷമുള്ളവർ! ആനന്ദ കണ്ണീരാൽ നാം നമ്മുടെ മുട്ടുകളിലായി, രാത്രിയും പകലും, അവൻ ചെയ്തിരിക്കുന്നതിനു നന്ദിയർപ്പിക്കുന്നു.

17 ഇന്നു രാത്രിയിലെ യോഗത്തിൽ നാം ഒരല്പ മാറ്റം വരുത്തിയിരിക്കുന്നു. നമുക്ക് ഇവിടെ ഒരു നല്ല സഹോദരനുണ്ട്, സഹോദരൻ കാപ്സ്. അവൻ നമ്മുടെ അടുക്കൽ നാസ്സറേയ സഭയിൽ നിന്നും വന്നിരിക്കുന്നു. അതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നു, സഹോദരൻ കാപ്സേ? ഇന്നു രാത്രിയിൽ അവൻ, കൈകൾ വെയ്ക്കപ്പെട്ട്, ആധികാരികമായി നിയോഗിക്കപ്പെടാൻ ആഗ്രഹിക്കുന്നു.

18 ആർക്കും കൊടുത്തയ്ക്കാനായി ഞങ്ങളുടെ പക്കൽ പേപ്പറുകൾ ഒന്നും തന്നെയില്ല, എന്നിരിക്കിലും നാം അംഗീകരിക്കപ്പെട്ട്...നമുക്ക് പേപ്പർ ഉണ്ടാകുമായിരുന്നു, അതു സത്യമെന്നു നാം വിശ്വസിക്കുന്നു, ഒരു ധർമ്മോപദേശിയെ ആധികാരികമായി നിയോഗിക്കുമ്പോൾ, അവന്റെ പേപ്പറുകൾ സ്വർഗ്ഗത്തിലാണെന്നു നാം വിശ്വസിക്കുന്നു. കാണുന്നോ? മാത്രമല്ല അവന്റെ ജീവിതം ബൈബിളുമായി ദൈവം തിരിച്ചറിയിക്കുന്നിടത്തോളം അവനു—അവനു ബൈബിൾ പ്രസംഗിക്കുന്നതിനുള്ള അവകാശമുണ്ട്. അതു അവന്റെ അധികാര പത്രം ആണെന്നു നാം വിശ്വസിക്കുന്നു.

19 മാത്രമല്ല, ഇപ്പോൾ, സഹോദരൻ കാപ്സ് നാസ്സറെയ സഭയാൽ ആധികാരികമായി നിയോഗിക്കപ്പെട്ടിരിക്കുന്നു, എന്നാലും ഈ സന്ദേശത്തെ മുന്നോട്ടു കൊണ്ടുപോകാനായി, ആധികാരികമായി നിയോഗിക്കപ്പെടാൻ, ഇന്നു രാത്രിയിൽ മൂപ്പന്മാരും, അങ്ങനെയുള്ളവരും, അവന്റെ മേൽ കൈകളെ വെയ്ക്കാൻ അവൻ ആഗ്രഹിക്കുന്നു. എന്തൊരു ധീരമായ കാര്യം!

20 നമ്മുടെ സൌമ്യനായ സഹോദരൻ നേവിൽ, ധീരമായി പിടിച്ചുകൊണ്ടിരിക്കുന്ന ഈ മെഴുകു തിരിയെ, ഈ രണ്ടു സഹോദരന്മാർക്കും ഒരുമിച്ചു പിടിക്കാനായി, സഹോദരൻ കാപ്സ് സഹായകനാകും എന്നും മറ്റുമുള്ള, അതിശയിപ്പിക്കുന്ന വർത്തമാനങ്ങൾ, ഞാൻ ട്യൂസനിൽ ആയിരുന്നപ്പോൾ മുതൽ, ഞാൻ കേട്ടു—ഞാൻ കേട്ടിരുന്നു. ഞങ്ങൾ സഹോദരൻ നേവിലിന്റെ മേൽ കൈകളെ വെച്ചിരുന്നു, എന്നാൽ സഹോദരൻ കാപ്സിന്റെ മേൽ വെച്ചിരുന്നില്ല. ധർമ്മോപദേശികളായി ഇവിടെ ആയിരിക്കുന്നവരെ എനിക്ക് ആവശ്യമുണ്ട്, സഹോദരൻ ജാക്സനും മറ്റുള്ളവരും, അവർ ഇവിടെയുണ്ടെങ്കിൽ, സഹോദരൻ റൂഡേലും ഇവിടെ സഭയിലെ

മൂപ്പന്മാരും, സഹോദരൻ കാപ്സിനു മേൽ കൈ വെയ്ക്കാനായി ഇപ്പോൾ ഇവിടെ കടന്നുവന്നെങ്കിൽ. പിന്നെ ആ...

21 ഇപ്പോൾ നാം, ബൈബിളിൽ കാണുന്നതു, ആ വിധത്തിലാണ് അവർ അതു ചെയ്തിരുന്നു എന്നാണ്, അവർ അവരുടെ മേൽ കൈകളെ വെച്ച് അവരെ പറഞ്ഞയച്ചു. ആ വിധത്തിലാണ് അവർ തീമൊഥെയോടും ചെയ്തതു. പറഞ്ഞു, "അമ്മൂമ്മയായ ലൂയിസിൽ... നിന്നിലുള്ള ഈ കൃപയാൽ." അവർ അതു കണ്ടിരുന്നു, ആ മനുഷ്യനിൽ അവിടെ ഒരു കൃപയുണ്ടായിരുന്നു, അതു അവനിലേയ്ക്ക് വന്നതു പ്രിസ്ബിറ്ററിയനിൽ നിന്നും, കൈകൾ വെയ്ക്കപ്പെട്ടതിനാലായിരുന്നു.

22 ഇപ്പോൾ, ലേറ്റർ-ഡേ സഹോദരന്മാരെ, ലേറ്റർ-ഡേ-റൈൻ സഹോദരന്മാർക്ക്, ഇതു കുട്ടിക്കുഴച്ചാണ്, കിട്ടിയിരിക്കുന്നതു. അതു ചെയ്യുന്നതിലൂടെ, അവർ അവനു ഒരു കൃപ കൊടുത്തു എന്നാണ് അവർ വിചാരിക്കുന്നതു. അല്ല, ആ കൃപ അവനിൽ ആദ്യം തന്നെ ഉണ്ടായിരുന്നു, അവന്റെ മേൽ അവർ കൈ വെച്ചതു ദൈവം ആ കൃപയെ അവനിൽ ആദ്യം തന്നെ ഇട്ടിരിക്കുന്നു എന്നു വിശ്വസിച്ചുകൊണ്ട് അനുമതി നൽകാൻ വേണ്ടിയായിരുന്നു. കൈകൾ വെച്ചുകൊണ്ട്, അവർ അതിനു അനുമതി നൽകി.

23 ഈ സഭയിലുള്ള ഈ പുരുഷന്മാർ, തങ്ങളുടെ ഹൃദയത്തിൽ അവന്റെ ഉദ്ദീപിക്കുന്ന ശക്തിയെ സ്വായത്തമാക്കി എന്നു ഞാൻ വിശ്വസിക്കുന്നു; സഹോദരന്മാരായ നിങ്ങൾ, സഹോദരൻ റൂഡേലും ഇവിടെ സഭയിൽ ശേഷിക്കുന്ന എല്ലാ സഹോദരന്മാരും, മൂപ്പന്മാരും ചുറ്റിനുമുള്ള സഹോദര സഭകളിലുള്ളവരും, ഇവിടെ കടന്നു വന്നു, സഹോദരൻ കാപ്സിനു മേൽ കൈ വെയ്ക്കുക, അതിനാൽ അവൻ നമ്മുടെ അനുമതിയാൽ, ഈ ശ്രോതാക്കളുടെ മുന്നിൽ വെച്ചു, ആധികാരികമായി നിയോഗിക്കപ്പെട്ട്, ദൈവം അവനെ എവിടേയ്ക്കു വിളിക്കുന്നോ അവിടേയ്ക്ക് പോയി, യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കട്ടെ. അവൻ ആയിതീർന്ന്...

ജനനത്താൽ, അവൻ ആദ്യം തന്നെ നമ്മിൽ ഒരുവൻ ആയിരിക്കുന്നു. അവൻ സന്ദേശം വിശ്വസിക്കുന്നതിനാൽ അവൻ നമ്മിൽ ഒരുവൻ ആകുന്നു. അവൻ നമ്മിൽ ഒരുവനായി തീർന്നതു എന്തെന്നാൽ അതു—അതു അവൻ വചനത്തിന്റെ സത്യത്തിനായി നിൽക്കുന്നതിനാലാണ്. സഹോദരൻ കാപ്സ്, നമ്മിൽ ഒരുവനാണെന്നു, നിങ്ങളുടെ മുന്നിൽ വെച്ചു, കൈകൾ വെച്ചുകൊണ്ടു, ആധികാരികമായി നിയോഗിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

എല്ലാം ശരി, സഹോദരൻ റൂഡേൽ, സഹോദരൻ കാപ്സ്, സഹോദരൻ നേവിൽ. സഹോദരൻ ജൂനിയർ ജാക്സൻ, അവരിൽപ്പെട്ട

മറ്റു ധർമ്മോപദേശികൾ ഇവിടെയുണ്ടോ, ഇവിടെ എത്രപേരുണ്ടെന്നു എനിക്കറിയില്ല. എനിക്കറിയില്ല...ഇന്നു രാത്രിയിൽ അവർക്കു അവരുടെ സ്വന്ത യോഗം ഉണ്ടെന്നു ഞാൻ ഊഹിക്കുന്നു. അതിനാൽ ഇവിടെ മുകളിലേയ്ക്ക് കയറി വരൂ, സഹോദരൻ കാപ്സ്.

ഇപ്പോൾ ന്യൂ യോർക്കിൽ നിന്നുള്ള സഹോദരൻ ഹണ്ടറും മറ്റും എവിടെയാണ്, ഞാൻ...സഹോദരൻ ആന്റണിയോ? അവർ തിരികെ പോയിരിക്കും എന്നു ഞാൻ നിരൂപിക്കുന്നു. [സഹോദരൻ നേവിൽ പറയുന്നു, "അവിടെ പിന്നിൽ സഹോദരൻ ആന്റണി ഇരിക്കുന്നു."—Ed.]

നമ്മോടൊപ്പമുള്ള ആരെങ്കിലും, അവിടെ നിന്നും വന്ന ആരെങ്കിലും ഇവിടെയുണ്ടോ, എന്താ, നിങ്ങൾ ഇവിടെ വന്നു, സഹോദരൻ കാപ്സ് ആകാൻ പോകുന്ന സ്വീകാര്യതയ്ക്കു വേണ്ടി, ഞങ്ങളോടൊപ്പം നിന്നിരുന്നെങ്കിൽ ഞങ്ങൾക്ക് സന്തോഷമാകുമായിരുന്നു.

ഇവിടെയുള്ള എത്രപേർ സഹോദരൻ കാപ്സിനെ അറിയുന്നു, നിങ്ങളുടെ കൈ ഉയർത്തിയാലും. ശരി, നിങ്ങളുടെ കൈ താഴ്ത്തുക. അവൻ ഒരു ദൈവ ദാസനാണെന്നു എത്രപേർ വിശ്വസിക്കുന്നു, നിങ്ങളുടെ കൈ ഉയർത്തിയാലും. [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed] നമ്മൾ അവനെ, നമ്മുടെ സഹോദരനായി സ്നേഹിക്കുന്നു.

24 നാം ആധികാരികമായി നിയോഗിക്കുന്നു എന്നു പറയുന്നതിന്റെ കൃത്യവും ശരിയും ആയ രീതി ഇതല്ല, എന്നാൽ ഞാൻ ആഗ്രഹിക്കുന്നതു ശ്രോതാക്കൾ...എനിക്ക് ഈ പാട്ട് പാടാൻ കഴിയില്ല, എന്നാൽ ഞാൻ അതിനായി ശ്രമിക്കുമ്പോൾ നിങ്ങൾ എന്നെ സഹായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതു...

25 ഒരുനാൾ ഒരു പ്രവാചകൻ, മന്ദിരത്തിൽ അൾത്താരയിലേയ്ക്കു പോയി. അവൻ അവിടെ മന്ദിരത്തിൽ ആയിരിക്കുമ്പോൾ...അവൻ ഒരു നല്ല മനുഷ്യനായിരുന്നു, എന്നാൽ അവൻ രാജാവായിരുന്ന ഉസ്സിയാവിന്റെ കൈകളിൽ ആശ്രയിച്ചിരുന്നു, അവൻ ഒരു—ഒരു നല്ല മനുഷ്യനായിരുന്നു. എന്നാൽ അപ്പോഴും, ഒരുനാൾ, മന്ദിരത്തിൽ, അവൻ ഒരു ദർശനത്തിലേക്ക് വീഴുമ്പോൾ, അവൻ ചിലതു കണ്ടു, അത് അവൻ അതിനു മുമ്പ് ഒരിക്കലും കണ്ടിരുന്നില്ല. ദൂതന്മാർ, കെട്ടിടത്തിലൂടെ, അങ്ങോട്ടുമിങ്ങോട്ടും, ചിറകുകൾ കൊണ്ടു പറന്നു, "സർവ്വശക്തനായ കർത്താവാം ദൈവം, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ!, എന്ന് ആർപ്പിടുന്നതു കേട്ടു."

കടന്നു വരൂ, സഹോദരാ. അതെ, കാണുന്നോ?

"സർവ്വശക്തനായ കർത്താവാം ദൈവം, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ!"

ബേൻ?

26 അവൻ അതു ചെയ്തപ്പോൾ, മന്ദിരത്തിന്റെ തൂണുകൾ കുലുങ്ങി. അപ്പോൾ അവൻ പറഞ്ഞു, "അയ്യോ എനിക്ക് കഷ്ടം! ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ഒരു മനുഷ്യൻ." ദൈവത്തിന്റെ സാന്നിദ്ധ്യം അവൻ തിരിച്ചറിഞ്ഞു, അവൻ അതു ഒരു പ്രവാചകനായിരുന്നിട്ടും, അവൻ തെറ്റിലായിരുന്നു. അവൻ പറഞ്ഞു, "ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ഒരു മനുഷ്യൻ, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള മനുഷ്യരുടെ ഇടയിൽ വസിക്കുന്നു."

27 ദൂതന്മാരിൽ ഒരുവൻ പറന്നുചെന്നു, ഒരു തീക്കനൽ എടുത്തു അവന്റെ വായ്ക്ക തൊട്ടുകൊണ്ട്, പറഞ്ഞു, "മനുഷ്യ പുത്രാ, പ്രവചിക്ക!"

അതിന്മേൽ ഞങ്ങൾക്കു ഒരു രാഗം തരുമോ, സഹോദരി. ഈ പാട്ട് എത്രപേർക്ക് അറിയാം? നമുക്ക് ഒരു ചരണം മാത്രം പാടാം. ശരി.

തീക്കനൽ പ്രവാചകന്റെ വായ്ക്ക തൊട്ടപ്പോൾ,
അവനെ ശുദ്ധിയാൽ പരിശുദ്ധനാക്കി,
"ആർ നമുക്ക് വേണ്ടി പോകും," എന്ന് ദൈവ ശബ്ദം ചോദിക്കുമ്പോൾ,
അവൻ ഉത്തരമരുളി, "ഇതാ ഞാൻ, എന്നെ അയച്ചാലും."

[ടേപ്പിൽ സ്ഥലം ശൂന്യമായിരിക്കുന്നു—Ed.] ...അരുളി ചെയ്യൂ, എന്റെ കർത്താവെ.
അരുളി ചെയ്യൂ, ഞാൻ നിന്നോടു അതിവേഗം ഉത്തരം പറയും;
അരുളി ചെയ്യൂ, എന്റെ കർത്താവെ, അരുളി ചെയ്യൂ, എന്റെ കർത്താവെ,
അരുളി ചെയ്യൂ, ഞാൻ ഉത്തരം പറയും, "കർത്താവെ എന്നെ അയച്ചാലും."

ദശലക്ഷങ്ങൾ ഇപ്പോൾ പാപത്തിലും നിന്ദയിലും മരിക്കുന്നു;
അവരുടെ രോദനവും തിക്തവുമായ കരച്ചിൽ കേൾക്കേണമെ;
ധൃതികൂട്ടൂ, സഹോദരാ, അവരെ വിടുവിക്കാൻ ധൃതികൂട്ടൂ;
പെട്ടെന്നൊത്തരമരുളൂ, "ഗുരോ, ഞാൻ ഇതാ ഇവിടെ."

അരുളി ചെയ്യൂ, എന്റെ കർത്താവെ, അരുളി ചെയ്യൂ, എന്റെ കർത്താവെ,
അരുളി ചെയ്യൂ, ഞാൻ നിന്നോട്ടു ധൃതിയിൽ ഉത്തരം പറയും;
അരുളി ചെയ്യൂ, എന്റെ കർത്താവെ, അരുളി ചെയ്യൂ, എന്റെ കർത്താവെ,
അരുളി ചെയ്യൂ, ഞാൻ ഉത്തരം പറയും, "കർത്താവെ എന്നെ അയച്ചാലും."

മൂപ്പന്മാരെയെല്ലാം ചുറ്റിനും വരാൻ അനുവദിക്കു ഇപ്പോൾ സഹോദരൻ കാപ്സിന്മേൽ കൈകളെ വെയ്ക്കാം. നമുക്കിപ്പോൾ എല്ലാവർക്കും തലകളെ വണക്കാം.

28 പ്രിയ ദൈവമേ, ആത്മാവിന്റെ ഉദ്ദീപിക്കുന്ന ജീവൻ ഞങ്ങളുടെ സഹോദരനിൽ പ്രവർത്തിക്കുന്നതു കാണുമ്പോൾ, മന്ദിരത്തിന്റെ തൂണുകളെല്ലാം വീണ്ടും ഉലഞ്ഞിരിക്കുന്നു. ദൈവമേ, അവൻ തികച്ചും പോയിരിക്കണം എന്ന് അതു പറയുന്നതു പോലെ, അവനു ഇതു മുകളിൽ നിന്നും അനുഭവപ്പെട്ടിരിക്കണം, എന്നു ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവെ, നിന്റെ മൂപ്പന്മാരായി, കൂട്ടായ്മയുടെ വലങ്കൈ നൽകിക്കൊണ്ടു; ദൈവത്തിന്റെ അനുഗ്രഹങ്ങൾ അവന്റെ മേൽ കടക്കേണ്ടതിനു, ഞങ്ങളുടെ കൈ അവന്റെ മേൽ വെച്ചിരിക്കുന്നു, അതിനാൽ നീ അവന്റെ അധരത്തെ, അവന്റെ ചിന്തയെ, അവനിലുള്ള സകലത്തെയും അഭിഷേകം ചെയ്യേണമെ. നീ അവനെ വിളിച്ചിരിക്കുന്ന ഓരോ മുക്കിനും മൂലക്കും അവൻ ഈ സുവിശേഷ സന്ദേശം എടുത്തുകൊണ്ടു പോകാൻ ഇടയാകട്ടെ. ഇതു അനുവദിക്കേണം, കർത്താവെ. ഞങ്ങളുടെ സഹോദരനെ, നിന്റെ ഒരു ദാസനായി, യേശുക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങൾ നിനക്കു തരുന്നു. ആമേൻ.

29 "വചനം പ്രസംഗിക്ക," എന്റെ അനുജാ. "സമയത്തിലും, അസമയത്തിലും; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക." ദൈവം നിന്നെ അനുഗ്രഹിക്കട്ടെ, സഹോദരാ.

30 [സഹോദരൻ ബേൻ ബ്രിയാന്റ് ചോദിക്കുന്നു, "ബ്രദർ ബ്രൺഹാം, താങ്കൾ എന്റെ മേൽ കൈകളെ വെയ്ക്കുമോ? അവർ എന്റെ മേൽ കൈകളെ വെയ്ക്കുമോ? ഞാൻ നിയോഗിക്കപ്പെടാൻ ആഗ്രഹിക്കുന്നു."—Ed.] നിങ്ങളെ ചെയ്തോ... നിങ്ങളെ നിയോഗിച്ചില്ലെന്നു എനിക്കറിയില്ല.

ഇവിടെ, സഹോദരൻ ബേൻ, നമ്മുടെ അടുക്കൽ വന്നു. അവൻ കുറെക്കാലമായിട്ടു പ്രസംഗിക്കുന്നു എന്നു ഞാൻ കരുതുന്നു. എന്നിട്ടും

ഇതുവരെ അവൻ ആധികാരികമായി (അവനു കിട്ടി എന്നു ഞാൻ വിചാരിച്ചിരുന്നു; അതുകൊണ്ടാണ് ഞാൻ അവനെ മുകളിലേക്ക് വിളിക്കാതിരുന്നത്) നിയോഗിക്കപ്പെട്ടുകയോ അതല്ല ഇവിടെ വെച്ചു അവന്റെ മേൽ കൈകളെ വെയ്ക്കുകയോ ചെയ്തിട്ടില്ല.

31 ഇപ്പോൾ, സഹോദരൻ ബേനിന്റെ ഭാര്യ ഇവിടെ എവിടെയോ കാണും, അവൾ ഒരു സ്നേഹമേറിയ വ്യക്തിയാണ്. അവൾ ഒരു സ്ത്രീ പ്രാസംഗിക ആയിരുന്നു. അവൾ നമ്മുടെ സഹോദരനുമായി വിവാഹം കഴിഞ്ഞ്, അവൻ അവളെ ടെബർണക്കിളിലേക്ക് കൊണ്ടുവന്നു, അവൾ വചനം കാണുകയും കേൾക്കുകയും ചെയ്തിട്ട്, അവൾ ഒരു നല്ല വ്യക്തിവൈശിഷ്ടമുള്ളവൾ ആയിരുന്നിട്ടും, വചനം കേട്ട മാത്രയിൽ തന്നെ, അതു ഒരു സ്ത്രീ ചെയ്യുന്നതു തെറ്റാണ് എന്നു കണ്ടയുടൻ തന്നെ, അവൾ അതു വശത്തേയ്ക്കിട്ടു; അതു അവളുടെ ഭർത്താവിനു മേൽ വീണതായി കാണുന്നു. അതു ശരിയാം വണ്ണമാണ്. അതു അപ്പോസ്തലിക ഉപദേശമാണ്. അതു ആ വിധത്തിൽ തന്നെ ആയിരിക്കണം.

32 ഞാൻ മനസ്സിലാക്കിയിരിക്കുന്നതു, സഹോദരൻ ബേൻ, തന്റെ ഭാര്യയോടൊപ്പം, ടേപ്പുകൾ എടുത്തുകൊണ്ട് പോകുന്നു. അവർ പുറപ്പെട്ടു പോയി, എത്തിപ്പെടാനാകാത്ത സ്ഥലങ്ങളിലേയ്ക്ക്, മലകളുടെ വളരെ പിന്നിൽ, കാട്ടുകളിലേയ്ക്ക് പോയി, അവർ ടേപ്പുകളെ പ്രവർത്തിപ്പിക്കുകയും, ടേപ്പുകളിലുള്ളതു വിവരിച്ചു കൊടുക്കുകയും ചെയ്യുന്നു. അനേക സമയങ്ങളിൽ അവരെ ഓടിച്ചു വിടുകയും, പുറത്താക്കി കളയുകയും, ദൂരെ വലിച്ചെറിയുകയും ചെയ്തിട്ടുണ്ട്. ഞങ്ങൾ അതു പ്രതീക്ഷിക്കുന്നു. "ക്രിസ്തുയേശുവിൻ ഭക്തിയോടെ ജീവിക്കുന്ന ഏവർക്കും ഉപദ്രവം സഹിക്കേണ്ടി വരും."

33 സഹോദരൻ ബേനിനെ ഇവിടെ എത്രപേർക്ക് അറിയാം? അവൻ ദൈവത്തിന്റെ ദാസനാണെന്നു വിശ്വസിക്കുന്ന എത്രപേരുണ്ട്? [കൂട്ടായ്മ, പറയുന്നു, "ആമേൻ."—Ed.] അവനായി നാം ദൈവത്തോടു ചോദിക്കാൻ പോകുന്ന അനുഗ്രഹങ്ങൾക്ക് അവൻ യോഗ്യനല്ലേ? നോക്കു, അവൻ ഒരു അപരിചിതനല്ല. അവൻ നമ്മോടൊപ്പം ആയിട്ട് വർഷങ്ങൾ വർഷങ്ങൾ ആയിരിക്കുന്നു. വിനയമുള്ള ഒരു മനുഷ്യനായി ഞാൻ അവനെ അറിയുന്നു. അവൻ എന്നെപ്പോലെയാണ്; അവൻ വളരെ തെറ്റുകൾ ചെയ്യുന്നു. നാം എല്ലാവരും അതു ചെയ്യുന്നു. സഹോദരൻ ബേനിനെപ്പറ്റി ഞാൻ വിചാരിക്കുന്നതു എന്തെന്നാൽ, അതു ശരിയാക്കാൻ അവൻ തന്റെ മുട്ടിന്മേൽ ഇഴയാൻ തയ്യാറാണ് എന്നതാണ്.

*വിവാഹവും വിവാഹമോചനവും* എന്നതിന്മേൽ, അവൻ കഴിഞ്ഞ ദിവസം കേട്ടപ്പോൾ, അവനും അവന്റെ ഭാര്യയും തമ്മിൽ വേർപിരിയാൻ തയ്യാറായിരുന്നു, കാരണം അവൻ അവളെ സ്നേഹിച്ചിരുന്നു, അവൾ അവനെ സ്നേഹിച്ചിരുന്നു, എന്നാൽ അവർ ദൈവത്തിന്റെ വചനത്തെ തൃപ്തികരമായി നേരിടാൻ ആഗ്രഹിച്ചിരുന്നു. വചനം എന്തു പറഞ്ഞാലും, അതാണ് അവർ ആഗ്രഹിച്ചിരുന്നതു. അവന്റെ സേവയ്ക്കായി, ദൈവം സഹോദരൻ ബേനിനെയും അവന്റെ ഭാര്യയേയും അനുഗ്രഹിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

നമുക്ക് നമ്മുടെ കരങ്ങളെ സഹോദരൻ ബേനിനുമേൽ വെയ്ക്കാം.

34 പ്രിയ ദൈവമേ, ഞങ്ങൾ സഹോദരൻ ബേനിനെ സ്നേഹിക്കുന്നു എന്നതിന്റെ ഒരു അടയാളമായി, ഞങ്ങൾ ഞങ്ങളുടെ കൈകളെ അവന്റെ മേൽ വെയ്ക്കുന്നു. മാത്രമല്ല കർത്താവെ, നിനക്കായി ഒരു ജോലി ചെയ്യാൻ താല്പര്യമുണ്ടായിട്ട്, മലകളിൽ വസിക്കുന്ന ജനങ്ങളുടെ ഇടയിലും ഞങ്ങൾക്കു ഒരിക്കലും എത്തിപ്പെടാൻ കഴിയാത്ത വഴികളിൽ ഏറ്റവും ദൂരത്ത്, അവനെ ഈ ടേപ്പുകളെ പ്രവർത്തിപ്പിച്ചു കേൾപ്പിക്കാനായി അയയ്ക്കുന്നു, കാരണം സന്ദേശം ലോകത്തെമ്പാടും പോകേണ്ടതുണ്ടെന്നു, ഞങ്ങൾ വിശ്വസിക്കുന്നു. നീ ഞങ്ങളുടെ സഹോദരനെ അനുഗ്രഹിച്ച്, നിന്റെ ആത്മാവിനെ അവനു നൽകി, അതു അവന്റെ മേൽ വരാൻ ഇടയാകട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവനെ നയിച്ചാലും, അവനെയും, അവന്റെ ഭാര്യയേയും വഴിയുടെ ഏറ്റവും അറ്റത്തായി ആ ഒരു പ്രാണൻ ഇരിക്കുന്ന ആ സ്ഥലത്തേയ്ക്കു പോകാൻ നിർദ്ദേശിച്ചാലും, ആ ആടിനെ ഉള്ളിൽ കൊണ്ടുവരുവോളം വാതിലുകൾ അടയുകയില്ല. അങ്ങ് തൊണ്ണൂറ്റിയൊമ്പതുമായി തൃപ്തിയടയുന്നവനല്ല. ആ...പുസ്തകത്തിൽ പേരുള്ള ഓരോരുത്തരെയും അകത്തു കൊണ്ടുവരേണ്ടതുണ്ട്. കർത്താവെ, ഞങ്ങളുടെ സഹോദരനായി അവനെ ചേർക്കാൻ, ഞങ്ങൾ അവന്റെ മേൽ കൈകളെ വെച്ചിരിക്കുമ്പോൾ, അവരെ സഹായിച്ചാലും. അവനായുള്ള ഞങ്ങളുടെ പ്രാർത്ഥനയും സഹായവും അവനോടൊപ്പം പോകട്ടെ. കർത്താവെ, അവൻ എവിടെ പോയാലും, നീ അവനെ അനുഗ്രഹിക്കേണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. യേശുവിൻ നാമത്തിൽ. ആമേൻ.

നിങ്ങളെ അനുഗ്രഹിക്കുന്നു, സഹോദരൻ ബേൻ! ധർമ്മോപദേശികളായ സഹോദരന്മാരായി, കൂട്ടായ്മയുടെ വലങ്കൈ ഞങ്ങൾ നിങ്ങൾക്കു തരുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ.

35 [സഹോദരൻ ഏൾ മാർട്ടിൻ ചോദിക്കുന്നു, "ബ്രദർ ബ്രൺഹാം, താങ്കൾ എന്റെ മേൽ കൈകളെ വെയ്ക്കുമോ, ഒരു ഇടയനായി പ്രവർത്തിക്കാൻ എന്നെ ആധികാരികമായി നിയോഗിക്കുമോ?"—Ed.] ജോൺ മാർട്ടിൻ...["ഏൾ."] ഏൾ.

ഏൾ മാർട്ടിനെ എത്രപേർക്ക് അറിയാം? അവൻ ക്രിസ്തുവിന്റെ ഒരു ദാസനാണെന്നു വിശ്വസിക്കുന്ന എത്രപേരുണ്ട്? അവൻ നമ്മുടെ അടുക്കൽ വന്നിരിക്കുന്നതു ...ആരംഭത്തിൽ, ഒരു പെന്തെക്കോസ്തു കൂട്ടത്തിൽ, നിന്നാണെന്നു ഞാൻ വിശ്വസിക്കുന്നു, ഇപ്പോൾ അവൻ ഇടയന്റെ ജോലിയിലായി സ്വതന്ത്രമായ വേല ചെയ്യുന്നു എന്നു ഞാൻ കരുതുന്നു.

36 ഏൾ ക്രിസ്തുവിന്റെ ഒരു യഥാർത്ഥ ദാസനാണെന്നു ഞാൻ അറിഞ്ഞിരുന്നു. അനേകം ഉണ്ടായിട്ടുണ്ടെങ്കിലും, ഒരെണ്ണം, ഏളുമായിട്ടുള്ള ഒരെണ്ണം ഞാൻ ഒരിക്കലും മറക്കുകയില്ല. ടെക്സാസിലെ, ഡെല്ലാസിൽ ഞാൻ ആയിരുന്നപ്പോൾ ഒരു രാത്രിയിൽ അവർ അവനെ വിളിച്ചിരുന്നതു ഞാൻ ഓർക്കുന്നു; അതോ ഞാൻ—ഞാൻ വിചാരിക്കുന്നതു, അല്ല അതായിരുന്നില്ല...[ഒരു സഹോദരി പറയുന്നു, "ബ്യൂമൌണ്ട്."—Ed.] ടെക്സാസിലെ, ബ്യൂമൌണ്ടായിരുന്നു, ശരിയാണ്, സഹോദരി. പിന്നെ അവർ—അവർ...അവന്റെ കുഞ്ഞു, മരിക്കാറായി കിടന്നിരുന്നു, അത് മുന്നമേ മരിച്ചെന്നാണ് അവർ കരുതിയത്. അതു ശ്വാസം എടുത്തിരുന്നില്ല. ഒരു ഡാഡിയായി, ഏൾ വന്ന് എന്റെ മുറിയിലേയ്ക്ക് കയറി, ഞാൻ കിടക്കയിൽ ആയിരുന്നപ്പോൾ, തോളുകൾ കുനിച്ചു, എന്റെ മുന്നിൽ വന്നു കുനിഞ്ഞു നിന്നു. പുറത്തേയ്ക്കിറക്കി; അവൻ തന്റെ കൈകൾ എന്റെ ചുറ്റിനും ചുറ്റികൊണ്ടു പറഞ്ഞു, "ബ്രദർ, താങ്കൾ ദൈവത്തിന്റെ പ്രവാചകൻ എന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ അതു എപ്പോഴും വിശ്വസിച്ചിരുന്നു. താങ്കൾ ഒരു വാക്കു മാത്രം പറഞ്ഞാൽ, എന്റെ കുഞ്ഞു മരിച്ചെങ്കിലും, അതു ജീവിക്കും." അവന്റെ കുഞ്ഞു ജീവനിലേയ്ക്ക് തിരികെ വന്നു, ജീവിച്ചിരിക്കുന്നു.

37 ഈ വിശ്വാസികളോടൊപ്പം അവനും കൂട്ടായ്മയുടെ വലങ്കൈ ലഭിക്കാൻ യോഗ്യതയുണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നോ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.]

സഹോദരന്മാരെ, നമ്മുടെ കൈകൾ അവന്റെ മേൽ വെയ്ക്കുമ്പോൾ, നമുക്ക് പ്രാർത്ഥിക്കാം.

38 കൃപാലുവായ സ്വർഗ്ഗീയ പിതാവെ, വീണ്ടും, ഞങ്ങളുടെ സഹോദരനായ മാർട്ടിന്റെ മേൽ, ഞങ്ങൾ കൈകളെ വെയ്ക്കുന്നു. കർത്താവെ, അവൻ പോകേണ്ടതുണ്ട് എന്നു നീ നിയോഗിച്ചിരിക്കുന്ന ഏതൊരു സ്ഥലത്തേക്കും; അതു എന്തുതന്നെയായാലും, അനേകരോ

കുറച്ചോ, ഇടുങ്ങിയ വഴിയോ, പെരുവഴിയോ, അതു വേലികെട്ടി അടച്ചിരിക്കുന്നിടത്തേക്കും, ഞങ്ങൾ അവനെ അയയ്ക്കുന്നു. അതു എവിടെയായാലും, കർത്താവെ, നിന്റെ അനുഗ്രഹങ്ങൾ അവനോടൊപ്പം ആയിരിക്കട്ടെ. നിന്റെ വിജയമായി ഞങ്ങൾ അവനെ ക്ഷണിക്കുകയും ഞങ്ങളുടെ കൈകളെ അവന്റെ മേൽ വെച്ചുകൊണ്ട് ഞങ്ങളുടെ അനുഗ്രഹങ്ങളെ അവനു കൊടുക്കുന്നു, അത് കർത്താവെ, ഞങ്ങളുടെ മേലുള്ള ആത്മാവ്, അവനോടൊപ്പം പോകാനിടയായി, പെരുവഴികളിലും വേലികെട്ടി വെച്ചിരിക്കുന്നിടത്തുമുള്ള നഷ്ടപ്പെട്ട പ്രാണനുകളിലേയ്ക്ക് അവനെ നയിച്ച് അവനെ നിർദ്ദേശിക്കാൻ ഇടവരട്ടെ. ഞങ്ങൾ അവനെ യേശുക്രിസ്തുവിന്റെ നാമത്തിൽ അയയ്ക്കുന്നു. ആമേൻ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരൻ മാർട്ടിൻ. ഇപ്പോൾ പോകുക, കർത്താവ് നിങ്ങളോടൊപ്പം ആയിരിക്കട്ടെ.

39 അതേ ഉദ്ദേശ്യത്തിനായിട്ടാണോ? [സഹോദരൻ റിച്ചാർഡ് ബ്ലെയർ ബ്രദർ ബ്രൺഹാമിനോടു സംസാരിക്കുന്നു—Ed.] റിച്ചാർഡ് എന്നാണോ താങ്കളുടെ പേര്? ["ശരിയാണ്. റിച്ചാർഡ് ബ്ലെയർ."] റിച്ചാർഡ് ബ്ലെയറിനെ എത്രപേർക്ക് അറിയാം? അവൻ ഒരു ദൈവ ദാസനാണെന്നു വിശ്വസിക്കുന്ന എത്രപേരുണ്ട്? അവൻ ഇവിടെ യുണൈറ്റഡ് പെന്തെക്കോസ്തു സഭയുടെ കൂട്ടരിൽ നിന്നും വന്നിരിക്കുന്നു.

പിന്നെ സഹോദരൻ, സഹോദരൻ ബ്ലെയർ, അവന്റെ, മഹത്തായ വിളി ഞാൻ ഓർക്കുന്നു. സഹോദരൻ ബ്ലെയർ എന്നെ വിശ്വസിക്കാൻ കൂട്ടാക്കാതിരുന്ന സമയത്തെപ്പറ്റി ഞാൻ ഓർക്കുന്നു, കാരണം ഒരു ആത്മാവ് അവനിൽ പ്രവർത്തിച്ചിട്ട്, ഞാൻ തെറ്റായിരുന്നു എന്നു അവനോടു പറഞ്ഞിരുന്നു. അങ്ങനെ അവൻ അവിടെ യോഗത്തിൽ ഇരിക്കുമ്പോൾ തന്നെ, പരിശുദ്ധാത്മാവ് ചുറ്റിനും തിരിഞ്ഞ് അതിനെ വിളിച്ചു. [സഹോദരൻ ബ്ലെയർ പറയുന്നു, "അതു ശരിയാണ്."—Ed.] അവൻ ഒരു—ഒരു തകർച്ചയിലേയ്ക്ക് വരികയായിരുന്നു, അതായിരുന്നു അവനെ ആ ആകൃതിയിലേയ്ക്ക് കൊണ്ടുവന്നുകൊണ്ടിരുന്നത്.

കൂടാതെ അവന്റെ പ്രിയ ഭാര്യ എന്നെ ഒരു ദിവസം വിളിച്ചതും ഞാൻ ഓർക്കുന്നു. അവൾ പറഞ്ഞു, "ബ്രദർ ബ്രൺഹാം, റിച്ചാർഡ് മരിക്കാൻ പോകുന്നു എന്നു ഞാൻ വിചാരിക്കുന്നു." അവൾക്കു ഒരു സ്കാർഫ്, ഉണ്ടായിരുന്നു, എന്നു ഞാൻ കരുതുന്നു. പ്രാർത്ഥിക്കുമ്പോൾ, അവളോടു അതു ചെയ്യാനായി ഞാൻ ആവശ്യപ്പെട്ടു, അവൾ പോയി

അതു അവന്റെ മേൽ ഇട്ടു. ഇതാ അവൻ ഇവിടെയാണ്. [സഹോദരൻ ബ്ലെയർ പറയുന്നു, "ആമേൻ."—Ed.]

40 ഒരു ചെറിയ കുട്ടി ഒരു അപകടത്തിൽ പെട്ടുകയോ അതോ... [സഹോദരൻ ബ്ലെയർ പറയുന്നു, "എന്റെ ആൺകുഞ്ഞാണ്."—Ed.] അവന്റെ മകൻ, ഒരു അപകടത്തിൽ പെട്ട്, വീഴ്ചയാൽ തലച്ചോറിനുണ്ടാകുന്ന ഒരു ക്ഷതം സംഭവിച്ച്, അവർ അതിൽ പ്രതീക്ഷ വെച്ചിരുന്നില്ല. ഫോണിലൂടെയുള്ള, പ്രാർത്ഥനയാൽ, ആ ബാലനു സുഖം പ്രാപിച്ചു. ["ആമേൻ."]

സഹോദരൻ ബ്ലെയർ ക്രിസ്തുവിന്റെ ഒരു സത്യ സാക്ഷിയാണെന്നു നിങ്ങൾ വിശ്വസിക്കുന്നോ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] നിങ്ങളുടെ അനുഗ്രഹങ്ങൾ അവനോടൊപ്പം പോകാൻ നിങ്ങൾ പ്രാർത്ഥിക്കുക.

സഹോദരന്മാരെ, അവന്റെ മേൽ കൈ വെച്ചാലും.

41 പ്രിയ ദൈവമേ, വെളിച്ചത്തിൽ നടക്കാനായി, തന്റെ കൂട്ടരെ വിട്ടുവന്ന, ഞങ്ങളുടെ സൌമ്യനും വിലയേറിയ സഹോദരനുമായ, നിന്റെ ദാസനെ തിരിച്ചറിയിക്കേണമെ. പിതാവെ, ഞങ്ങളുടെ അനുവാദവും അനുഗ്രഹങ്ങളുമായി, നീ അവനെ വിളിച്ചിരിക്കുന്ന ഏതു വിധത്തിലെ ജോലിയിലേയ്ക്കും, ഞങ്ങൾ അവനെ അയയ്ക്കുമ്പോൾ, നീ ഞങ്ങളുടെ സഹോദരൻ ബ്ലെയറിനെ അനുഗ്രഹിച്ച്, കർത്താവെ കൂടെയിരിക്കാനായി, ഞങ്ങളുടെ കൈ അവന്റെ മേൽ വെച്ചുകൊണ്ട്, ഞങ്ങൾ പ്രാർത്ഥിക്കുന്നു. സഹോദരൻ ബ്ലെയറിനോടൊപ്പം നിന്റെ ആത്മാവ് പോകാൻ ഇടയായിട്ട്, നഷ്ടപ്പെട്ട ആ ആടിനെ കണ്ടുമുട്ടി, അവൻ അതിനെ കൂട്ടത്തോടൊപ്പം കൊണ്ടുവരാൻ ഇടവരേണ്ടതിനു, ഈ ലോകത്തിൽ നഷ്ടപ്പെട്ടും മരിച്ചും കൊണ്ടിരിക്കുന്നതിന്റെ അടുത്തേക്ക് പോകാൻ അവനെ നിർദ്ദേശിച്ചാലും. അതു എവിടെയായിരുന്നാലും, കർത്താവെ, നിനക്കായി അവൻ ചെയ്യേണ്ടതു എന്തായാലും, അവന്റ ജീവിത യാത്രയിലുടനീളം നിന്റെ ആത്മാവ് അവനെ വഴികാട്ടട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങൾ അവന്റെ സഹോദരന്മാരാകുന്നു. കൂട്ടായ്മയുടെ വലങ്കൈ നൽകിക്കൊണ്ട്, നീ അവനോടൊപ്പം പോകാനായി, യേശുക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമേൻ.

കൂട്ടായ്മയുടെ വലങ്കൈ! ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരൻ ബ്ലെയർ. നൂറു ശതമാനം ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്, നിങ്ങൾക്കായി പ്രാർത്ഥിക്കുകയും മുന്നോട്ടു പോകുമ്പോൾ ഞങ്ങളാൽ

കഴിയുന്ന എന്തു സഹായവും ഞങ്ങൾ ചെയ്യുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

42 [സഹോദരൻ മെർലിൻ അന്തോൻ പറയുന്നു, "ആധികാരികമായി നിയോഗിക്കപ്പെടാൻ, ബ്രദർ ബ്രൺഹാം, എനിക്കും ആവശ്യം."—Ed.] പറഞ്ഞത് എന്താണ്? ["ആധികാരികമായ നിയോഗിക്കൽ."] നിങ്ങൾ ആരാണ്? ["മെർലിൻ അന്തോൻ."] മെർലിൻ അന്തോൻ. ["ഞാൻ സഭയിലാണ്."] എവിടെ? ["ഇവിടുള്ള സഭയിൽ."] സഭയിലാണ്. സഹോദരൻ മെർലിൻ അന്തോനെ അറിയുന്ന ആരെങ്കിലും ഉണ്ടോ? അവനെ എനിക്കു നല്ല പരിചയമില്ല. ["സാൽവേഷൻ ആർമിയിൽ ആയിരുന്നു. എന്നെ ഓർക്കുന്നില്ലേ?"] ഓ, അതെ, സഹോദരൻ, എന്നോടു ക്ഷമിക്കണം.

സാൽവേഷൻ ആർമിയിൽ നിന്നും, അതു ശരിയാണ്, ഞാൻ അവനെ ഓർക്കുന്നു. തീർച്ചയായും, ഇപ്പോൾ എനിക്ക് അവനെ അറിയാം. ഞാൻ അല്പം ഒന്നു...ഈ സമയത്തു, അന്നു അവന്റെ മുഖം ആയിരുന്നതുപോലെ ഇന്നു സുപരിചിതം ആകാതിരുന്നതിനാലണ്. അവൻ ഒരു ദൈവ പുരുഷനാണെന്നു അറിയുന്ന എത്രപേരുണ്ട്? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] ദൈവം അവനിലൂടെ പ്രവർത്തിക്കുന്നു എന്നു വിശ്വസിക്കുന്ന എത്രപേരുണ്ട്, നിങ്ങളുടെ കൈ ഉയർത്തിയാലും. ["ആമേൻ."] നിങ്ങൾ അവനായി പ്രാർത്ഥിക്കുമോ? ["ആമേൻ."]

43 ഇപ്പോൾ, സഹോദരാ, നീ ഒരു വലിയ കൂട്ടം ജനങ്ങളുടെ ഇടയിൽ നിന്നും വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു, സാൽവേഷൻ ആർമി, അവർ വലിയ കൂട്ടരാണ്. എന്നാൽ, സാൽവേഷൻ ആർമി ഒരു മഹത്തായ പ്രവർത്തി തെരുവിൽ ചെയ്യുന്നു. നാസ്സറീനെയോ, പെന്തെക്കോസ്തു സഭയ്ക്കോ, അതല്ല സാൽവേഷൻ ആർമിക്കോ അതുമല്ല അവരിൽ ഒരു കൂട്ടർക്കെതിരായും നമുക്ക് ഒന്നും പറയാൻ കഴിയില്ല; അവർ നമ്മുടെ സഹോദരന്മാരാണ്. എന്നാൽ, നിങ്ങൾ നോക്കു, ഇപ്പോൾ നാം ജീവിക്കുന്ന ഈ മണിക്കൂറിലേയ്ക്കുള്ള ഒരു മഹത്തായ സന്ദേശത്തെ നാം ചുമന്നുകൊണ്ടു പോകുന്നു എന്നു വിശ്വസിക്കുന്നു. അതു നിങ്ങൾ ഞങ്ങളൊടൊപ്പം ചുമക്കാൻ ആഗ്രഹിക്കുന്നോ? [സഹോദരൻ അന്തോൻ പറയുന്നു, "ആമേൻ."—Ed.]

ഞങ്ങളുടെ സഹോദരന്റെ മേൽ ഞങ്ങൾ കൈകളെ വെയ്ക്കുമ്പോൾ നമുക്ക് നമ്മുടെ തലകളെ വണക്കാം.

44 പ്രിയ സ്വർഗ്ഗീയ പിതാവെ, വിളിക്കുന്നവൻ നീ ഒരുവനാണ്. അവർക്കു വിശ്വസിക്കാൻ തക്കവണ്ണം, നീ ഒരുവനാണ് വചനത്തെ

ഉദ്ദീപിക്കുന്നതു. നീ അവനോടൊപ്പം ഉണ്ടെന്നും നീ അവനെ സഹായിക്കും എന്നു ഞങ്ങൾ വിശ്വസിച്ചുകൊണ്ടു ഒരു അനുവാദമായി, ഞങ്ങളുടെ വിലയേറിയ സഹോദരന്റെ മേൽ ഞങ്ങളുടെ കൈകൾ വെച്ചിരിക്കുന്നു. അവനോടൊപ്പം ഞങ്ങളുടെ അനുഗ്രഹങ്ങളെ ഞങ്ങൾ അയയ്ക്കുന്നു, അതു ഞങ്ങൾ ആരെ വിശ്വസിച്ചിരിക്കുന്നു എന്നും അതിനാൽ ഞങ്ങൾ മരണത്തിൽ നിന്നും ജയിച്ച് ജീവങ്കലേയ്ക്ക് കടന്ന് ഇപ്പോൾ ഞങ്ങളുടെ ഹൃദയത്തിൽ ഉദ്ദീപിക്കുന്ന ശക്തി, ദൈവത്തിന്റെ കൃപയാൻ പിടിച്ചിരിക്കുന്നു എന്നുള്ളതുമാകുന്നു. ഞങ്ങളുടെ സഹോദരന്റെ മേൽ ഞങ്ങളുടെ കൈകളെ വെച്ചുകൊണ്ട് ഞങ്ങളുടെ അനുഗ്രഹങ്ങളെ അവനോടൊപ്പം അയയ്ക്കുന്നു, അതിനാൽ ഭൂമിയിലെ ഒരോ പൊത്തിലേക്കും, കർത്താവെ, അവൻ പോകാനായി നീ നിയോഗിച്ചിരിക്കുന്ന ഓരോ സ്ഥലത്തേക്കും, നീ അവനെ നയിക്കുകയും അവനെ വഴികാട്ടുകയും അവനെ നിർദ്ദേശിക്കുകയും ചെയ്യേണമെ. നിന്റെ ആത്മാവ് അവനോടൊപ്പം പോയി അവനു ആരോഗ്യവും, ബലവും, അവന്റെ മിനിസ്ട്രിയിൽ അവനു ജയവും നൽകേണമെ, ഞങ്ങൾ അവനെ യേശുക്രിസ്തുവിന്റെ നാമത്തിൽ അയയ്ക്കുന്നു. ആമേൻ.

45 ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ. അതാണ് കൂട്ടായ്മയുടെ വലങ്കൈ, എന്നു നിങ്ങൾക്കറിയാം, അങ്ങനെയുള്ള സഹോദരന്മാർ, സഹോദരന്മാർ അവന്റെ കൈ പിടിച്ചു കുലുക്കുന്നു. അതിനാൽ നിങ്ങൾ...ശരി. കർത്താവ് നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

46 [സഹോദരൻ കാറൽ പറയുന്നു, "ആധികാരികമായ എന്നെ—എന്നെ ഒരിക്കലും ചെയ്തിട്ടില്ല. അവരോടു ചെയ്തതുപോലെ, യേശുവിൻ നാമത്തിൽ, താങ്കൾ എന്റെ മേലും കൈ വെക്കാനായി ആഗ്രഹിക്കുന്നു."—Ed.] താങ്കൾ, താങ്കൾ ആഗ്രഹിക്കുന്ന എന്തും. താങ്കളുടെ...["അവരോടു ചെയ്തതുപോലെ ചെയ്യാനുള്ള സമയം ആയിരിക്കുന്നു."] ഇപ്പോൾ താങ്കളുടെ പേർ എന്താണ്? [ബ്രദർ കാറൽ, സിൻസിനാറ്റിൽ നിന്നുമാണ്."] സഹോദരൻ കാറൽ.

[സഹോദരൻ കാറൽ പറയുന്നു, "ഞാൻ ആധികാരികമായി നിയോഗിക്കപ്പെട്ട ഒരു ധർമ്മോപദേശിയാണ്, എന്നാൽ ആ സഹോദരൻ സ്ത്രീകളെ ധർമ്മോപദേശികളായി നിയോഗിക്കുന്നതിനാൽ, എനിക്ക് അതു ആ സഹോദരനുമായി യോജിക്കാനായില്ല, അതുകൊണ്ട് ഞാൻ അതിൽ നിന്നും വിട്ടു പോന്നു."—Ed.]

ഈ സഹോദരൻ കാറൽ സിൻസിനാറ്റിയിൽ നിന്നുമാണ്. സഹോദരൻ കാറലിനെ അറിയുന്ന ആരെങ്കിലും ഉണ്ടോ, നിങ്ങളുടെ ഉയർത്തി...സിൻസിനാറ്റിയിൽ നിന്നും ആയതിനാൽ, ആരെങ്കിലും അറിയുമോ, എന്നു ഞാൻ സംശയിക്കുന്നു. അദ്ദേഹം ഒരു കൂട്ടത്തോടൊപ്പം ആയിരുന്നു എന്നു അദ്ദേഹം പറയുന്നു, ആ കൂട്ടർ ധർമ്മോപദേശികളായി സ്ത്രീകളെ നിയമിക്കുന്നു. അതിനായി അദ്ദേഹത്തിനു നില്ക്കാനായില്ല, അതുകൊണ്ട് അദ്ദേഹത്തിനു അതിൽ നിന്നും വേർപിരിയേണ്ടി വന്നു.

കൃത്യമായും അങ്ങനെയാണ് ഞാൻ ബാപ്റ്റിസ്റ്റ് മിഷ്ണറിയിൽ നിന്നും വേർപിരിഞ്ഞത്. ഡോക്ടർ റോയ് ഇ. ഡേവിസ്, അദ്ദേഹത്തെ കേട്ടവരായി എത്രപേരുണ്ട്? തീർച്ചയായും, നിങ്ങൾ കേട്ടിട്ടുണ്ട്, നോക്കൂ. അദ്ദേഹം കുറച്ചു സ്ത്രീ പ്രാസംഗികരെ നിയോഗിക്കാൻ ആഗ്രഹിച്ചു, ഞാൻ പറഞ്ഞു, “ഇല്ല, സർ. ഒരു മൂപ്പനായി,” ഞാൻ പറഞ്ഞു, “എനിക്കു അതു, ബോധപൂർവ്വം, ചെയ്യാനാകില്ല. അതു ദൈവ വചനത്തിനു എതിരാണ്.”

47 സഹോദരൻ കാറൽ, താങ്കളെ എനിക്കറിയില്ല. എന്നാൽ താങ്കളുടെ സാക്ഷ്യം ഹേതുവായി, സത്യത്തിനായി താങ്കൾ നിലകൊള്ളുന്നു എന്ന ആ സത്യത്തിനായി...ആ സ്ത്രീകൾക്ക് എതിരായി ഞങ്ങൾക്ക് ഒന്നും തന്നെയില്ല. അവർ സഹോദരികളാണ്. ഞങ്ങൾ അവരെ സ്നേഹിക്കുന്നു. എന്നാൽ അവർക്ക് അവരുടെ ഒരു സ്ഥാനം കിട്ടിയിട്ടുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു, അതിൽ തന്നെ അവർ തികച്ചും നിന്നിരിക്കണം. കാണുന്നോ? മാത്രമല്ല അവർ പുരുഷനു, ഒരു സഹായിയും, ഒരു ഓമനയും ആണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഒരു അർത്ഥത്തിലും... രക്ഷ കഴിഞ്ഞാൽ, ദൈവം ഒരു മനുഷ്യനു കൊടുക്കുന്ന ഏറ്റവും നല്ല സമ്മാനമാണ്, അവരെന്നു ഞങ്ങൾ വിചാരിക്കുന്നു. ദൈവ വചനപ്രകാരം, അവൾക്കു പുൾപ്പിറ്റിൽ ഒരു സ്ഥാനവുമില്ല. ആ അടിസ്ഥാനത്തിലും, ദൈവത്തിന്മേലുള്ള നിങ്ങളുടെ വിശ്വാസത്തിലും, കൂട്ടായ്മക്കായി, വന്നു ഞങ്ങളോടൊപ്പം പോകാൻ, ഞങ്ങൾ നിങ്ങളുടെ മേൽ കൈകളെ വെയ്ക്കുന്നു.

നമ്മുടെ കൈകളെ അദ്ദേഹത്തിന്റെ മേൽ വെയ്ക്കാം.

48 ഞങ്ങളുടെ പ്രിയ സ്വർഗ്ഗീയ പിതാവെ! ഈ ചെറുപ്പക്കാരനായ മനുഷ്യൻ, അവനു എങ്ങനെ അനുഭവപ്പെടുന്നു എന്ന് എനിക്ക് ഇപ്പോൾ അറിയാനായതേയുള്ളൂ. ഒരു വാസ്തവമായ സത്യത്തിനായി അവൻ പുറത്തേക്ക് വന്നിരിക്കുന്നു. അതു, “മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ഓരോ വചനം കൊണ്ടു ജീവിക്കേണം,” എന്നതാകുന്നു.

അതുകൊണ്ട് ഞങ്ങൾ കൈ അവന്റെ മേൽ വെച്ചുകൊണ്ട്, ഞങ്ങളുടെ അനുഗ്രഹങ്ങളെ അവന്റെ മേൽ ഇടുന്നു. നിന്റെ ആത്മാവ് അവനെ നയിച്ച്, അവനു വഴികാട്ടി, കർത്താവെ, അവന്റെ ജീവിത യാത്രയിൽ നീ അവനെ അയയ്ക്കുന്നിടത്തെല്ലാം അവനെ നിർദ്ദേശിച്ചാലും. ഞങ്ങൾ അവനായി പ്രാർത്ഥിക്കുന്നു എന്നും, അവനു ഒരു സഹായം ആയിരിക്കും എന്നും, സത്യത്തിനായി അവൻ നിലകൊള്ളുന്ന കാലത്തോളം അവനായി നിൽക്കും എന്നും അവൻ അറിയാൻ ഇടയാകട്ടെ. ഇതു അനുവദിച്ചാലും, കർത്താവെ, യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അവനെ അയയ്ക്കുന്നു. ആമേൻ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരൻ കാറൽ.

വ്യത്യസ്തരായ ഓരോരുത്തരെയും, നിങ്ങളുടെ മേൽ കൈകളെ വെയ്ക്കാനായി ഇപ്പോൾ കിട്ടിയതേയുള്ളൂ. അതിനായി നിങ്ങൾ എല്ലാവരും കൂട്ടായ്മയുടെ വലങ്കരം നൽകാൻ തയ്യാറാകണം.

49 സഹോദരൻ റൂഡേൽ, ഇവിടെ, ഇവിടെ സഭയിൽ ആധികാരികമായ ഇതുവരെയും നിയോഗിക്കപ്പെട്ടിട്ടില്ല. കഴിയും... സഹോദരൻ റൂഡേലിനെ അറിയുന്ന എത്രപേരുണ്ട്? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] നാം എല്ലാവരും അവനെ അറിയുന്നു. അദ്ദേഹം ഒരു ദൈവ പുരുഷനാണെന്നു അറിയുന്ന എത്രപേരുണ്ട്? ["ആമേൻ."]

പ്രിയ സ്വർഗ്ഗീയ പിതാവെ, ആഴമേറിയ കലക്കവെള്ളത്തിലൂടെ, കടന്നു വന്ന ഈ സഹോദരനുമേൽ, നിന്റെ മൂപ്പന്മാരായി ഞങ്ങൾ ഞങ്ങളുടെ കൈകളെ വെയ്ക്കുന്നു. അവന്റെ കൂട്ടായ്മ താഴേയ്ക്കു വീഴുന്നതു അവൻ കണ്ടിരുന്നു. സകലതും സംഭവിക്കുന്നതു അവൻ കണ്ടിട്ടും, വിശ്വസിച്ചിരുന്നില്ല. എന്നിട്ടും...?...ഞങ്ങളുടെ കൈകളെ അവന്റെ മേൽ വെച്ചുകൊണ്ട്, ഞങ്ങളുടെ അനുഗ്രഹങ്ങളെ അവനിലേയ്ക്ക് അയയ്ക്കുന്നു. അവനെ ശക്തിയായി, വചനത്താൽ, അഭിഷേകം ചെയ്തു, ഭൂമിയുടെ ഓരോ പൊത്തിലേക്കും അയച്ചാലും, കർത്താവെ!...?... അവനെ സഹായിക്കാനായി അവന്റെ മേൽ ഉണ്ടായിരിക്കട്ടെ. യേശുക്രിസ്തുവിന്റെ നാമത്തിൽ, അവനെ അയയ്ക്കുന്നു. ആമേൻ.

50 സഹോദരൻ റൂഡേൽ, താങ്കൾക്ക് കൂട്ടായ്മയുടെ വലങ്കൈ എപ്പോഴും കിട്ടിയിരുന്നു. സഹോദരൻ റൂഡേലിനെ എനിക്കറിയാം. കാഴ്ചയ്ക്ക്—എന്റെ സ്വന്ത മകനെപ്പോലെയാണ്. അവന്റെ ഡാഡിയും എന്റെ, അമ്മയും, വളരെ നാളുകളായി തമ്മിൽ തമ്മിൽ അറിയും. സഹോദരൻ റൂഡേൽ ഒരു ദൈവ ദാസനായിത്തീരും എന്നെനിക്കറിയാമായിരുന്നു. ഞാൻ അവനോടൊപ്പം സേവ

ചെയ്തിട്ടുണ്ട്. ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ, സഹോദരൻ റൂഡേൽ.

51 അവന്റെ പേർ എന്താണ്? നിങ്ങൾ ആരാണ്, സഹോദരാ? [ആരോ പറയുന്നു, "സഹോദരൻ മാർട്ടിന്റെ അളിയനാണ്."—Ed.] സഹോദരൻ മാർട്ടിൻ, സഹോദരൻ മാർട്ടിൻ, താങ്കൾക്കറിയാമോ?

താങ്കളുടെ പേർ എന്താ? [ആ സഹോദരൻ പറയുന്നു, റെവ. മെക്കോമാസ്."—Ed.] സഹോദരൻ മെക്കോമാസ്. അദ്ദേഹത്തെ അറിയുന്ന ആരും തന്നെ ഇവിടെയില്ലെന്നു ഞാൻ കരുതുന്നു, എന്നാൽ അദ്ദേഹം ഒരു...അതെ, ഈ മനുഷ്യൻ ഇദ്ദേഹത്തെ അറിയും, സഹോദരൻ ടൈലർ. അദ്ദേഹം ഒരു സുവിശേഷ വാഹകനായി തീരാൻ, അദ്ദേഹത്തിന്റെ മേൽ കൈകളെ വെയ്ക്കാൻ വേണ്ടിയാണ് അദ്ദേഹം...വന്നിരിക്കുന്നതു. സഹോദരൻ മെക്കോമാസ്, സഹോദരൻ മെക്കോമാസ്, താങ്കൾ എവിടെ നിന്നാണ്? [ഇല്ലിനോയിസിലെ, റോക്ക്ഫോർഡ്."] ഇല്ലിനോയിസിലെ, റോക്ക്ഫോർഡ്. [കഴിഞ്ഞ ആഴ്ചയിൽ, കഴിഞ്ഞ തിങ്കളാഴ്ച രാത്രിയിൽ, താങ്കൾ എന്റെ വീട്ടിലേയ്ക്ക് വിളിച്ചു, എന്റെ ഭാര്യയ്ക്കു വേണ്ടി പ്രാർത്ഥിച്ചിരുന്നു."—Ed.] ട്യൂസനിൽ നിന്നും, ഓ, അങ്ങനെയോ? ["അരിസോണയിലെ, ട്യൂസൻ."] ഓ, ആ വിളി ഞാൻ ഇപ്പോൾ ഓർക്കുന്നു. ["അവൾ അടുത്ത ദിവസം രാവിലെ എഴുന്നേറ്റു."] ദൈവത്തിനു സ്തുതി!

[സഹോദരൻ മാർട്ടിൻ ബ്രദർ ബ്രൺഹാമിനോടു എന്തോ പറയുന്നു—Ed.] പറഞ്ഞതു എന്താ? ["എന്റെ ഇളയ സഹോദരി."] താങ്കളുടെ സഹോദരി. ["അവൾ ഇപ്പോൾ ഇവിടെയുണ്ട്. തളർവാതം പിടിച്ചിരുന്നു."] അങ്ങനെ, ഇപ്പോൾ അവൾ ഇവിടെയുണ്ട്, കഴിഞ്ഞ രാത്രിയിൽ, ട്യൂസനിൽ വെച്ച്, ടെലിഫോണിലൂടെ പ്രാർത്ഥിച്ചിരുന്നു. ["തളർവാതം പിടിപെട്ടിരുന്നു."] തളർ...["അവൾക്കു തളർവാതം പിടിപെട്ടിരുന്നു, ഇപ്പോൾ അവൾ ഇവിടെയുണ്ട്."] കുറച്ചു രാത്രികൾക്കു മുമ്പ്, അവൾക്ക് തളർവാതം പിടിപെട്ടിരിക്കുകയും, ഇപ്പോൾ അവൾ ഇവിടെ ഇരിക്കുകയും ചെയ്യുന്നു. അതു സഹോദരൻ മാർട്ടിൻ അറിയുന്നു, സ്നേഹിതരെ. അദ്ദേഹം സന്ദേശം എടുക്കാൻ ആഗ്രഹിക്കുന്നതിൽ ഒരു അതിശയവുമില്ല!

നമുക്കിപ്പോൾ നമ്മുടെ സഹോദരന്റെ മേൽ കൈകളെ വെയ്ക്കാം.

52 പ്രിയ ദൈവമെ, ഈ മറ്റുള്ളവരോടൊപ്പം, നിന്റെ ദാസനുമേൽ, കൂട്ടായ്മയുടെ വലങ്കൈ നൽകാനും, ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കായും പ്രാർത്ഥിച്ചുകൊണ്ട്...?...ഞാൻ എന്റെ കൈകളെ വെയ്ക്കുന്നു [ബ്രദർ ബ്രൺഹാമിന്റെ പ്രസ്ഥാവന വളരെ നന്നായി കേൾക്കുന്നില്ല—Ed.] ...?...നീ അവനെ ആധികാരികമായി

നിയോഗിക്കാനാകുന്നു. നിന്റെ അനുഗ്രഹങ്ങൾ അവന്റെ മേൽ ഉണ്ടായിരുന്ന് അവനെ നയിക്കുകയും അവനെ നിർദ്ദേശിക്കുകയും ചെയ്യേണമെ, യേശുക്രിസ്തുവിന്റെ നാമത്തിൽ, ആമേൻ.

കൂട്ടായ്മയുടെ വലങ്കൈ, നിങ്ങളോടൊപ്പം ഉള്ളവരോടുമാകുന്നു, എന്റെ സഹോദരാ, അവ നിങ്ങളോടൊപ്പം ഇരിക്കട്ടെ. ദൈവം നിങ്ങളോടു കൂടെയിരിക്കട്ടെ.

53 [ആരോ പറയുന്നു, "ബ്രദർ ബ്രൺഹാം?"] അതെ, സഹോദരാ? ["ഇതിനു വേണ്ടിയും കൂടെ ആഗ്രഹിക്കുന്ന ഒരാളും കൂടെ എനിക്കുണ്ട്."] കുഴപ്പമില്ല, സർ. ഞാൻ വിശ്വസിക്കുന്നതു ഇത്...["സഹോദരൻ ഡാരിസ്."] സഹോദരൻ ഡാരിസ്. എനിക്കറിയില്ല...["സഹോദരൻ ഏളിനെയും, സഹോദരൻ ബ്രേവറിനെയും എനിക്കറിയാം."] ഈ മനുഷ്യൻ സഹോദരൻ ഡാരിസാണ്. താങ്കൾ എവിടെ നിന്നാണ്, സഹോദരാ? ["അർക്കൻസാസിലെ, ബ്ലാക്ക് റോക്ക്."] അർക്കൻസാസിലെ, ബ്ലാക്ക് റോക്ക്. സഹോദരൻ...["എനിക്കു അദ്ദേഹത്തെ അറിയാം, ബ്രദർ."]...അവനെ അറിയുന്നു. മറ്റാരെങ്കിലും, ഞാൻ വിശ്വസിക്കുന്നതു, ഇവിടെ, പറഞ്ഞു...സഹോദരൻ ബ്രൂവർ. ഞാൻ അവരെ ഇന്നു രാവിലെ നേരം കണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. പിന്നെ—പിന്നെ സഹോദരി വെയിലും, സഹോദരൻ വെയിലും, മറ്റുള്ളവരും അവനെ ഒരു ദൈവ പുരുഷനായും, ഒരു ദൈവ ദാസനായും അറിയും എന്നും ഞാൻ നിരൂപിക്കുന്നു. ആശ്ചര്യം!

54 അതെ, ഇപ്പോൾ, എന്റെ പ്രിയ സഹോദരാ, സന്ദേശത്തിന്റെ ഒരു വാഹകനായി, താങ്കൾ ഇതു അറിഞ്ഞിരിക്കാൻ ഞങ്ങൾ ആഗ്രഹിച്ചിട്ട്, ഞങ്ങൾക്കു ചെയ്യാനാകുന്നതെല്ലാം ചെയ്തുകൊണ്ട്, ഞങ്ങൾ താങ്കളുടെ പിന്നിൽ നില്ക്കുന്നു. ഈ സന്ദേശം താങ്കളും വഹിച്ചു കൊണ്ടു പോകാനായി ദൈവം താങ്കളെ നിയമിച്ചിരിക്കുന്ന ലോകത്തിലെ എല്ലായിടത്തേക്കും, പോകാനായി, ഞങ്ങൾ താങ്കൾക്കായി പ്രാർത്ഥിക്കും.

നമുക്ക് നമ്മുടെ കരങ്ങളെ സഹോദരൻ ഡാരിസിനു മേൽ വെയ്ക്കാം.

പ്രിയ ദൈവമേ, ഞങ്ങളുടെ സഹോദരന്റെ മേൽ ഞങ്ങൾ കൈകളെ വെച്ചുകൊണ്ട്, നീ അവനെ അഭിഷേകം ചെയ്യാനായും, അദ്ദേഹത്തിനു കൂട്ടായ്മയുടെ വലങ്കൈ കൊടുത്തുകൊണ്ട്, യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അയയ്ക്കുന്നു. കൂടാതെ...?... അദ്ദേഹത്തിനു കൂട്ടായ്മയുടെ വലങ്കൈ നൽകുന്നു!...?...നിന്റെ ആത്മാവ് അവനോടൊപ്പം പോയി, അവനെ നയിക്കുകയും അവനെ നിർദ്ദേശിക്കുകയും ചെയ്യട്ടെ, യേശുക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ.

55 ഇപ്പോൾ, ഞാൻ വിശ്വസിക്കുന്നതു, സഹോദരൻ ആന്റണി. നിങ്ങളിൽ അനേകർ സഹോദരൻ ആന്റണിയെ അറിയും. അദ്ദേഹം ഇവിടെ നമ്മോടൊപ്പം ആയിട്ട വളരെ കാലമായിരിക്കുന്നു. സ്വയം, ഞാൻ തന്നെ അവൻ ഒരു ദൈവ ദാസനാണെന്നു അറിയുന്നു. അവൻ സമർപ്പിക്കപ്പെട്ട ഒരു ചെറുപ്പക്കാരനാണെന്നു എനിക്കറിയാം. ആധികാരികമായി ഇതുവരെയും അവന്റെ മേൽ കൈകളെ വെച്ചിട്ടില്ല. ഇതു വരുന്നു എന്നവൻ അറിഞ്ഞിരുന്നില്ല, സ്നേഹിതരെ. കാണുന്നോ? ആർക്കും എന്നതുപോലെ ഇപ്പോഴാണ് ആ ശരിയായ സമയം. ആയതിനാൽ കൂട്ടായ്മയുടെ വലങ്കൈ അവനു കൊടുക്കുന്നതിനായി സഹോദരൻ ആന്റണിയുടെ മേൽ ഞങ്ങൾ കൈകളെ വെയ്ക്കാൻ പോകുകയാണ്. നിയോഗിക്കേണ്ടതു ദൈവമാണ്. ഇതു ഞങ്ങൾ ഈ സഹോദരനെ സ്നേഹിക്കുന്നു എന്നും, അവൻ സന്ദേശത്തിൽ, ഞങ്ങളിൽ ഒരുവനാണ് എന്ന്, നിങ്ങളും, നിങ്ങളും അറിയാനായിട്ടാണ്. അവനു ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കാനായി ഞങ്ങൾ ആഗ്രഹിക്കുന്നു, അതാണ് ഞങ്ങൾ അവനായി ചോദിക്കുന്നതു. സഹോദരന്റെ മേൽ, ഞങ്ങൾ കൈകളെ വെയ്ക്കുമ്പോൾ, നമുക്ക് പ്രാർത്ഥിക്കാം.

56 പ്രിയ ദൈവമേ, നിന്റെ ഈ ചെറിയ, എളിയ ഇറ്റലിക്കാരൻ ദാസനെ, കർത്താവെ, കൂട്ടായ്മയുടെ വലങ്കൈ ആധികാരികമായ വലിച്ചു നീട്ടി, തന്റെ മേൽ കൈകളെ വെയ്ക്കാനായി, ഇന്നു രാത്രിയിൽ, സഭയിൽ നിന്നും വന്നിരിക്കുന്നു. നീ അവനെ വിളിച്ചിരിക്കുന്ന ഈ ഭൂമിയുടെ പൊത്തിലേക്ക് പോകാൻ നിന്റെ മഹത്തായ ശക്തി ഈ ചെറുപ്പക്കാരനായ ബാലനുമേൽ അയയ്ക്കേണമെ, കർത്താവെ. അവൻ പോകാൻ ഇടയായിട്ട്, ആ ജനങ്ങളെ പാപത്തിൽ നിന്നും രോഗത്തിൽ നിന്നും വിടുവിച്ചുകൊണ്ട്, അവന്റെ ജീവിതത്തിലുടനീളം നിന്നെ സേവിക്കാൻ ഇടയാകട്ടെ, കർത്താവെ. നീ അവനെ നയിച്ചാലും, അവനു വഴികാട്ടിയാലും. യേശുക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങൾ അവനെ അയയ്ക്കുമ്പോൾ, ഞങ്ങളുടെ അനുഗ്രഹങ്ങൾ അവനോടൊപ്പം പോകാൻ ഇടയാകട്ടെ. ആമേൻ.

ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

57 [ആരോ ഒരാൾ ബ്രദർ ബ്രൺഹാമിനോടു സംസാരിക്കുന്നു—Ed.] ഹാ? ഓ, എനിക്കറിയില്ല. ഒരു മിനിട്ടിനു അമ്പതു സെന്റ്സ് എന്ന നിരക്കിൽ; നമ്മെ ഒരു ടെലിഫോണുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഇവിടെ ഇനിയും ആരെങ്കിലും ആഗ്രഹിക്കുന്നവരായിരുന്നിട്ട്...

ഇവിടെ കയറി വന്നു, നിങ്ങൾ ആരാണെന്നു, നിങ്ങളുടെ പേരുകൾ വിളിച്ചു പറയൂ, സഹോദരാ, നേരെ ഉച്ചഭാഷിണിയുടെ അടുത്തു *ഇവിടെ* വരൂ. അവരോടു ഒന്നു പറയൂ. [ഓരോ സഹോദരനും തന്റെ പേർ പറയേണം, "പാറ്റ് ടൈലർ," "ക്ലൌഡേ ബോഗ്ഗസ്സ്," "ഡെലെ പോട്ടർ," "...?...ഹെനാസെ," "ജെയിംസ് ഹ്യൂംസ്," "ഏൾ ഹോർണർ."—Ed.] ഇവരാണോ അവർ? [ആരോ ഒരാൾ പറയുന്നു, "അതെ."] എന്റെ സഹോദരന്മാരെ.

പുരുഷന്മാരെ, ഈ സന്ദേശം ദൈവ വചനത്തിൽ നിന്നുമുള്ള സത്യമാണെന്നു നിങ്ങൾ വിശ്വസിക്കുന്നോ? [സഹോദരന്മാർ പറയുന്നു, "ആമേൻ."—Ed.] നിങ്ങൾ അതു പൂർണ്ണ ഹൃദയത്തോടും കൂടെ വിശ്വസിക്കുന്നോ? ["ആമേൻ."] ശരി. നിങ്ങൾ ഇച്ഛിക്കുന്നതുപോലെ, ഞങ്ങൾ നിങ്ങളുടെ മേൽ കൈകളെ വെച്ചാൽ...ഞങ്ങളോടൊപ്പം ആണെന്നു നിങ്ങൾ അറിഞ്ഞിരിക്കാനായി ഞങ്ങൾ ആഗ്രഹിക്കുന്നു, ഞങ്ങളാൽ നിങ്ങളെ സഹായിക്കാനാകുന്ന സകലത്താലും ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാനും കഴിയും.

അതിനാൽ എനിക്കും കൂടെ അവരുടെ മേൽ കൈകളെ വെയ്ക്കേണ്ടതിനു, സഹോദരന്മാരെ ഇപ്പോൾ നിങ്ങൾ ഇവിടെ മുകളിൽ കയറി വരാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ അവരുടെ മേൽ കൈകളെ വെയ്ക്കുമ്പോൾ, നമുക്ക് നമ്മുടെ തലകളെ വണക്കാം.

പ്രിയ ദൈവമേ, ഇവിടെ ഒരു കൂട്ടം പുരുഷന്മാരുണ്ട്. ദൈവ പുത്രനായ, യേശുക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ അവരുടെ ഓരോരുത്തരുടെയും മേൽ എന്റെ കൈകളെ വെയ്ക്കുന്നു. നീ അവരെ ദൈവ വേലക്കാരായി വിളിച്ചിരിക്കുന്നു, കർത്താവെ, ജീവിതത്തിലുടനീളം അവർ അതു പ്രസംഗിക്കാൻ ഇടയാകട്ടെ. മാത്രമല്ല...?...ഓരോ സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കാനിടയാകട്ടെ. ഞങ്ങൾ അവർക്ക് കൂട്ടായ്മയുടെ വലകൈ കൊടുത്തുകൊണ്ട്, കർത്താവെ, നിന്റെ അനുഗ്രഹങ്ങൾ അവരോടൊപ്പം ആയിരിക്കാനായി പ്രാർത്ഥിക്കുന്നു, ഞങ്ങൾ അവരെ അനുഗ്രഹിച്ചുകൊണ്ട്, ഞങ്ങളുടെ അനുഗ്രഹങ്ങളെ അവരിൽ അയയ്ക്കുന്നു. അവരെ പോകാനായി നീ വിളിച്ചിരിക്കുന്ന ഭൂമിയുടെ ഓരോ പൊത്തിലേക്കും അതു അവരോടൊപ്പം പോകാനിടയാകട്ടെ. നീ അവരെ വിളിച്ചിരിക്കുന്ന അടിമത്വത്തിൽ കീഴിൽ അവർ നിന്നെ സേവിക്കാനും വേല ചെയ്യുവാനും ഇടവരട്ടെ. അവർ ധൈര്യശാലികളും ദൈവത്തിന്റെ യഥാർത്ഥ ദാസന്മാരും ആയിത്തീരട്ടെ. ഇതു അനുവദിക്കേണം, കർത്താവെ. ഇതു ഞങ്ങൾ യേശുക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു.

58 ഓരോ, സഹോദരനെയും, ദൈവം അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരൻ ഹ്യൂംസ്. കർത്താവ് നിങ്ങളോട്ടു, ഓരോരുത്തരോടും കൂടെ ആയിരിക്കട്ടെ.

ബന്ധിക്കുന്ന ബന്ധനം അനുഗ്രഹീതമായത്
നമ്മുടെ സ്നേഹം ക്രിസ്തീയ സ്നേഹത്താൽ
സമാനഗുണമുള്ള മനസ്സിന്റെ കൂട്ടായ്മ
അതു മുകളിലത്തേതു പോലുള്ളത്.

59 അവൻ അത്ഭുതാവാനല്ലേ? ഇപ്പോൾ ഒന്നു ചിന്തിച്ചുനോക്കു, ഇവിടെ ഇന്നു രാത്രിയിൽ എത്ര ദൈവ വേലക്കാരുടെ മേൽ അവർ കൈകളെ വെയ്പ്പിച്ചു!

60 നമ്മൾ ടെലിഫോണുമായി ബന്ധപ്പെടുത്തിയിരുന്നു എന്നെനിക്ക് അറിയില്ലായിരുന്നു. അവിടെ പുറമെയുള്ള ജനങ്ങൾ എന്നോടു അതു ക്ഷമിക്കുമെങ്കിൽ; എനിക്ക് അതു അറിയില്ലായിരുന്നു. കാണുന്നോ? ഇന്നു രാത്രിയിലെ ഈ ചെറിയ സന്ദേശം അവർ ടെലിഫോണിലൂടെ പ്രക്ഷേപണം ചെയ്യുമെന്നു എനിക്ക് അറിയാനായില്ല. എന്നാൽ നാം...

61 ഇന്നു രാത്രിയിൽ നിങ്ങൾക്ക് നൽകാനായി പരിശുദ്ധാത്മാവ് എനിക്കു നൽകി എന്നു അനുഭവപ്പെടുന്ന ഈ സന്ദേശത്തിലേക്ക്, നാം നേരെ വചനം വായിച്ചു പ്രാർത്ഥിച്ചുകൊണ്ടു, കടക്കുന്നതാണ്.

62 വചനത്തിനായി നാം പിന്നിലേക്ക്...നാം പിന്നിലേക്ക് തിരിച്ചു കൊണ്ടിരിക്കുമ്പോൾ, ഞാൻ ഒരു നിമിഷത്തിനകം ഇതു വിളിച്ചറിയിക്കട്ടെ. നമുക്ക് സംഖ്യാപുസ്തകം, 22-ാം അദ്ധ്യായം, 31-ാം വാക്യത്തിലേക്ക് തിരിക്കാം. ഒരു പ്രസംഗ ധാര വാക്യത്തിനായി, സംഖ്യപുസ്തകം 22:31 എടുക്കാം. നിങ്ങൾ തിരിച്ചുകൊണ്ടിരിക്കുമ്പോൾ, നിങ്ങൾ അതു വായിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അതു വായിക്കുകയോ അതിനെ അടയാളപ്പെടുത്തുകയോ ചെയ്യുക.

63 ഞാൻ നിങ്ങളെ വീണ്ടും കാണുവോളം, നിങ്ങൾ എല്ലാവരും എനിക്കായി പ്രാർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവ് അനുവദിച്ചാൽ, ഈ വേനല്ക്കാലത്ത് എപ്പോഴെങ്കിലും ആകാം, എന്നു ഞാൻ പ്രതീക്ഷിക്കുന്നു. എന്തെങ്കിലും സംഭവിച്ചാൽ, എനിക്ക് പുറം രാജ്യങ്ങളിലേക്ക് കടക്കാനാകില്ല, ഞാൻ തിരികെ വരുന്നതാണ്. എന്നാൽ നാം ഇപ്പോൾ അതു വിശ്വസിക്കുന്നു, ഇതെല്ലാം ചുറ്റുമായി പ്രവർത്തിക്കുന്നതു എങ്ങനെ, അതു പരിശുദ്ധാത്മാവ് സ്വയം നമ്മെ അയയ്ക്കാനായി തിരഞ്ഞെടുത്തിടത്തേയ്ക്ക് അവൻ തന്നെ നമ്മെ

അയയ്ക്കും എന്നുള്ളതാണ്. ആ വിധത്തിലാണ് അതു ചെയ്യാൻ നാം ആഗ്രഹിക്കുന്നതും. കർത്താവ് അനുഗ്രഹീതൻ!

64 പിതാവെ, ഞങ്ങൾ നിന്റെ വചനം വായിക്കാൻ തുടങ്ങുന്നു. നീ അതു അനുഗ്രഹിച്ച് ഞങ്ങളുടെ ഗ്രഹണശക്തിയെ അഭിഷേകം ചെയ്യാനായി, യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ചോദിക്കുന്നു. ആമേൻ.

65 സംഖ്യാപുസ്തകം, 22-ാം അദ്ധ്യായം 31-ാം വാക്യം.

> *അപ്പോൾ യഹോവ ബിലെയാമിന്റെ കണ്ണു തുറന്നു, യഹോവയുടെ ദൂതൻ വാളൂരിപ്പിടിച്ചുകൊണ്ട് നില്ക്കുന്നതു അവൻ കണ്ടു സാഷ്ടാംഗം വീണു നമസ്കരിച്ചു.*

66 ഇപ്പോൾ, ഇതു വായിച്ചതിൽ നിന്നും, അതിനെ ചുറ്റിപ്പറ്റി ഒരു സന്ദർഭത്തിനായി, ഞാൻ ഈ തലക്കെട്ട് എടുക്കാൻ ആഗ്രഹിക്കുന്നു: *ദൈവം തന്റെ വചനത്തെക്കുറിച്ച് എപ്പോഴെങ്കിലും അവന്റെ മനസ്സു മാറ്റുമോ?*

67 ഇതു തികച്ചും ഒരു തലക്കെട്ടാണ്, ഇതൊരു മഹത്തായ സത്യമായി നാം തികച്ചും അറിഞ്ഞിരിക്കേണ്ടതുണ്ട്. ദൈവം എന്തെങ്കിലും പറഞ്ഞിട്ട്, "ഞാൻ അതു പറഞ്ഞുപോയി, എന്നോടു ക്ഷമിക്കണം," എന്നു എപ്പോഴെങ്കിലും പറയുമോ? അവൻ അതു പറഞ്ഞതിനുശേഷം, ദൈവം തന്റെ വാക്കു തിരിച്ചെടുക്കുമോ?

68 ഇപ്പോൾ, ഇവിടെയുള്ള ഈ പ്രസ്താവനയിൽ, ഞാൻ ഈ പ്രസ്താവന തിരഞ്ഞെടുത്തതിന്റെ കാരണം, അതു ബൈബിളിലുള്ള പ്രാസ്താവനകളിൽ ഒന്നായിരുന്നിട്ട് വായനക്കാരൻ, കാണാനായി ശ്രമിക്കുകയോ, അതോ ദൈവം തന്റെ മനസ്സു മാറ്റുന്നു എന്നു പറയാൻ ശ്രമിക്കുന്നതിനാലോ ആകുന്നു; എന്റെ ഏറ്റവും നല്ല അറിവിൽ, ബൈബിളിൽ എവിടെ നിന്നും ഈ ഭാഗം അവൻ തന്റെ മനസ്സു മാറ്റിയിരിക്കുന്നതു പോലെ തോന്നിപ്പിക്കുന്നു, കാരണം അവൻ ബിലെയാമിനോടു ഒരു കാര്യം പറയുകയും പിന്നെ അവനോടു മറ്റൊന്നു പറയുന്നതുമാണ്. മാത്രമല്ല ഇപ്പോൾ, അനേകർ ബിലെയാമിനെ വെറും ഒരു, ഓ, ഒരു ഭാവി പറച്ചിലുകാരൻ എന്നും മറ്റും പറയാനും ശ്രമിക്കുന്നു. എന്നാൽ ബിലെയാം ഒരു ഭാവിപറച്ചിലുകാരൻ ആയിരുന്നില്ല. അവൻ കർത്താവിന്റെ ഒരു പ്രവാചകനായിരുന്നു.

69 ഇപ്പോൾ, ആദ്യം, നമുക്ക് സന്ദേശത്തിന്റെ സംക്ഷേപത്തെ ഒന്നു എടുത്തു നോക്കാം. യിസ്രായേൽ മിസ്രായീമിൽ നിന്നും പുറപ്പെട്ടു വന്നു, അവരുടെ യാത്രയിലായി പാലസ്തീനി...പാലസ്തീനിലേക്ക് പോകുകയായിരുന്നു. കർത്താവ് അവരോടു കൂടെയുണ്ടായിരുന്നു,

അവർ...യിസ്രായേലിന്റെ മുന്നിൽ എഴുന്നേറ്റ ഓരോ ശത്രുവിനെയും വഴിയിൽ നിന്നും നീക്കിക്കളഞ്ഞു, കാരണം അവർ അവന്റെ കല്പനകളെ അനുസരിച്ചു നടക്കുന്നിടത്തോളം, അവരുടെ മുന്നിൽ കടന്നലുകളെ അയച്ച് ശത്രുവിനെ അവരുടെ മുന്നിൽ നിന്നും ഓടിച്ചുകളയുമെന്നു ദൈവം പറഞ്ഞിരുന്നു. ആ ജോലി അത്ര വലുതൊന്നും ആയിരുന്നില്ല. അന്നത്തെ മല്ലന്മാരായിരുന്ന, അമാലേക്ക്യർ പോലും, യിസ്രായേലിനു മുന്നിൽ ഒന്നുമായിരുന്നില്ല. അവർ കാഴ്ചയിൽ ചെറിയ മനുഷ്യരായിരുന്നിട്ടും, കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നതിന്മേൽ അവർ നടന്നിരുന്നു. അതുകൊണ്ട് എതിർപ്പ് എന്തായിരുന്നാലും കാര്യമില്ല, യിസ്രായേലിനോടുള്ള അവന്റെ വചനങ്ങൾ തോല്വിയടയാതെ ദൈവം എപ്പോഴും നോക്കിയിരുന്നു.

70 പഴയ നിയമത്തിലെ യിസ്രായേലിന്റെ ഒരു മാതൃകയാണ് പുതിയ നിയമത്തിലെ മണവാട്ടി, ലോകത്തിൽ നിന്നും പുറപ്പെട്ടു വന്ന്, കനാന്റെ പാതയിലൂടെ, അഥവാ നാം പോകാനിരിക്കുന്ന കനാനിലേയ്ക്ക് ആയിരമാണ്ടു വാഴ്ചയിലേയ്ക്ക്, മാർച്ചു ചെയ്യുന്നു.

71 ഇപ്പോൾ, ഇപ്പോൾ, മോവാബ് ഇവിടെ സഭയ്ക്കു ഒരു മാതൃകയായി നാം കാണുന്നു. മോവാബ്...അല്പം മുമ്പു അവർ ചില രാജാക്കന്മാരെ കൊല്ലുകയും ശത്രുവിനെ തുരത്തുകയും ചെയ്തിട്ട്, സകലത്തെയും കൊന്നൊടുക്കി, ദേശം പിടിച്ചടക്കിക്കൊണ്ട്, മോവാബിലേയ്ക്ക് കടക്കുകയായിരുന്നു. ഇപ്പോൾ, മോവാബ് ഒരു അർത്ഥത്തിലും ഒരു വിഗ്രഹാരാധിയായ ദേശം ആയിരുന്നില്ല. യിസ്രായേൽ സേവിച്ചു വന്ന അതേ ദൈവത്തെ തന്നെ മോവാബ്യരും സേവിച്ചിരുന്നു. മോവാബ് ദേശം ആരംഭിച്ചതു, ലോത്തിനു തന്റെ സ്വന്ത പുത്രിയിൽ നിന്നും ജനിച്ച മകനിൽ നിന്നുമായിരുന്നു. മാത്രമല്ല അവൻ, ഈ രാജ്യത്തിന്റെ സ്ഥാപകനായിരിക്കെ, അവന്റെ പ്രസിദ്ധിക്കും മറ്റും അതിനെ ക്രമപ്പെടുത്തിയിട്ട്, അതിൽ നിന്നും ഒരു വലിയ ദേശത്തെ ഉരുവാക്കിയിരുന്നു, അവർ പെറ്റു പെരുകി വളരെ വലുതായിക്കൊണ്ടിരുന്നു.

72 പിന്നെ, ഇപ്പോൾ, യിസ്രായേൽ ലോത്തിന്റെ അല്ല, അബ്രഹാമിന്റെ സന്തതിയായിരുന്നു. യിസ്രായേൽ യിസ്ഹാക്കിൽ, യാക്കോബിൽ നിന്നും വന്നു. യാക്കോബിൽ നിന്നും യിസ്രായേലിന്റെ ആ പന്ത്രണ്ടു ഗോത്രങ്ങളും പുറപ്പെട്ടു വന്നു, അതിനെ പിന്നീട്, “യിസ്രായേൽ,” എന്നു വിളിക്കാൻ തുടങ്ങി, കാരണം അവൻ ദൈവത്തോടു മല്ലിട്ടിരുന്നു. ഇവിടെ മോവാബ്...

73 ഇപ്പോൾ, ഇതിൽ, ടെലിഫോണിലായിരിക്കുന്ന നിങ്ങൾ, ഞാൻ ഇതു ആദ്യമായി പറയാൻ ആഗ്രഹിക്കുന്നു ഞാൻ—ഞാൻ ഒരു വിമർശകൻ ആയിരിക്കാൻ ആഗ്രഹിക്കുന്നില്ല, ഞാൻ അതല്ലെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എന്നാൽ, എനിക്ക് നൽകിയിരിക്കുന്ന സന്ദേശം, ഞാൻ തികച്ചും ആ സന്ദേശത്തോടു വിശ്വസ്തനായിരിക്കണം, അല്ലെങ്കിൽ ഞാൻ ഒരു കാപട്യക്കാരനാകും. കാണുന്നോ? ഞാൻ എന്തു പറയാനായി അയയ്ക്കപ്പെട്ടിരിക്കുന്നോ അതിൽ കൂടുതലായി ഒന്നും എനിക്ക് പറയാനാകില്ല.

ഇന്നത്തെ ക്രിസ്തീയ സമൂഹത്തിന്റെ ഏറ്റവും വലിയ ശത്രു സംഘടനാ സഭകളാണെന്നു ഞാൻ—ഞാൻ ചിന്തിക്കുന്നു. അതു അവസാനം മൃഗത്തിന്റെ മുദ്രയിൽ ഒത്തുചേരുമെന്നു ഞാൻ എന്റെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിക്കുന്നു, അത് എനിക്ക്, ദൈവത്തിന്റെ സഹായത്താൽ ബൈബിളിൽ നിന്നും തെളിയിക്കാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ അതു മുന്നമേ ചെയ്തു കഴിഞ്ഞിരിക്കുന്നു. അതു, അതു സഭകളുടെ സമിതിയിലേയ്ക്ക്, മൃഗത്തിന്റെ മുദ്രയിലേയ്ക്ക് കടക്കും. കാരണം, ദൈവം ഒരിക്കലും, ഒരു സമയത്തും, ഒരു സംഘടനയേയും, സംഘടിത സഭയേയും, ഒരിക്കലും നിയോഗിച്ചിട്ടില്ല. അവൻ അതു ഒരിക്കലും ചെയ്തിട്ടില്ല.

മനുഷ്യൻ ഒരു സംഘടന ഉണ്ടാക്കുന്ന ഓരോ സമയത്തും, ദൈവത്തിന്റെ ആത്മാവ് അതിനെ വിട്ടുപോകുന്നു വീണ്ടും തിരികെ വരുന്നതുമില്ല. ഏതൊരു ചരിത്രകാരനോടും ചോദിക്കുകയോ അതല്ല നിങ്ങൾ ഒരു വായനക്കാരൻ ആണെങ്കിൽ സ്വയം വായിച്ചു നോക്കുക. ഒരിക്കലുമില്ല! അവർ സംഘനയായി തീർന്നപ്പോൾ, ദൈവം അതിനെ അലമാരയിൽ വെച്ചു, അവിടേയ്ക്കാണ് അതു പോയതു; അതു അപ്പോൾ മുതൽ, അവിടെ ഇരിക്കുന്നു. അവർ എണ്ണത്തിൽ കൂടുതലായി തീർന്നു, എന്നാൽ ഒരിക്കലും ആത്മാവിൽ ഉണർവ്വുണ്ടായില്ല; ഒരിക്കലും, പിന്നൊരിക്കലും.

74 ഇവിടെ, മോവാബ്, അതിന്റെ ഒരു മാതൃകയായിരുന്നു, കാരണം അവർ ഒരു—ഒരു സംഘടിത രാജ്യമായിരുന്നു; അവരുടെ വിഭാഗീയ സഭയിൽ ആയിരിക്കുന്നതുപോലെ, അവരുടെ സ്വന്ത ദേശത്തായിരുന്നു. അവർക്കു അവരുടേതായ മതമുണ്ടായിരുന്നു, യിസ്രായേലിനുണ്ടായിരുന്ന അതേ മതം തന്നെയായിരുന്നു അവരുടേതും. അവർ മോവാബ്യരായി യഹോവ ദൈവത്തെ വിശ്വസിച്ചിരുന്നു, എന്നാൽ അവർ സംഘടിതരായി തീർന്ന ഒരു കൂട്ടം ജനങ്ങളായിരുന്നു.

75 പിന്നെ, ഇപ്പോൾ, അവർ പ്രാകൃത സഭയെ പ്രതിനിധീകരിക്കുന്നതു പോലെ, യിസ്രായേൽ, അതിന്റെ യാത്രയിൽ, ആത്മീയ സഭയെ പ്രതിനിധീകരിക്കുന്നു. ഇപ്പോൾ, യിസ്രായേൽ ഒരു സംഘടിത രാഷ്ട്രം ആയിരുന്നില്ല. അവർ ദൈവത്തെ പിമ്പറ്റിയിരുന്നിടത്തോളം, അവർ സ്വതന്ത്രരായിരുന്നു. പരദേശികളായി, പോകാൻ ഒരു ഇടമില്ലാതെ, അവർ കടന്നുവന്നു. അഗ്നിസ്തംഭം പോയിരുന്നിടത്തേയ്ക്ക്, അവർ അതിനോടൊപ്പം പോയിരുന്നു. അവർ ഒരു സംഘടിത ദേശമായിരുന്നില്ല. അവർക്കു അവരുടെ ഇടയിൽ ഒരു സജീവ വസ്തു ഉണ്ടായിരുന്നു, എന്തെന്നാൽ ദൈവത്തിന്റെ കല്പനയുടെ കിഴിൽ അതു അവർക്കു പരിച്ഛേദന നൽകിയിരുന്നു, എന്നാൽ ഈ സമയം വരെയും ഒരു സംഘടിത രാജ്യം ആയിരുന്നില്ല. അവസാനം അവർ ഒരു സംഘടിത രാഷ്ട്രമായി തീർന്നപ്പോൾ, അവിടെയാണ് അവർക്ക് വീഴ്ചപറ്റിയിട്ട് അവരുടെ മശീഹായെ തള്ളിക്കളഞ്ഞത്.

76 ഇപ്പോൾ നാം കണ്ടത്, എല്ലായ്പ്പോഴും, ഈ പ്രാകൃതമായതും ആത്മീയമായതും, സഭകളുടെ ആത്മാവും സംഘടനകളും, സന്ധിക്കുമ്പോൾ, അവിടെ എപ്പോഴും ഒരു ഏറ്റുമുട്ടലുണ്ടാകുന്നു. അതു അങ്ങനെയല്ലാതെ ഒരിക്കലും ആയിരുന്നിട്ടില്ല. അതു എപ്പോഴും ഏറ്റുമുട്ടലുകളാകുന്നു. കാരണം, അവിടെ ഒരു അസൂയയുള്ളതായി നാം കണ്ടു. അവിടെ, ഈ അസൂയ, അതു ജഡീക അനുകരങ്ങൾക്കും, ആൾമാറാട്ടങ്ങൾക്കും കാരണമാക്കുന്നു. അതു അന്നു ആയിരുന്നതുപോലെ തന്നെ, ഇന്നും ആയിരിക്കുന്നതായി നാം കാണുന്നു. ദൈവം ഒരു വ്യക്തിക്കുവേണ്ടി എന്തെങ്കിലും ചെയ്യുമ്പോൾ, ദൈവം ആ വ്യക്തിയ്ക്കു ചെയ്തിരിക്കുന്നതുപോലെ തന്നെ എല്ലാവരും പകർത്താൻ ശ്രമിക്കുന്നു. നോക്കു, അതൊരു മത്സരത്തിനു ഇടവരുത്തി, അതു ജഡീക അനുകരണങ്ങൾക്കു കാരണമാക്കുന്നു. പിന്നെ അവർക്ക് അതിനു കഴിഞ്ഞില്ലെങ്കിൽ, മറ്റെ വശത്തു, ആത്മീയ ഫലങ്ങൾ കിട്ടിയില്ലെങ്കിൽ, പിന്നെ അവർ അതിനെ ഒരു രാഷ്ട്രീയ ശക്തിയാൽ എടുക്കുകയോ അതല്ല അതിനു പകരമായി ജനങ്ങളുടെ മനസ്സിനെ തകിടം മറിക്കാൻ, അവരുടെ പിന്നിൽ ശിഷ്യന്മാരെ കൂട്ടുന്നതിനു മറ്റെന്തെങ്കിലും എടുക്കുന്നു.

77 അതു തന്നെയാണ് ആരംഭം മുതൽ; കയീനും ഹാബെലും, രണ്ടു ആൺകുട്ടികളും ഈ ഭൂമിയിൽ ഉണ്ടായിരുന്നതു മുതൽ, കൃത്യമായും സംഭവിച്ചു കൊണ്ടിരിക്കുന്നതു. കയീനെക്കാളും ഹാബെൽ ഉത്തമമായ ഒരു യാഗം കഴിച്ചപ്പോൾ, ദൈവം ഇറങ്ങി വന്നു അവന്റെ ബലിയെ സ്വീകരിച്ചുകൊണ്ട്, ഹാബെലിനെ സമർത്ഥിച്ചു; അതു കയീനു അസൂയ ഉളവാക്കി, കാരണം അവൻ

തന്റെ സഹോദരനോട് സ്പർദ്ധയുള്ളവനായിരുന്നിട്ട്, അവന്റെ സഹോദരനെ കൊന്നുകളഞ്ഞു.

78 ആത്മീയനും ജഡീകനുമായി, അതു ആരംഭത്തിൽ തുടങ്ങിയിരുന്നു, എന്നാൽ അപ്പോഴും കയീനും ഹാബെലും ഒരേ ദൈവത്തെ ആരാധിച്ചിരുന്നു. അവർ രണ്ടാളും ഒരേ തരത്തിലെ അൾത്താരകൾ പണിതു. ഒരേ അൾത്താരയിൽ, ഒരേ സഭയിൽ, അവർ രണ്ടാളും ഒരേ ദൈവത്തെ ആരാധിച്ചു. എന്നാൽ കയീൻ, ജഡീകമായ യുക്തിചിന്തയാൽ, പ്രായശ്ചിത്തത്തിന്റെ ഉത്തരമായി ദൈവം ചിന്തിക്കുന്നതു ഇതു തന്നെ എന്നു തീർച്ചപ്പെടുത്തിക്കൊണ്ടു, ദേശത്തുള്ള ഫലങ്ങളെ കൊണ്ടുവന്നു ഒരു ബലിയായി അൾത്താരയിൽ വെച്ചു. "ആദാമും ഹവ്വയും ആപ്പിളുകൾ തിന്നതിനാലാണ്, പാപം ഉണ്ടായതെന്നു," ഇന്നു ജനങ്ങൾ ചിന്തിക്കുന്നതു പോലെ, അങ്ങനെ അവൻ അതിനെ അകത്തു കൊണ്ടുവന്നു. മാത്രമല്ല, എന്തായാലും, അവർ അതിനെ ഇപ്പോൾ ഒരു "മാതളപ്പഴമോ," മറ്റെന്തോ ആക്കിയിരിക്കുന്നു. അതു മറ്റെന്തോ ആണെന്നു, വളരെ മുമ്പല്ലാതെ, അവരിൽ ചിലർ പറഞ്ഞു.

79 പിന്നെ, എന്നാൽ ഹാബെലിനു ശരിയായ ബലിയുണ്ടായിരുന്നു. അതു ചെയ്തതു രക്തമായിരുന്നു എന്നു അവൻ അറിഞ്ഞിരുന്നു, അതുകൊണ്ട് അവൻ ഒരു ആടിനെ കൊണ്ടുവന്നു. ഇപ്പോൾ, ഹാബെൽ, വിശ്വാസത്താൽ, മറ്റൊരു വിധത്തിലുമല്ല, വെളിപ്പാടിനാൽ, അവന്റേതു ദൈവം സ്വീകരിച്ചു. അന്നു ബൈബിൾ എഴുതപ്പെട്ടിരുന്നില്ല. അതിനാൽ, നിങ്ങൾ നോക്കു, ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട സത്യം നീതിമാന്റെ ആരംഭമായിരുന്നിട്ട്, ജീവനുള്ള ദൈവത്തിന്റെ മുഴുവൻ സഭയും അതിന്മേൽ കെട്ടപ്പെട്ടിരിക്കുന്നു.

80 ഒരു ദിവസം, യേശു, മലയിൽ നിന്നും ഇറങ്ങുമ്പോൾ, തന്റെ ശിഷ്യന്മാരോടു ചോദിച്ചു, "ജനങ്ങൾ മനുഷ്യ പുത്രനായ എന്നെ ആർ എന്നു പറയുന്നു?"

"നീ 'മോശെ,' എന്നു ഒരുവൻ പറയുന്നു മറ്റു ചിലർ നീ, 'ഏലീയാവ്,' എന്നും 'യിരമ്യാവ്,' എന്നും പ്രവാചകന്മാരിൽ ഒരുവൻ എന്നും പറയുന്നു."

അവൻ ചോദിച്ചു, "എന്നാൽ നിങ്ങളോ എന്നെ ആർ എന്നു പറയുന്നു?"

81 അപ്പോൾ അപ്പോസ്തലനായ പത്രൊസ്, ദൈവത്താൽ പ്രചോദിക്കപ്പെട്ട്, ആത്മാവിൽ ഉദ്ദീപിക്കപ്പെട്ട്, അതിഗംഭീരമായ

ആ പ്രസ്താവന നടത്തി, "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ, ക്രിസ്തുവാകുന്നു."

82 ആ പ്രസ്താവനയെ ശ്രദ്ധിക്കുക. "യോനായുടെ മകനായ, ശിമോനെ, നീ ഭാഗ്യവാൻ, ജഡരക്തങ്ങളല്ല നിനക്കു ഇതു വെളിപ്പെടുത്തിയതു. ഇതു എന്റെ സ്വർഗ്ഗീയ പിതാവ് നിനക്കു വെളിപ്പെടുത്തിരിയിരിക്കുന്നു. നീ ശിമോനാകുന്നു. ഈ പാറമേൽ..."

എന്തു പാറ? ഇപ്പോൾ, കത്തോലിക്കക്കാർ പറയുന്നത്, "പത്രൊസിൽ, ആ പാറ, ചെറിയ കല്ലിന്മേൽ." പ്രൊട്ടെസ്റ്റാന്റുകൾ പറയുന്നത്, "പാറയായ, ക്രിസ്തുവിന്മേൽ."

വ്യത്യസ്തനാകാൻ വേണ്ടിയല്ല; എന്നാൽ അതു അവൻ ആരായിരുന്നു, എന്നു പത്രൊസിനുണ്ടായ വെളിപ്പാടിന്മേലായിരുന്നു. "എന്റെ പിതാവ് ആകർഷിച്ചിട്ടല്ലാതെ," യേശു പറഞ്ഞു, "ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയില്ല. പിതാവ് ആകർഷിച്ചതൊക്കെയും എന്റെ അടുക്കൽ വരും."

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ, ക്രിസ്തുവാകുന്നു."

83 "യോനായുടെ മകനായ, ശിമോനേ, നീ ഭാഗ്യവാൻ; ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയതു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, നരകത്തിന്റെ പടിവാതിലുകൾ അതിനെതിരെ ജയിക്കയില്ല." ദൈവ വചനം ആത്മീയമായി വെളിപ്പെട്ടിരിക്കുന്നു!

84 ശ്രദ്ധിക്കു, ഹാബെൽ, ദൈവത്തിലുള്ള വിശ്വാസത്താൽ, ഉത്തമമായ ഒരു യാഗം കഴിച്ചു. ജഡീക വിശ്വാസി വിചാരിച്ചതു അവന്റെ സ്വന്ത കയ്യാലുള്ള പ്രവർത്തികൾ എന്നാണ്, അതു, അവന്റെ ഫലങ്ങളായി അവൻ കൊണ്ടുവന്നു സമർപ്പിച്ചതിനെ, ദൈവം സ്വീകരിക്കും എന്നാണ്, അതൊരു സംഘട്ടനത്തിനു കാരണമാക്കി.

അബ്രഹാമിനും ലോത്തിനും ഏറ്റുമുട്ടേണ്ടി വന്നു എന്നു നമുക്കറിയാം.

85 മോശെയ്ക്കും, നാഥാനും, കോരഹിനും, അതേ ഏറ്റുമുട്ടൽ തന്നെ ഉണ്ടായിരുന്നു എന്നു നമുക്കറിയാം.

മോശെ, കർത്താവിന്റെ വചനത്താൽ നിയോഗിക്കപ്പെട്ട ഒരു പ്രാവചകനായിരുന്നു, ആ മണിക്കൂറിലേയ്ക്ക് അവരുടെ നായകനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നു സമർത്ഥിച്ചു കാണിച്ചിരിക്കുകയും, അബ്രഹാം ഇവയെല്ലാം വാഗ്ദത്തം ചെയ്തിട്ട്, എന്തായിരിക്കും, എന്നു ദൈവം പറഞ്ഞിരുന്നതുപോലെ തന്നെ മോശെ ഇവിടെ ചെയ്യുകയും ചെയ്യുന്നു.

അപ്പോൾ കോരഹ്, ജഡീകനായിരുന്നിട്ട്, അവരുടെ ഇടയിൽ ഒരു സംഘടന രൂപീകരിക്കാൻ ആഗ്രഹിച്ചു. അവൻ പുരുഷന്മാരുടെ ഒരു കൂട്ടരെ ഉണ്ടാക്കാൻ ആഗ്രഹിച്ചു. അങ്ങനെയുള്ള ഒരു ജനക്കൂട്ടത്തോട്ടു ദൈവം ഇടപെടുന്നില്ല. അതു അവിടെ ആ തിരുവെഴുത്തിൽ തന്നെ, കാണിച്ചിരുന്നു, ഇന്നത്തെ യാത്രയുടെ ഒരു മാതൃകയായിട്ട്, സംഘടന ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നതല്ല. കാരണം കോരഹ് അതു ചെയ്ത ഉടൻ തന്നെ, അവൻ മോശെയോട്ടു പറഞ്ഞു, "നീ നിന്നെത്തന്നെ വലിയവനാക്കുന്നു." മറ്റു വാക്കുകളിൽ, "മുഴുവൻ സഭയും വിശുദ്ധരാകുന്നു! എന്താ, നീ മാത്രമാണ് ഒരേ ഒരു വിശുദ്ധൻ എന്നു നീ പറയുന്നു. അങ്ങനെ ഒന്നും ചെയ്യാനുള്ള അവകാശവും നിനക്കില്ല. നീ നിന്നെത്തന്നെ ഏതോ വലിയവനാണെന്നു കാണിക്കാൻ ശ്രമിക്കുന്നു. ഞങ്ങൾ എല്ലാവരും വിശുദ്ധരാണ്. ഞങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാണ്."

86 മോശെ തന്റെ തല തിരിച്ചുകൊണ്ടു നടന്നകന്നു. അവൻ പറഞ്ഞു, "കർത്താവെ, ഞാൻ എന്തു ചെയ്യേണം?"

87 ദൈവം പറഞ്ഞു, "നിന്നെ അവനിൽ നിന്നും നീ വേർപെടുത്തുക. എനിക്ക് അതു മതിയായിരിക്കുന്നു." ഭൂമി അവനെ വിഴുങ്ങിക്കളഞ്ഞു.

88 നോക്കു, അവിടെ ഒരു സംഘട്ടനം ഉണ്ടായിരുന്നു. ജഡീകനും ആത്മീയനും സന്ധിക്കുമ്പോൾ, എപ്പോഴും ഒരു സംഘട്ടനം ഉണ്ടാകുന്നു. യൂദായും യേശുവും സന്ധിച്ചപ്പോൾ, അവിടെ ഒരു സംഘട്ടനം ഉണ്ടായി; ഒരുവൻ, ദൈവ പുത്രനും; മറ്റെവൻ, സാത്താന്റെ പുത്രനും. ഹാബെലിനെയും കയീനെയും പോലെ, അവർ സന്ധിച്ചപ്പോൾ അവിടെ ഒരു സംഘട്ടനം ഉണ്ടായിരുന്നു. അവരിൽ ഒരുവൻ സഭയിലെ പണം സൂക്ഷിപ്പുകാരൻ, മറ്റെവൻ പാസ്റ്റർ. ഇപ്പോഴത്തെപ്പോലെ, നാം ഈ ദിവസത്തു, അതേ കാര്യത്തിലേയ്ക്ക് തന്നെ വീണ്ടും വന്നിരിക്കുന്നു. ജഡീക സംഘടനകൾ ക്രിസ്തുവിന്റെ ആത്മീയ മണവാട്ടികളുടെ അടുത്തേയ്ക്ക്. ക്രിസ്തുവിന്റെ ആത്മീയ മണവാട്ടി ജഡീക സംഘടനകളിൽ നിന്നും, അവരെ ഒരു വിധത്തിലും താരതമ്യം ചെയ്യാൻ കഴിയാത്ത വിധത്തിൽ, വളരെ വ്യത്യസ്തരായിരിക്കുന്നു.

89 ഇപ്പോൾ ശ്രദ്ധിക്കു, പ്രാകൃതമായത് ആത്മീയമായതിനെ എപ്പോഴും മാതൃകയാക്കാൻ ശ്രമിക്കുന്നു. എന്നാൽ, യാക്കൊബിനെയും ഏശാവിനെയും പോലെ, അതു പ്രാവർത്തികമാകില്ല. അതു പ്രവർത്തിക്കില്ല. ഇപ്പോൾ, അതു നല്ല പ്രവർത്തികൾ ചെയ്യുന്നിടത്തേയ്ക്ക് വരുമ്പോൾ, മനുഷ്യ ദൃഷ്ടിയിൽ, ഏശാവ് യാക്കോബിനെക്കാൾ

വളരെ നല്ലവനായിരുന്നു എന്നു ഞാൻ—ഞാൻ വിശ്വസിക്കുന്നു. അവൻ തന്റെ അപ്പനെ സംരക്ഷിക്കാൻ ശ്രമിച്ചിരുന്നു; അവൻ അന്ധനായ, ഒരു പ്രവാചകനായിരുന്നു. അവൻ ഈ പ്രവർത്തികൾ എല്ലാം ചെയ്യാൻ ശ്രമിച്ചിരുന്നെങ്കിലും, അതെല്ലാം വെറും ജഡീകമായ പ്രവർത്തികളാണെന്നു ഏശാവിനു ചിന്തിക്കാൻ കഴിഞ്ഞിരുന്നില്ല. അവൻ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാൽ അവൻ കടന്നുകൂടുമെന്നു അവൻ കരുതി, ആർക്കെങ്കിലും വേണ്ടി നല്ലതന്തെങ്കിലും ചെയ്യുക, അതെല്ലാം ശരിയായിരുന്നു. എന്നാൽ യാക്കൊബിന്റെ, മുഴു പ്രാണനും ആ ജന്മാവകശത്തെ കൈവശമാക്കുക എന്നതായിരുന്നു, അതാണ് അവനിൽ ആത്മീയമായതു ഉണ്ടെന്നു ദൈവം അംഗീകരിച്ചിരുന്നതു.

90 ശ്രദ്ധിക്കു. അതു എപ്പോഴും ആത്മീയനെ വെറുക്കാൻ ജഡീകനെ ഇടയാക്കിയിരുന്നു. അതു കയീനെക്കൊണ്ടു ഹാബെലിനെ വെറുപ്പിച്ചു. അതു കോരഹിനെക്കൊണ്ട് മോശെയെ വെറുപ്പിച്ചു. അതു യൂദായെക്കൊണ്ടു യേശുവിനെ വെറുപ്പിച്ചു. അങ്ങനെ അതു തുടർന്നു തുടർന്നു പോയ്ക്കൊണ്ടിരിക്കുന്നു. അതു ആത്മീയനെ വെറിപ്പിക്കാൻ ജഡീകനു കാരണമാക്കി, ആരംഭത്തിൽ ഹാബെലിനെ കയീൻ വെറുത്തതു പോലെയാണ്, ഒരുവന്റെ ബലി ദൈവം സ്വീകരിച്ചുകഴിഞ്ഞാൽ, അവരെ നശിപ്പിക്കാൻ ശ്രമിക്കുന്നതുപോലെയാണ്.

അവരുടെ സ്വാധീനത്തെപ്പോലും അവർ നശിപ്പിക്കാൻ ശ്രമിക്കുന്നു. അവർ സകലതും നശിപ്പിക്കാൻ ശ്രമിക്കുന്നു, കാരണം അതു അസൂയ അല്ലാതെ മറ്റൊന്നുമല്ല. അതു കയീനിൽ ആരംഭിച്ചിട്ട് അതു അസൂയ ആയിരുന്നെന്നു തെളിയിച്ചിരുന്നു, മാത്രമല്ല ഇപ്പോഴും അതേ കാര്യം തന്നെയായി ഇന്നും പ്രാകൃതമായതും (ജഡീകനും) ആത്മീയനും ഒരുമിച്ചു സന്ധിക്കുമ്പോഴുണ്ടാകുന്നു. അതു സാത്താനാണെന്നു അതു തെളിയിക്കുന്നു, മറ്റൊരു വഴിയുമില്ല, കാരണം അസൂയ സാത്താനിൽ നിന്നും വരുന്നു. അതുകഴിയുമ്പോൾ അത് സത്യത്തെ കപടമായി അനുകരിക്കുന്നതിലേയ്ക്ക് വരുന്നു, അവർ അതു ചെയ്യാനായി നിയോഗിക്കപ്പെടാതെ, ഇല്ലാതിരിക്കുന്ന ഒന്നിനെ ആരെങ്കിലും അനുകരിക്കാൻ ശ്രമിക്കുന്നതു പോലെയാണ്. അങ്ങനെയുള്ള എത്രയെണ്ണം നാം ഈ അവസാന ദിവസങ്ങളിൽ കണ്ടിരിക്കുന്നു! ഓ, എന്റെ, അതിന്റെ എത്രയെണ്ണം!

91 അങ്ങനെ ദൈവം ചെയ്യുന്നതു നാം കാണാതെ...കാരണം അവന്റെ മൂല വചനത്തിൽ നിന്നും അവൻ ഒരിക്കലും അവന്റെ മനസ്സു മാറ്റുന്നില്ല. എന്നാൽ അവൻ വിളിച്ചവരെ, അവരെയാണ് അവൻ നിയോഗിക്കുന്നതു. ആ സ്ഥാനം മറ്റാർക്കും എടുക്കാനാവില്ല.

മേശെയുടെ സ്ഥാനത്തെ എടുക്കാൻ മറ്റാർക്കും കഴിയില്ലായിരുന്നു. എത്രയേറെ കോരഹ്മാർ എഴുന്നേറ്റാലും, എത്രമാത്രം നാഥാന്മാർ വന്നാലും; വീണ്ടുവിചാരം കൂടാതെ, അതിനായി ദൈവം വിളിച്ചിരുന്നതു മോശെയെ ആയിരുന്നു.

92 എന്നാൽ, ജനങ്ങൾ അവന്റെ പൂർണ്ണ ഇഷ്ടപ്രകാരം നടക്കാതിരുന്നാൽ, അവനു ഒരു അനുവദനീയമായ ഇഷ്ടവും കൂടെയുണ്ട്. അവൻ നിങ്ങളെ അതിൽ നടക്കാൻ അനുവദിക്കും. ശ്രദ്ധിക്കു, അവൻ അതിനു അനുവദിക്കുന്നു, ശരിയാണ്, അവൻ അതിനെ അവന്റെ മഹത്വത്തിനായി, അവന്റെ തികവുറ്റ ഇഷ്ടത്തിനായി, ഉളവാക്കുന്നു. ഇപ്പോൾ നിങ്ങൾ ഇഷ്ടപ്പെടാതെ...

93 ആരംഭത്തിൽ എന്നപോലെ, ലൈംഗീക ബന്ധത്തിലൂടെ ഭൂമിയിൽ കുഞ്ഞുങ്ങൾ ജനിക്കുക എന്നതു ദൈവത്തിന്റെ തികവുറ്റ ഇഷ്ടമായിരുന്നില്ല. ഇല്ല, സർ. ദൈവം മനുഷ്യനെ സൃഷ്ടിച്ചതു ഭൂമിയിലെ പൂഴിയിൽ നിന്നായിരുന്നു, അവനിലേയ്ക്ക് ജീവശ്വാസം ഊതി, അവൻ ജീവനുള്ള ഒരു ദേഹിയായി തീർന്നു. അവൻ ആ മനുഷ്യനിൽ നിന്നും ഒരു സഹായിയെ എടുത്തു, അവനുവേണ്ടി ഒരു ഭാര്യയെ ഉണ്ടാക്കി. അതായിരുന്നു ദൈവത്തിന്റെ ആദ്യത്തെ തികവുറ്റ ഇഷ്ടം. എന്നാൽ പാപം കടന്നു വന്ന് അതിന്റെ ആ പ്രവർത്തി ചെയ്തപ്പോൾ, അവൻ മനുഷ്യനു, നിയമപരമായി ഒരു ഭാര്യയെ എടുക്കാനും, അവളിൽ നിന്നും കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതിനും അനുവദിച്ചു. "ഇനി മുതൽ, നിങ്ങൾ അതു ഈ വിധത്തിലാണ് ചെയ്യാൻ പോകുന്നതെങ്കിൽ, വർദ്ധിച്ചു പെരുകി ഭൂമിയിലൊക്കെയും നിറയുവിൻ." എന്നാൽ, നിങ്ങൾ നോക്കു, അതു അവന്റെ തികവുറ്റ ഇഷ്ടമായിരുന്നില്ല.

94 ആകയാൽ, ആരംഭമുള്ള ഈ എല്ലാ കാര്യങ്ങൾക്കും ഒരു അവസാനവും ഉണ്ടായിരിക്കണം. സകല പാപവും ഒരു ഉന്മൂലത്തിലേയ്ക്ക് വരേണം. സകല പാപത്തെയും നീക്കിക്കളയേണ്ടതുണ്ട്. ആകയാൽ, മഹത്തായ ആയിരമാണ്ടു വാഴ്ചയിൽ പുനഃരുത്ഥാനം വരുമ്പോൾ, നമുക്ക് നമ്മുടെ അമ്മമാരിൽ നിന്നും അപ്പന്മാരിൽ നിന്നും വീണ്ടും ജനിക്കേണ്ടി വരില്ല, ദൈവം ആരംഭത്തിൽ ചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നതുപോലെ അവൻ മനുഷ്യനെ ഭൂമിയിലെ പൊടിയിൽ നിന്നും വിളിക്കും, അവന്റെ സഹായി അവനോടൊപ്പം ഉണ്ടായിരിക്കും. അതു ശരിയാണ്. ആ വിധത്തിലാണ് അവൻ ആരംഭത്തിൽ ചെയ്തിരുന്നത്.

95 ആയതിനാൽ, ഒന്നിനെപ്പറ്റിയും ദൈവം ഒരിക്കലും തന്റെ മനസ്സ് മാറ്റുന്നില്ല, അവൻ നിങ്ങളെ മുന്നോട്ട് പോകാൻ അനുവദിക്കുന്നു. ഇപ്പോൾ, ഇതിനെപ്പറ്റി ഞാൻ നിങ്ങളോടു

പറയാൻ ആഗ്രഹിക്കുന്നതിലേയ്ക്ക് കടക്കാനായി ഒരു വലിയ വഴി ചുറ്റിവരേണ്ടതുണ്ട്. എന്നാൽ, കൂടാതെ, എന്നാൽ, ഇതു, നിങ്ങൾ... നിങ്ങൾ ഇതു മനസ്സിലാക്കിയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാണുന്നോ? ദൈവം നിങ്ങളെ എന്തെങ്കിലും ചെയ്യാനായി അനുവദിക്കുകയും, അതു ചെയ്യുന്നതിന് നിങ്ങൾ അനുഗ്രഹിക്കുകയും ചെയ്യുന്നു, എന്നാൽ അപ്പോഴും അതു അവന്റെ തികവുറ്റ ഇഷ്ടമായിരിക്കണം എന്നില്ല.

96 പുറപ്പാട് 19-ാം അദ്ധ്യായത്തിൽ, ഒരു ന്യായപ്രമാണം എടുക്കാൻ ദൈവം യിസ്രായേലിനെ അനുവദിച്ചു. കൃപ അവർക്ക് മുന്നേമെ തന്നെ ഒരു പ്രവാചകനെയും, അഗ്നിസ്തംഭത്തെയും, ഒരു ബലിക്കുഞ്ഞാടിനെയും, ഒരു വിടുവിക്കുന്ന ശക്തിയേയും, കൊടുത്തിരുന്നു, എന്നാൽ അവർ ഒരു ന്യായപ്രമാണത്തിനായി നിലവിളിച്ചു. അതു ദൈവേഷ്ടമായിരുന്നില്ല, എന്നാൽ അതു കുത്തിയിറക്കപ്പെട്ടു കാരണം മനുഷ്യൻ അതു ആവശ്യപ്പെട്ടു. അവൻ ആവശ്യപ്പെട്ട അതേ ന്യായപ്രമാണത്താൽ തന്നെ അവൻ ശപഗ്രസ്ഥനായി തീർന്നു.

97 ഏറ്റവും നല്ലതു ദൈവേഷ്ടം എടുക്കുന്നതായിരുന്നു. അതാണ് അവൻ നമ്മെ പഠിപ്പിച്ചതു. "നിന്റെ ഇഷ്ടം നിറവേറേണം. നിന്റെ രാജ്യം വരേണം. നിന്റെ ഇഷ്ടം നിറവേറേണം." അവന്റെ ഇഷ്ടത്തിനും അവന്റെ വചനത്തിനും വേണ്ടി നാം നമ്മെ തികച്ചും സമർപ്പിക്കേണം. അതിനെ ചോദ്യം ചെയ്യരുത്. അതു വിശ്വസിക്കുക. അതിനു ചുറ്റമായി ഒരു വഴിയും കണ്ടുപിടിക്കാൻ ശ്രമിക്കരുത്. അതു ആയിരിക്കുന്ന വിധത്തിൽ തന്നെ അതിനെ എടുക്കുക.

അനേകർ അതിനു ചുറ്റും പോയിട്ട്, മറ്റേതെങ്കിലും ഒരു വഴിയെടുക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അതു ചെയ്യുമ്പോൾ, നിങ്ങൾ മുന്നോട്ടു പോകുന്നതു നിങ്ങൾ തന്നെ കാണുന്നു, ദൈവം നിങ്ങളെ അനുഗ്രഹിക്കുന്നതു നിങ്ങൾ കാണുന്നു, എന്നാൽ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അവന്റെ അനുവദനീയമായ ഇഷ്ടത്താലാണ്, ദിവ്യമായ ഇഷ്ടത്താൽ അല്ല.

98 ഞാൻ പറഞ്ഞതുപോലെ, അവൻ അതിനു അനുവദിക്കുന്നു, എന്നാൽ അവൻ ഇല്ല—അവൻ അതു അനുവദിച്ചിരിക്കുന്നതു അവന്റെ തികവുറ്റ ഇഷ്ടമായിട്ടല്ല; അതു അവന്റെ തികവുറ്റ ഇഷ്ടത്തെ മാനിക്കാനും അനുഗ്രഹിക്കാനുമായി അവൻ അതു ചെയ്യാൻ അനുവദിക്കുന്നു. ലൈംഗീക ബന്ധത്താൽ, കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതു, അവയിൽ ഒന്നിൽപ്പെട്ടതാണ്.

99 ഇപ്പോൾ ശ്രദ്ധിക്കൂ, മോവാബ്, തുടക്കം മുതലേ, ഒരു നിയമാനുസൃതമായ രാജ്യം ആയിരുന്നില്ല. അതു തുടങ്ങിയതു, ഒരു—ഒരു വിശ്വാസിയായ പിതാവും ഒരു വിശ്വാസിയായ പുത്രിയിലൂടെയും ആയിരുന്നിട്ടും, അതു നിയമാനുസൃതം ആയിരുന്നില്ല.

അങ്ങനെ തന്നെ കൃത്യമായും, നിങ്ങൾ അതിനെ ഒരു ആത്മീയ മനസ്സുമായി മാതൃകയാക്കിയാൽ, മറ്റെന്തിനെയും പോലെ തന്നെ അവിടെ ആ വിഭാഗീയ സഭ നില്ക്കുന്നതു നിങ്ങൾക്കു കാണാനാകും. തീർച്ചയായും. നോക്കൂ, ആ മുഴുവൻ കാര്യവും എല്ലാം കൂടി തെറ്റാണ്. മാത്രമല്ല, നോക്കൂ, അതു അങ്ങനെ തുടങ്ങി, കൊണ്ടുവരപ്പെട്ടപ്പോൾ, അതിനു ഒരിക്കലും...അതൊരു മഞ്ഞിന്റെ പന്തുപോലെ, അതു കൂടുതൽ കൂടുതലായി, പിന്നെയും, തുടർച്ചയായി, ഉരുണ്ടുകൊണ്ടിരുന്നു. നിങ്ങൾ ആ തെറ്റിലേയ്ക്ക് കടന്നാൽ, ആ ഒരു തെറ്റുമായി തുടങ്ങിയിട്ട്, നിങ്ങൾ ഒന്നിനു പുറകെ മറ്റൊന്നിലേയ്ക്ക് തുടരെ ഉരുണ്ടുകൊണ്ടിരിക്കും, ഒന്നിൽ നിന്നും മറ്റൊന്നായി, പിന്നെയും മറ്റൊന്നായി തീരുന്നു.

100 ആ വിധത്തിലാണ് സഭ ആരംഭിച്ചതു. ആ വിധത്തിലാണ് അതു റോമിലെ, നിഖ്യായിൽ തുടങ്ങിയതു, റോമൻ കത്തോലിക്കാ സഭ...ആരംഭത്തിൽ തുടങ്ങിയപ്പോൾ തന്നെ, അതു കടന്നു വന്നത് എവിടെ നിന്നായിരുന്നു, പെന്തെക്കോസ്തിൽ നിന്ന്. എന്നാൽ അവർ, സഭയായി, സംഘടനയായി തീർന്നു പ്രസിദ്ധിയിലേയ്ക്ക് വന്നപ്പോൾ, അവർ പ്രാർത്ഥനകൾ ഉണ്ടാക്കാൻ തുടങ്ങി, മുത്തുമണികളെ കൈവിരലുകൊണ്ടു നീക്കിക്കൊണ്ടു, മരിച്ചവർക്കായി പ്രാർത്ഥിക്കാനും, മറ്റുള്ള ഈ കാര്യങ്ങളും എല്ലാം തുടങ്ങി. അപ്പോൾ മുതൽ അതു, ഒരു തെറ്റിൽ നിന്നും മറ്റൊരു തെറ്റിലേയ്ക്ക്, അതു എവിടേയ്ക്ക് പോയി എന്നു ഇപ്പോൾ കാണാൻ കഴിയുന്നതുപോലെ, മുമ്പോട്ട് പോയി. അതിൽ എവിടെയും പെന്തെക്കോസ്തിന്റെ ഒരു മാതൃകയും ഇല്ലാതായി തീർന്നു. കാണുന്നോ? അതു ഒരു തെറ്റ് മറ്റൊന്നിനെ എടുത്തു, പിന്നെ മറ്റൊന്നിനെ എടുത്തു. അവിടെ ചെയ്യാനായി ഒരേ ഒരു കാര്യമേയുള്ളൂ, രേഖപ്പെടുത്തിയിരിക്കുന്നതിനെ വൃത്തിയാക്കിയിട്ട് ആരംഭത്തിലേയ്ക്ക് തിരികെ പോകുക.

101 മാർട്ടിൻ ലൂഥർ നീതീകരണവുമായി തുടങ്ങി. ലൂഥറിൻ സഭ, അതു കുറച്ചു കൂടെ മുന്നേറിയതായിരിക്കണം. കാണുന്നോ? ...ലൂഥർ, അവൻ സംഘടയായപ്പോൾ, അവനു വെസ്ലിയുടെ വിശുദ്ധീകരണം എടുക്കാൻ കഴിഞ്ഞില്ല, അവൻ സംഘടനയായി കഴിഞ്ഞിരുന്നു; മനുഷ്യർ അതിനുവേണ്ടി നിലകൊണ്ടില്ല, അതുകൊണ്ട് ആത്മാവ് അതിൽ നിന്നും പുറത്തു വന്നു.

102 ഇപ്പോൾ, ഇവിടെ ലോത്തിന്റെ കൂട്ടർ; അതല്ല ലോത്തിന്റെ മകളുടെ കുഞ്ഞായിരുന്ന മോവാബ്, തുടക്കം മുതലേ നിയമാനുസൃതമായിരുന്നില്ല. ഇപ്പോൾ ശ്രദ്ധിക്കൂ, മോവാബ്, പ്രാകൃത സഭയെപ്പോലെ, വിഭാഗീയ സഭയെ പ്രതിനിധീകരിക്കുന്നു.

യിസ്രായേൽ ആത്മീയ സഭയെ പ്രതിനിധീകരിക്കുന്നു. ഒരു യഥാർത്ഥ സഭയുണ്ടായിരുന്നിട്ട്, യിസ്രായേൽ, ആ ദിവസത്തെ മണവാട്ടിയായി, മിസ്രായീമിൽ നിന്നും പുറത്തു വിളിച്ചു, സത്യമാണെന്നു സമർത്ഥിച്ചു കാണിച്ചതായിരുന്നു.

103 അവർ, രണ്ടുപേരും, ഒരുമിച്ചു കൂടിവന്നപ്പോൾ ശ്രദ്ധിക്കൂ. അവർ രണ്ടാളും ഒരേ ബലികൾ തന്നെ അർപ്പിച്ചു, രണ്ടു പേരും ഏഴു ബലിപീഠം പണിതതായി കാണുന്നു, രണ്ടാളും ശുദ്ധിയുള്ള, കാളയെ ബലിയർപ്പിച്ചു. അവർ ആട്ടുക്കൊറ്റനെയും ബലിയർപ്പിച്ചുകൊണ്ട്, ഒരു മശീഹാ വരുന്നു എന്നു സാക്ഷീകരിക്കുകയും ചെയ്തിരുന്നു. അടിസ്ഥാനപരമായി, അവർ രണ്ടുപേരും കൃത്യമായും ഒന്നു തന്നെ. യിസ്രായേൽ, ഇവിടെ താഴ്വരയുടെ അടിവാരത്തും; മോവാബ്, മലയുടെ മേൽ ഭാഗത്തും. മോവാബിനു ഏഴു ബലിപീഠങ്ങൾ; യിസ്രായേലിനും ഏഴു ബലിപീഠങ്ങൾ ഉണ്ടായിരുന്നു. മോവാബിന് ഏഴു കാളകൾ; യിസ്രായേലിനും ഏഴു കാളകൾ. മശീഹാ വരുന്നതിനെ വിളിച്ചറിയിക്കുന്നതിനു, മോവാബിനെ ഏഴു ആട്ടുക്കൊറ്റന്മാർ; യിസ്രായേലിനും ഏഴു ആട്ടുക്കൊറ്റന്മാർ.

അവർ തമ്മിലുള്ള വ്യത്യാസം എന്താണ്? അടിസ്ഥാനപരമായും, അവർ രണ്ടും ശരിയാണ്. എന്നാൽ, നിങ്ങൾ നോക്കൂ, മോവാബിനു അവരോടൊപ്പം ദൈവം ഉണ്ടെന്നുള്ള സമർത്ഥനം ഉണ്ടായിരുന്നില്ല; അവർ വെറും ഒരു രാജ്യമായി, ഒരു പ്രസിദ്ധരായ കൂട്ടരായിരുന്നു. എന്നാൽ യിസ്രായിലോനൊടൊപ്പം ഒരു പ്രവാചകൻ ഉണ്ടായിരുന്നു. അവരോടൊപ്പം അവർക്ക് ഒരു അടിക്കപ്പെട്ട പാറയുണ്ടായിരുന്നു. അവർക്ക് ഒരു അഗ്നിസ്തംഭം ഉണ്ടായിരുന്നു. സൌഖ്യത്തിനായി, അവർക്ക് ഒരു താമ്രസർപ്പം ഉണ്ടായിരുന്നു. അവരോടൊപ്പം പോയ്ക്കൊണ്ടിരുന്ന ദൈവത്തിന്റെ അനുഗ്രഹങ്ങൾ അവർക്കുണ്ടായിരുന്നു, അവർ പുറത്തേക്ക് വിളിക്കപ്പെട്ട ദൈവത്തിന്റെ മക്കളായിരുന്നു.

104 ഇപ്പോൾ ഇന്നത്തെ സഭകളിൽ നമുക്ക് അതു കൃത്യമായും മാതൃകയാക്കിയിരിക്കുന്നതു കാണാൻ കഴിയും. മോവാബ് അങ്ങനെ അകാതിരുന്നതുപോലെ തന്നെ. യിസ്രായേൽ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് പോകുന്ന ഒരു പരദേശിയായിരുന്നു; അഗ്നിസ്തംഭം പോകുന്നിടത്തേയ്ക്കെല്ലാം, അവർ അതിനോടൊപ്പം പോയിരുന്നു. മോവാബ്, അങ്ങനെ

ആയിരുന്നില്ല; അവർ അവരുടെ രാജ്യത്തു തന്നെ, അവരുടെ സ്വന്ത സംഘടനയോടൊപ്പം അടിയുറച്ചിരുന്നു. അവർ യാത്ര ചെയ്തിരുന്നില്ല, അവർ അവിടെത്തന്നെ തങ്ങിയിരുന്നു. അവർക്ക് അവരുടെ പ്രസിദ്ധിയാർജ്ജിച്ചർ ഉണ്ടായിരുന്നു. അവർ ചെയ്യാൻ ആഗ്രഹിച്ചിരുന്ന വിധം അവർ കാര്യങ്ങളെ നിയോഗിച്ചിരുന്നു, അവർക്ക് അവരുടേതായ പോരാളികൾ ഉണ്ടായിരുന്നു, അവർക്ക് അവരുടെ യോദ്ധാക്കന്മാർ ഉണ്ടായിരുന്നു, അവർക്ക് അവരുടെ നിർദ്ദേശങ്ങളുടെ ചടങ്ങുകളും, അങ്ങനെയുള്ളതും മറ്റും നൽകാനായി, അവർക്ക് രാജാവുണ്ടായിരുന്നു.

105 എന്നാൽ യിസ്രായേലിനുണ്ടായിരുന്ന എന്തോ ചിലതു അവർക്ക് ഇല്ലാതിരുന്നതായി മോവാബ് കണ്ടു. ഒരു ബലമുള്ള ശക്തി യിസ്രായേലിന്റെ ഇടയിൽ ഉണ്ടായിരുന്നതു അവർ കണ്ടു, അതൊരു പ്രവാചകനായിരുന്നു. ആ പ്രവാചകൻ മോശെയായിരുന്നു. യുദ്ധം തെറ്റായ വഴിക്കു തിരിഞ്ഞപ്പോഴാണ് അവർക്കതു മനസ്സിലായതു, അവർ അവന്റെ കൈകളെ ഉയർത്തി പിടിച്ച് അവിടെ തന്നെ വെച്ചിരുന്നപ്പോൾ, യുദ്ധത്തിനു മാറ്റം വന്നു. അവർക്ക് അങ്ങനെയുള്ള ഒന്നു ഇല്ലാതിരിക്കെ, അവർ അതിനെ രാഷ്ട്രീയമായി, ഒരു രാഷ്ട്രീയമായ വലിയാൽ, ചെറുക്കാൻ നോക്കി. അവർക്ക് ഒരു പ്രവാചകൻ ഉണ്ടായിരിക്കാനായി, അവർക്ക് യിസ്രായേലിനു ഉണ്ടായിരിക്കുന്നതുപോലെ ശക്തി അവരുടെ ഇടയിൽ ഉണ്ടായിരിക്കാനായി, മറ്റൊരു രാജ്യത്തിലേയ്ക്ക് അവരെ അയച്ച ഒരു പ്രവാചകനെ കടമെടുത്തു അവിടെ കൊണ്ടുവന്നു.

106 നിങ്ങൾ ആ ജഡീക അനുകരണം കാണുന്നോ? ഇന്നത്തെ ജഡീക സഭയെ നിങ്ങൾക്ക് കാണാനാകുന്നോ? അതു അതേ കാര്യം തന്നെ ചെയ്തിരിക്കുന്നു.

107 ഇപ്പോൾ, ശ്രദ്ധിക്കൂ, അവർക്ക് രണ്ടുകൂട്ടർക്കും പ്രവാചകന്മാർ ഉണ്ടായിരിക്കാൻ പോകുന്നു. ഒരു വ്യത്യാസം എന്നതു, ദൈവത്തിന്റെ പ്രവാചകനായ, മേശെയുടെ, രാജാവ് ദൈവമായിരുന്നു. അവിടെ നിന്നാണ് അവന് കല്പനകൾ, കർത്താവിന്റെ വചനം കിട്ടിയിരുന്നതു. ബിലെയാം, അവനും, അവനും ഒരു രാജാവുണ്ടായിരുന്നു, ആ രാജാവ് ബാലാക്കായിരുന്നു, മോവാബിന്റെ രാജാവ്, അവിടെ നിന്നാണ് അവന്റെ അനുഗ്രഹങ്ങളും അവനു കല്പനകളും കിട്ടിയിരുന്നതു. അതുകൊണ്ട് മോവാബ് ബാലാക്കിനോടു പറഞ്ഞു, "കടന്നു വരൂ," അങ്ങനെയല്ല ബിലെയാം പറഞ്ഞു, "കടന്നു വന്നു എനിക്കുവേണ്ടി ഈ ജനങ്ങളെ ശപിക്കുക, അവർ ഭൂതലം ഒക്കെയും മൂടിയിരിക്കുന്നു. അവർ കടന്നു വന്നിരിക്കുന്നു ഒരു കാള പുല്ല നക്കുന്നതു പോലെ സകലതും

നക്കി തിന്നിരിക്കുന്നു," പറഞ്ഞു, "ഇപ്പോൾ കടന്നു വരൂ. നിനക്കു അനുഗ്രഹിക്കാനും, നിനക്ക് ശപിക്കാനും, നീ ചെയ്യുന്നതു ഒക്കെയും അനുഗ്രഹിക്കപ്പെട്ടും എന്നു ഞാൻ അറിയുന്നു."

108 ഇപ്പോൾ, നാം ഇവിടെ ശ്രദ്ധിക്കാൻ ആഗ്രഹിക്കുന്നതു ഈ മനുഷ്യൻ ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു പ്രവാചകനാണ് എന്നതാണ്, എന്നാൽ അവൻ തന്റെ ജന്മാവകാശത്തെ രാഷ്ട്രീയ പ്രേരണകൾക്കായി വിറ്റുകളഞ്ഞു. ലൂഥറിനെയും, വെസ്ലിയേയും, പെന്തെക്കോസ്തിനെയും പോലെ ഇന്നത്തെ സഭകൾ ചെയ്തിരിക്കുന്നു, അവരുടെ മുഴുവൻ കൂട്ടരും, അവരുടെ വിഭാഗീയ സഭകളിലെ പ്രഭാവങ്ങളാൽ അതിനെ വിറ്റുകളഞ്ഞിരിക്കുന്നു. മോശെ, ദൈവത്തിന്റെ കീഴിലും; ബിലെയാം, ബാലാക്കിന്റെ കീഴിലും. രണ്ടും ആത്മീയർ, രണ്ടും പ്രവാചകന്മാർ ദൈവത്തിന്റെ മനുഷ്യൻ എന്നു വിളിച്ചിരുന്നവർ. ഓരോരുത്തർക്കും ഒരു തലവൻ ഉണ്ടായിരുന്നു; മോശെയുടേതു ദൈവവും; ബാലാക്കിന്റേത് ബിലെയാമും ആയിരുന്നു.

109 ഇപ്പോൾ ഇവിടെ പ്രാകൃതമായതു തെറ്റാണെന്നു തെളിയിക്കാൻ, ആത്മീയമായതിനെ എങ്ങനെ പ്രയോഗിക്കുന്നു എന്നു ശ്രദ്ധിക്കു. മോശെ ദൈവത്താൽ അയയ്ക്കപ്പെട്ട്, കർത്തവ്യത്തിന്റെ പാതയിൽ ആയിരുന്നപ്പോൾ, ദൈവത്തിന്റെ മറ്റൊരു വെല്ലുവിളിക്കാരനായ പ്രവാചകനുമായി സന്ധിക്കുന്നു. നിങ്ങൾക്ക് അതൊന്നു ഊഹിക്കാമോ! മോശെ ദൈവത്താൽ വിളിക്കപ്പെട്ടു. ദൈവത്താൽ നിയോഗിക്കപ്പെട്ടു, ദൈവത്തിന്റെ കർത്തവ്യത്തിൽ നിന്നുകൊണ്ട്; ഈ തണുത്തുറഞ്ഞ, ഔപചാരിക കൂട്ടരുടെ അടുക്കലേയ്ക്ക് വന്നപ്പോൾ, ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട് നിയോഗിക്കപ്പെട്ടതിനെ, ദൈവത്തിന്റെ മറ്റൊരു പ്രവാചകനാൽ വെല്ലുവിളക്കപ്പെടുന്നു. എന്താണ് വ്യത്യാസം എന്നു നിങ്ങൾ എങ്ങനെ പറയും? അവർക്കു രണ്ടുപേർക്കും പ്രവാചകന്മാരുണ്ട്. രണ്ടു പ്രാവചകന്മാരോടും ദൈവം സംസാരിച്ചിരിക്കുന്നു.

110 അവരിൽ ചിലർ പറഞ്ഞു, "ദൈവം പറഞ്ഞു, '*ഇതു* ചെയ്യുക.' ദൈവം പറഞ്ഞു, '*അതു* ചെയ്യുക.'" ഇപ്പോൾ, ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല, എന്നാൽ അതു ദൈവ വചനത്തിന്റെ നിരയ്ക്കു പുറത്തായിരിക്കുന്നു. പ്രവാചകനോ, അവൻ ഒരു പ്രവാചകനായിരുന്നാലും, അവൻ നിരയ്ക്കു പുറത്താകുന്നു. അങ്ങനെ അനേക ജനങ്ങൾ ചതിയ്ക്കപ്പെടുന്നു. "ഓ, *ഈ* സഹോദരനു *ഇതു* ചെയ്യാനാകും, *ഈ* സഹോദരനു *അതു* ചെയ്യാനാകും," പിന്നെയും വചനം നിരസിക്കുകയോ?

111 "ഞാൻ മനുഷ്യരുടെയും, ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും, എനിക്ക് ദാനങ്ങളുണ്ടായിരുന്നിട്ട്, ഈ മലകളെ നീക്കുവാൻ കഴിഞ്ഞാലും, എനിക്കുള്ളതെല്ലാം ഞാൻ ദരിദ്രർക്കു ദാനം ചെയ്താലും, അപ്പോഴും ഞാൻ ഒന്നുമല്ല."

"'കർത്താവെ, കർത്താവെ, നിന്റെ നാമത്തിൽ ഞാൻ പ്രവചിച്ചിട്ടില്ലേ? നിന്റെ നാമത്തിൽ, ഞാൻ ഭൂതങ്ങളെ പുറത്താക്കുകയും, വീര്യപ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തിട്ടില്ലേ?' എന്നു പലരും അന്നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; 'അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ...എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും.'" അപ്പോഴും, അവർ അതു ചെയ്തിട്ടുണ്ട് എന്നുള്ള ഒരു ഏറ്റുപറച്ചിലുമായാണ് അവിടെ വരുന്നതു, എന്നാൽ യേശു പറയുന്നു, "അവർ അധർമ്മം പ്രവർത്തിക്കുന്നവർ," എന്നാണ്. എന്താണ് അധർമ്മം? നിങ്ങൾ ചെയ്യേണം എന്നു നിങ്ങൾ തന്നെ അറിയുന്ന ഒരു കാര്യം, അതു ശരിയ്ക്കും ചെയ്യേണ്ടതാണ്, നിങ്ങൾ ചെയ്യാതിരിക്കുന്നതാണ്. നോക്കൂ അവസാന നാൾക്കളിൽ സംഭവിക്കാൻ പോകുന്നതു എന്താണ്?

112 മുഴുവൻ വരിയും കേട്ടുകൊൾവിൻ! ഇന്നു രാത്രിയിലെ എന്റെ ഉദ്ദേശ്യം അതാണ്. ഞാൻ ഒമ്പതു മണിയോടു കൂടെ പുറത്തു പോകും എന്നു ഞാൻ പറഞ്ഞിരുന്നു, ഒരുപക്ഷേ, ഞാൻ ഒരല്പം താമസിച്ചു പോയെന്നു വരാം. നോക്കൂ, അതാണ് എന്റെ പൂർണ്ണമായ ഉദ്ദേശ്യം, ദൈവത്തിന്റെ വചനത്താൽ നിങ്ങൾക്ക് ഈ വരി കാണിച്ചു തരേണം, നോക്കൂ, അതാണ്—അതാണ് ദൈവമായി തുടരാൻ ദൈവത്തിനു തന്റെ വചനത്തെ കാക്കേണ്ടതുണ്ട്.

113 ഇപ്പോൾ, ഈ രണ്ടാളും ആത്മീയരാണെന്നു നാം കണ്ടു, രണ്ടാളും പ്രവാചകന്മാരായിരുന്നു, രണ്ടാളും വിളിക്കപ്പെട്ടിരുന്നു. മോശെ, കർത്തവ്യത്തിന്റെ പാതയിലായിരുന്നിട്ട്, ഓരോ ദിവസവും പുതുമയുള്ള ഒരു അഗ്നിസ്തംഭം അവന്റെ മുന്നിലുണ്ടായിരുന്നു, കർത്തവ്യത്തിന്റെ പാതയിൽ, ദൈവത്തിന്റെ ആത്മാവ് അവന്റെ മേലുണ്ടായിരുന്നു. ഇവിടെ ഇതാ മറ്റൊരു ദൈവ ദാസൻ കടന്നു വരുന്നു, ദൈവത്താൽ വിളിക്കപ്പെട്ട്, ദൈവത്താൽ നിയോഗിക്കപ്പെട്ടു, ദൈവത്തിന്റെ വചനം വന്നിരുന്ന ഒരു പ്രവാചകൻ. ഇവിടെയാണ് ആ അപായത്തിന്റെ നിര. ആ മനുഷ്യൻ ദൈവം—ദൈവത്തിൽ നിന്നും അല്ലെന്നു പറയാനായി അവിടെ ആരും ഇല്ല, കാരണം ദൈവത്തിന്റെ ആത്മാവ് അവനോടു സംസാരിച്ചെന്നു ബൈബിൾ പറയുന്നു, അവൻ ഒരു പ്രവാചകനായിരുന്നു. എന്നാൽ, നിങ്ങൾ നോക്കൂ, അവനു

ദൈവത്തിൽ നിന്നും വാസ്തവമായ ഉത്തരം കിട്ടിയപ്പോൾ, അവൻ അതിനെ കാത്തുകൊണ്ടില്ല. അവൻ അതിനു ശ്രദ്ധ കൊടുക്കാതെ, അവൻ പോയി മോശയെ വെല്ലുവിളിച്ചു.

114 ഇപ്പോൾ, ബിലെയാം തന്റെ മുഴു ഹൃദയത്തോടും കൂടെ, ദൈവേഷ്ടം ആരാഞ്ഞു. ഇപ്പോൾ, ഇവിടെ ഈ മഹാന്മാരായ മനുഷ്യർ വന്നിട്ടു പറയുന്നു, "ബിലെയാം! ബാലാക്ക് രാജാവ് അയച്ചിരിക്കുന്നു, നീ അതിവേഗം വന്നു ഈ യിസ്രായേൽ ജനങ്ങളെ ശപിക്കേണം, കാരണം അവർ ഭൂതലമൊക്കെയും നിറഞ്ഞിരിക്കുന്നു, ഇപ്പോൾ അവർ എനിക്ക് എതിരെ പാളയമടിച്ചിരിക്കുന്നു. അവർ ചുറ്റിനുമുള്ള സകല രാജ്യങ്ങളെയും നക്കിത്തുടച്ച്, അവയെ താഴ്ത്തിയിരിക്കുന്നു. ഇപ്പോൾ നീ ഇവിടെ വന്നു ഈ ജനങ്ങളെ ശപിക്കാൻ നാം ആഗ്രഹിക്കുന്നു. കാരണം, നീ ആരെ ശപിക്കുന്നോ, അവൻ ശപിക്കപ്പെട്ടവൻ, എന്നു ഞാൻ അറിയുന്നു." ഇപ്പോൾ, നിങ്ങൾ നോക്കു, അവൻ ഒരു ദൈവ പുരുഷനായിരുന്നു. "നീ അനുഗ്രഹിക്കുന്നതൊക്കെയും, അനുഗ്രഹിക്കപ്പെട്ടും." അവൻ ഒരു ദൈവ ദാസനായിരുന്നു.

115 ഒരു പ്രവാചകനായിട്ട്, ബിലെയാം ഇപ്പോൾ ചിന്തിച്ചു, "എനിക്ക് ചെയ്യാനായി ഒരേ ഒരു കാര്യമേയുള്ളൂ, അതു ദൈവേഷ്ടം ആരായുക എന്നതാണ്."

116 അവൻ ഒരു പ്രവാചകനായി വിളിക്കപ്പെട്ടിരിക്കുന്നെങ്കിൽ, അതാണ് ഒരു പ്രവാചകന്റെ കർത്തവ്യം. ആദ്യം, ഒരു പ്രവാചകൻ തികച്ചും എന്തു ചെയ്തിരിക്കേണം? ദൈവ വചനത്തെയും, അവന്റെ ഇഷ്ടം എന്താണെന്നും അന്വേഷിക്കേണം. അവൻ അതു തീർത്തും ചെയ്തിരിക്കേണം. കാരണം, ഒരു പ്രവാചകനായിരിക്കെ, ദൈവത്തിന്റെ വചനം അവന്റെ അടുക്കൽ വരുന്നു. ആ...അവർ പറയും, "അതെ, നീ ഒരു മതതത്വവേദശാസ്ത്രിയല്ല." ദൈവത്തിന്റെ വചനം ഒരു മതതത്വവേദശാസ്ത്രിയുടെ അടുക്കൽ വരുന്നു എന്നു ബൈബിളിൽ ഒരിക്കലും പറഞ്ഞിട്ടില്ല. അവരാണ് അതിനെ കൂട്ടിക്കുഴച്ചു കളഞ്ഞതു. വചനം ദൈത്തിന്റെ പ്രവാചകന്റെ അടുക്കൽ വരുന്നു.

117 ഇവിടെ ഇതാ ദൈവത്തിന്റെ പ്രവാചകനായിരിക്കുന്ന ഒരു മനുഷ്യൻ. അവൻ വാടകയ്ക്കു എടുക്കപ്പെട്ടപ്പോൾ, അവിടെ കടന്നുപോയി ദൈവത്തിന്റെ മറ്റൊരു കൂട്ടരെ ശപിക്കാനായി, കൂലിയ്ക്ക് എടുക്കപ്പെട്ടപ്പോൾ, ശ്രദ്ധിക്കു, അവൻ ദൈവേഷ്ടം അറിയാനായി പോയി. അവൻ അവന്റെ തികവുറ്റ ഇഷ്ടം എന്താണെന്നു അറിയാൻ പോയിട്ട്, ദൈവം ആ വിഷയത്തിന്മേലുള്ള തന്റെ തികവുറ്റ ഇഷ്ടം അവനു കൊടുത്തു, തികവുറ്റ ഇഷ്ടം അവനോടു അവതരിപ്പിച്ചു. അവന്റെ ഇഷ്ടം എന്തായിരുന്നു? "നീ പോകരുത്!" അതു ദൈവത്തിന്റെ

ആദ്യ വാക്കായിരുന്നു. "അവരോടൊപ്പം പോകരുത്. എന്റെ തികവുറ്റ വഴികളിൽ നടക്കുന്ന ജനങ്ങളെ, നീ എന്റെ ജനങ്ങളെ ആക്രമിക്കാൻ പോകരുത്."

118 അതു ഇന്നു എങ്ങനെയായിരിക്കുന്നു, ദൈവത്തിന്റെ ആത്മാവ് നിങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നു എന്നു അവർ കാണുമ്പോൾ, ചെറിയ കാര്യത്തിന് ബഹളം വെയ്ക്കാനും, വാദപ്രതിവാദം നടത്താനും, മറ്റും അവർ ആഗ്രഹിക്കുന്നു. അതിനെ ശ്വാസം മുട്ടിച്ചു വീഴ്ത്താനായി, വർഷങ്ങളായി അവർ പരിശ്രമിച്ചുകൊണ്ടിരിക്കുകയും, അതിനായി പരിശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ അവർ അതിനെ ശ്വാസം മുട്ടിച്ചു വീഴ്ത്താനായി അധികം ശ്രമിക്കുന്തോറും, അതു വലുതായി വളർന്നു കൊണ്ടിരിക്കുന്നു. ദൈവം അനുഗ്രഹിച്ചതിനെ നിങ്ങൾക്കു ശപിക്കാനാകില്ല. നിങ്ങൾക്ക് അതിനു കഴിയില്ല. നിങ്ങൾക്ക് അതു ചെയ്യാനാകില്ല.

119 അതുകൊണ്ട്, നിങ്ങൾ നോക്കൂ, അതു ദൈവത്തിന്റെ ജനങ്ങളായിരുന്നു. ഇപ്പോൾ, ആ പ്രവാചകൻ, അവൻ രാജാവിനാൽ കൂലിയ്ക്കു വാങ്ങപ്പെട്ട് പ്രസിദ്ധിയാർജ്ജിച്ചവരുടെ, ഇടയിൽ പ്രവർത്തിച്ചുകൊണ്ടു അവിടെ മുകളിലായിരുന്നു. ദൈവ വചനം അവന്റെ അടുക്കൽ വന്നിരുന്നു. അവൻ ദൈവേഷ്ടം ആരാഞ്ഞിരിക്കുകയും, ദൈവേഷ്ടം അവനോടു തിരികെ സംസാരിച്ചു കൊണ്ടു, പറഞ്ഞു, "ഈ ജനങ്ങളെ ശപിക്കരുത്. ഞാൻ അവരെ അനുഗ്രഹിച്ചിരിക്കുന്നു."

120 നാം ഈ പ്രസംഗിക്കുന്ന സന്ദേശത്തെ നിരസിക്കാൻ കഴിയുന്ന ഒരു മതതത്വവേദശാസ്ത്രി പോലും ഇപ്പോൾ ആകാശത്തിൻ കീഴിലില്ല, എന്നാൽ അതു ദൈവ വചനം കൃത്യമായി അതിന്റെ ശരിയായ സമയത്തുള്ളതാകുന്നു. അതിൽ, പറഞ്ഞിരുന്നതും ചെയ്തിരുന്നതുമായ ഓരോന്നിനെയും ദൈവം സമർത്ഥിച്ചിരിക്കുന്നു. അതു സത്യമായിരിക്കുന്നു എന്നു അവൻ തെളിയിച്ചിരിക്കുന്നു. ഇപ്പോൾ, ഒരു മതതത്വവേദശാസ്ത്രിയോ, ഒരു ബൈബിൾ വായനക്കാരനോ, ഒരു പ്രവചാകനോ, ആ വചനത്തിലേയ്ക്ക് നോക്കിയാൽ, അവൻ ഒരു പ്രവാചകനാണെങ്കിൽ, അവനും അതേ കാര്യം തന്നെ കാണും. അവൻ അതേ കാര്യം കാണുന്നില്ലെങ്കിൽ, അവിടെ എന്തോ തകരാറുണ്ടെന്നു അതു കാണിക്കുന്നു. എന്തുകൊണ്ടെന്നാൽ...

121 നിങ്ങൾ പറയും, "അതെ, ഓ, എനിക്ക് അതിനെ നേരെ തിരിച്ച് എടുക്കാനാകും." അങ്ങനെ തന്നെയാണ് ബാലാക്കും, ബിലെയാമും എടുത്തത്. കാണുന്നോ? ദൈവം മേശെയെ തിരിച്ചറിയിച്ചിരുന്നു.

പിന്നെ അതിനുള്ള തെളിവ് എന്താണ്? ദൈവത്തിന്റെ വചനം. അവൻ അതു വ്യക്തമായി കേട്ടിരുന്നു, ദൈവത്തിന്റെ സ്പഷ്ടമായ തീരുമാനം, "നീ പോകരുത്. ഞാൻ അനുഗ്രഹിച്ചതിനെ നീ ശപിക്കാൻ ശ്രമിക്കരുത്. അവർ എന്റെ ജനങ്ങളാണ്."

എന്നാൽ എന്താണെന്നു നിങ്ങൾക്കറിയാമോ? തുടക്കം മുതലേ, ബിലെയാം ആ ജനങ്ങളെ ഇഷ്ടപ്പെട്ടിരുന്നില്ല. ഓ, എന്താ ഒരു...ഇന്നു ഈ ലോകത്തിൽ എത്രമാത്രം ബിലെയാമുകൾ ഉണ്ടായിരിക്കുന്നു! തുടക്കം മുതലേ അവൻ ആ കൂട്ടരെ ഇഷ്ടപ്പെട്ടിരുന്നില്ല.

122 ഇപ്പോൾ, അവൻ ദൈവത്തിന്റെ സ്പഷ്ടമായ തീരുമാനം കേട്ടതിനു ശേഷം, "നീ പോകരുത്." എന്നാൽ, നിങ്ങൾ നോക്കു, അതു ചെയ്യുന്നതിനു പകരം, അതു കയീനെപ്പോലുള്ള അതേ കാര്യമായി, കോരഹിനെപ്പോലെ, അവൻ അസൂയ പൂണ്ടവനായി, അവൻ—അവൻ ആഗ്രഹിച്ചു, എങ്ങനെയും, പോകാനുള്ള ഒരു കാരണം വേണം.

123 ശ്രദ്ധിക്കു, അവന്റെ വിഭാഗീയ സഭ മുഖ്യകാര്യാലയത്തിലേക്ക്, അവൻ തിരികെ പറഞ്ഞയച്ചിട്ടു, പറയണമായിരുന്നു, "പറ്റില്ല, ഞാൻ അവിടേയ്ക്ക് പോകാൻ പാടില്ലെന്നു കരുതുന്നു. എനിക്ക് അവരുമായി എന്തെങ്കിലും ചെയ്യാനുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഞാൻ ആ ജനങ്ങളുമായി തർക്കിക്കാൻ തയ്യാറല്ല, കാരണം അതു അവന്റെ ജനങ്ങളാണെന്നു ദൈവം എന്നോടു പറഞ്ഞിരിക്കുന്നു, ഞാൻ അവിടേയ്ക്ക് പോകും എന്നു ഞാൻ കരുതുന്നില്ല." അവനു അതുമായി തന്നെ നിലനിന്നിരുന്നെങ്കിൽ!

എന്നാൽ, അവന്റെ ഹൃദയത്തിൽ, അവൻ അവരെ ഇഷ്ടപ്പെട്ടിരുന്നില്ല. കാണുന്നോ? അവർ അവന്റെ കൂട്ടരിൽ ഉൾപ്പെട്ടിരുന്നില്ല. അവന്റെ കൂട്ടത്തിൽ ഉൾപ്പെട്ടിരിക്കാത്ത എന്തിനെയും, "അതു തുടക്കം മുതലേ, ശരിയായിരുന്നില്ല." കാണുന്നോ? അവൻ അവരെ താഴേയ്ക്കു നോക്കി, പറഞ്ഞു, "ആ ജനങ്ങൾ ചില മോശമായ കാര്യങ്ങൾ ചെയ്തിട്ടുണ്ടാകും. അങ്ങനെയുള്ള ജനങ്ങളെ പരിശുദ്ധനായ ദൈവം തീർച്ചയായും ശപിക്കും. അവർ, അവർ പഠിപ്പില്ലാത്തവരാണ്. അവർ നമ്മെപ്പോലെ വിദ്യാഭ്യാസം ചെയ്തിട്ടില്ല. ഞങ്ങൾ ഒരു സമർത്ഥരായ ജനങ്ങളാണ്. ഓ, അവർ ദൈവത്തെ സേവിക്കുന്നു എന്നു അവകാശപ്പെടുന്നു, എന്നാൽ, അവരെ ഒന്നു നോക്കു, അവർ എന്താണ്? ഒരു കൂട്ടം, എന്താ, ഒരു കൂട്ടം അടിമകൾ, മണ്ണു കുഴക്കുന്നവർ, മിസ്രായീമ്യർ അവിടെ നിന്നും അവരെ ഓടിച്ചു കളഞ്ഞിരിക്കുന്നു. എന്താ, അങ്ങനെയുള്ള ഒരു വൃത്തികെട്ട കൂട്ടരുമായി ദൈവത്തിനു ഒരിക്കലും ഒന്നും ചെയ്യാനില്ല!"

124 അവൻ ആ അഗ്നിസ്തംഭത്തെയും, അടിക്കപ്പെട്ട പാറയേയും താമ്ര സമർപ്പത്തെയും കാണുന്നതിൽ പരാജയപ്പെട്ടിരുന്നു. സദാചാരത്തിന്റെ ഒരു കാഴ്ചപ്പാടിലാണ് അവൻ അവരെ വിധിക്കാൻ ശ്രമിച്ചതു, ദൈവത്തിന്റെ ആ ഉന്നതമായ വിളി കാണുന്നതിൽ അവൻ പരാജയപ്പെട്ടുപോയി. കൃപയാൽ, തിരഞ്ഞെടുപ്പിനാൽ, അവർ ആ നിരയിലും, ദൈവ വചനത്തോടൊപ്പവും ആയിരുന്നു. അവൻ അവരെ ശപിക്കാൻ ആഗ്രഹിച്ചപ്പോൾ, ദൈവം പറഞ്ഞു, "നീ അതു ചെയ്യരുത്. അവർ എന്റേതാണ്. അവരെ തനിയെ വിട്ടേക്കുക. നീ അവരെ തൊടരുത്."

125 ഇപ്പോൾ, അങ്ങനെ ആ മനുഷ്യൻ, തിരികെ പോയി. അവൻ തിരികെ പോയപ്പോൾ, അവന്റെ ഈ വിഭാഗീയ സഭയുടെ മുഖ്യ കാര്യാലയത്തിൽ ഒന്നു ശ്രദ്ധിക്കു. അവർ അതിലും കൂടുതൽ സ്വാധീനതയുള്ള ഒരു കൂട്ടരെ അയച്ചു. സാധാരണ അവിശ്വാസനു പകരം, ഒരുപക്ഷേ ഈ സമയത്തു കടന്നുവന്നവർക്ക് ദിവ്യത്വത്തിന്റെ ഡോക്ടേറ്റ് ലഭിച്ചിരുന്നു എന്നു വരാം. അവർ ഒരുപക്ഷേ ബിഷപ്പുമാരോ അതോ സംസ്ഥാന പ്രിസ്ബിറ്ററ്റർമാരോ ആയിട്ട്, എല്ലാവരും... അവർ ഒരു—ഒരു—ഒരു വളരെ മെച്ചമായ കൂട്ടരെ, ഒരു—ഒരു അല്പം അധികം സ്വാധീനിക്കാനാകുന്നവരെ, അല്പം അധികം വിദ്യാഭ്യാസം ഉണ്ടായിരുന്നിട്ട് അവനു ഒരു നല്ല പദ്ധതി പറഞ്ഞു കൊടുക്കാൻ കഴിയുന്നവരെ, അതിനോട്ടു യുക്തിവാദം ചെയ്യാൻ കഴിയുന്നവരെ, അയച്ചു.

126 നോക്കു, അതാണ് കയീനും ചെയ്തതു; അവൻ യുക്തിവാദം ചെയ്തു. അതാണ് കോരഹ് ചെയ്തതു; അവൻ യുക്തിവാദം ചെയ്തു. യുക്തിവാദം ചെയ്തതു അവനായിരുന്നില്ല.

"നാം യുക്തിവാദങ്ങളെ നിരസിച്ചുകളയേണം." മറ്റു എന്തു പറഞ്ഞാലും കാര്യമില്ല, നാം ദൈവത്തിൽ വിശ്വസിക്കുന്നു. നാം ദൈവത്തെ വിശ്വസിക്കുന്നു. ദൈവം പറഞ്ഞതിനോട്ടു നാം യുക്തിവാദം ചെയ്യുന്നില്ല. നിങ്ങൾക്ക് അതുമായി യുക്തിവാദം ചെയ്യാനാകില്ല. നിങ്ങൾക്ക് അതു വിശ്വാസത്താൽ സ്വീകരിക്കേണ്ടതുണ്ട്. നിങ്ങൾ എന്തെങ്കിലും അറിഞ്ഞു കഴിഞ്ഞാൽ, പിന്നെ അതിനോട്ടു നിങ്ങൾ ഒരിക്കലും യുക്തിവാദം ചെയ്യില്ല. അവൻ അതു എങ്ങനെ ചെയ്യുന്നു എനിക്കറിയില്ല; അവൻ അതു ചെയ്യുന്നു ഞാൻ വിശ്വസിക്കുന്നു. അവൻ ആ വാഗ്ദത്തം എങ്ങനെ കാത്തുപാലിക്കാൻ പോകുന്നെന്നു എനിക്കറിയില്ല; എന്നാൽ അവൻ അതു ചെയ്യുമെന്നു അവൻ പറഞ്ഞിരിക്കുന്നു.

ഞാൻ അതു വിശ്വസിക്കുന്നു. അതു ദൈവത്തിന്റെ വചനമാണെന്ന അടിസ്ഥാനത്തിന്മേൽ ഞാൻ അതു സ്വീകരിക്കുന്നു.

നിങ്ങൾ പറയും, "അതെ, നിങ്ങൾക്കു അതുമായി കടന്നു കൂടാനാകില്ല." ഞാൻ അതുമായി എങ്ങനെ കടന്നുകൂട്ടുമെന്നു എനിക്കറിയില്ല, എന്നാൽ അവൻ പറഞ്ഞിരിക്കുന്നു, "അതു പറയുക."

എന്റെ ബാപ്റ്റിസ്റ്റ് പാസ്റ്റർ എന്നോടു പറഞ്ഞതു ഞാൻ ഓർക്കുന്നു, പറഞ്ഞു, "എന്താ, ബില്ലി, നീ പള്ളിയിലെ തുണ്ടുകളോടു പ്രസംഗിക്കും എന്നാണോ വിചാരിക്കുന്നത്. എന്താ, അങ്ങനെയൊരു കാര്യം ആരെങ്കിലും കേൾക്കുമെന്നു നീ വിചാരിക്കുന്നോ?"

ഞാൻ പറഞ്ഞു, "ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നു."

"ഒരു ഏഴാം ക്ലാസ് പഠിത്തവുമായി, നീ രാജാക്കന്മാർക്കായി പ്രാർത്ഥിക്കുകയും, ലോകമെമ്പാടും പ്രസംഗിക്കുകയും ചെയ്യുക, നീ അതു എങ്ങനെ ചെയ്യാൻ പോകുന്നു?"

127 ഞാൻ പറഞ്ഞു, "ഞാൻ അതു എങ്ങനെ ചെയ്യാൻ പോകുന്നു എന്നു എനിക്കറിയില്ല, എന്നാൽ, അവൻ അങ്ങനെ പറഞ്ഞിരിക്കുന്നു, അതു മാത്രം എനിക്കു മതിയാവും." കാണുന്നോ? "അവൻ അങ്ങനെ പറഞ്ഞിരിക്കുന്നു. അതു എങ്ങനെ ചെയ്യാൻ പോകുന്നു എന്നു എനിക്കറിയില്ല."

അദ്ദേഹം ചോദിച്ചു, "ദിവ്യ രോഗസൌഖ്യത്തിനും അങ്ങനെയുള്ളതിനും, എതിരായി നിലകൊള്ളുന്ന, ഈ ഉന്നത വിദ്യാഭ്യാസമുള്ള ലോകത്തിലെ, ജനങ്ങൾ അതിനായി നിലകൊള്ളും എന്നും, അവർ അതു വിശ്വസിക്കും എന്നാണോ നീ വിചാരിക്കുന്നത്?"

128 ഞാൻ പറഞ്ഞു, "അവർ അതു വിശ്വസിക്കുമോ ഇല്ലയോ എന്നറിയേണ്ട ആവശ്യം എനിക്കില്ല." ഞാൻ പറഞ്ഞു, "അതു പ്രസംഗിക്കുക എന്നതാണ് എന്റെ കർത്തവ്യം. അതാണ് അവൻ എന്നോടു പറഞ്ഞിരിക്കുന്നതു. അവൻ എന്നോടു കൂടെയിരിക്കും എന്നവൻ പറഞ്ഞിരിക്കുന്നു, മാത്രമല്ല അതു എന്തു ചെയ്യുമെന്നും അവൻ എന്നോടു പറഞ്ഞു."

അതു എന്തു ചെയ്യും എന്നു അവൻ പറഞ്ഞിരുന്നതു പോലെ കൃത്യമായും ആ വിധത്തിൽ തന്നെ സംഭവിക്കുകയും ചെയ്തു. "ആദ്യം, അവരുടെ കൈകളിൽ ഒന്നു പിടിക്കുക; പിന്നെ അതുകഴിഞ്ഞാൽ അവരുടെ ഹൃദയ രഹസ്യങ്ങൾ പോലും എന്താണെന്നു നിനക്കറിയാനാകും." ഞാൻ അതിനെക്കുറിച്ച് പറയുകയും, അതു അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു. അതു ചെയ്യുന്നതു എങ്ങനെയാണ്? അതു എങ്ങനെയാണ്

സംഭവിക്കുന്നതെന്നു എനിക്ക് ഇന്നുവരെയും അറിയാനായിട്ടില്ല. അതു എങ്ങനെ സംഭവിക്കുന്നു എന്നു അറിയേണ്ടത് എന്റെ ചുമതലയല്ല; അതു അങ്ങനെ സംഭവിക്കുന്നു.

129 "അവിടെ മുകളിലേയ്ക്ക് പോയി ആ മലയുടെ മുകളിൽ ഇരിക്കുക, ഞാൻ നിനക്കു ഭോജനം തരും. കാക്കകളോടു നിനക്കു ആഹാരം തരാനായി ഞാൻ കല്പിച്ചിരിക്കുന്നു, എന്നു ഏലീയാവിനോടു ദൈവം പറഞ്ഞിരുന്നതിനെ ആർക്കു വിവരിക്കാൻ കഴിയും"? ഒരു കാക്ക റൊട്ടിയുടെ ഒരു കഷ്ണമെടുത്തു, അതിൽ ഒരു കഷ്ണം—ഒരു കഷ്ണം മീനും വെച്ചു, അതിനെ വേകിച്ച്, അതു ഒരു പ്രവാചകന്റെ അടുക്കൽ കൊണ്ടുവരുന്നതു എങ്ങനെയാണ്? അതു എനിക്ക് വിവരിക്കാൻ കഴിയുന്നതിന്റെ അപ്പുറത്തുള്ള എന്തോ ഒന്നാകുന്നു. നിങ്ങൾക്കോ മറ്റാർക്കെങ്കിലുമോ, അതിനു കഴിയുമെന്നു ഞാൻ കരുതുന്നില്ല. എന്നാൽ അവൻ അതു ചെയ്തു. ആവശ്യമായിരുന്നതു അതു മാത്രമായിരുന്നു. അവൻ അതു ചെയ്യുകയും, അതു സത്യവുമാകുന്നു.

അവൻ അതു എങ്ങനെ ചെയ്തെന്നു, എനിക്കറിയില്ല; അതു എന്റെ തൊഴിലല്ല. എന്നാൽ അവൻ അതു ചെയ്തു. അവൻ ഭൂമിയെ എങ്ങനെ സൃഷ്ടിച്ചെന്നു, എനിക്കറിയില്ല; എന്നാൽ അവൻ അതു ചെയ്തു. അവൻ തന്റെ പുത്രനെ എങ്ങനെ അയച്ചെന്നു, എനിക്കറിയില്ല; എന്നാൽ അവൻ അതു ചെയ്തു. അവൻ മരണത്തിൽ നിന്നും എങ്ങനെ ഉയിർത്തെഴുന്നേറ്റെന്ന്, എനിക്കറിയില്ല; എന്നാൽ അവൻ ഉയിർത്തെഴുന്നേറ്റു. അവൻ എന്നെ രക്ഷിച്ചതു എങ്ങനെ? എനിക്കറിയില്ല; എന്നാൽ അവൻ അതു ചെയ്തു. അതു ശരിയാണ്. അവൻ നിങ്ങളെ രക്ഷിച്ചത് എങ്ങനെയാണ്? എനിക്ക് അതു നിങ്ങളോടു പറയാനാകില്ല; എന്നാൽ അവൻ അതു ചെയ്തു. അവൻ എന്നെ സൌഖ്യമാക്കിയതു എങ്ങനെ? എനിക്കറിയില്ല; എന്നാൽ അവൻ അതു ചെയ്തു. അവൻ അതു ചെയ്യുമെന്നു അവൻ വാഗ്ദത്തം ചെയ്തിരിക്കുകയും, അവൻ തന്റെ വചനത്തെ കാക്കുകയും ചെയ്യുന്നു.

ഇപ്പോൾ, ബിലെയാം അതു അറിയണമായിരുന്നു, മാത്രമല്ല അവൻ നന്നായി അറിയുകയും ചെയ്തിരുന്നു

130 ശ്രദ്ധിക്കു, ഈ നല്ല, സ്വാധീനിക്കാനാകുന്ന കൂട്ടർ, കൂടുതൽ മെച്ചപ്പെട്ട എന്തുമായി, കടന്നു വന്നു? അവരുടെ കയ്യിൽ മെച്ചമായ സമ്മാനങ്ങൾ ഉണ്ടായിരുന്നു. അതു മാത്രമല്ല, അവർക്ക് അവനു കൂടുതൽ പണം കൊടുക്കാനും കഴിയും, അവർക്കു കഴിയുമായിരുന്നു, അവനു ഒരു മെച്ചമായ സ്ഥാനത്തെ കാഴ്ചവെച്ചു. "ഇപ്പോൾ, സംഘടനയിലെ ഒരു സാധാരണ ധർമ്മോപദേശിയല്ലാതെ, ഞങ്ങൾ നിന്നെ ഒരു ജില്ലാ സൂപ്രണ്ടാക്കാം. കാണുന്നോ? നീ ജനക്കൂട്ടത്തെ

അവിടെ നിന്നും ഓടിച്ചു കളഞ്ഞാൽ, ഞങ്ങൾ—ഞങ്ങൾ നിനക്കായി എന്തെങ്കിലും ചെയ്യാം, നോക്കൂ, അതിനെ നിർത്തൂ." ഓ, അവർ അവനു ഒരു വലിയ സ്ഥാനമാനത്തെ കാഴ്ചവെച്ചു. പറഞ്ഞു, "നീ കൂടുതൽ അനുഗ്രഹിക്കപ്പെട്ടന്തോറും..." പറഞ്ഞു, "എനിക്ക് നിന്നെ ഉന്നത സ്ഥാനത്താക്കാൻ കഴിയും, എന്നു നിനക്കറിയാം." അവനു എവിടെ നിന്നാണ് അവന്റെ വാക്കുകളെ കിട്ടുന്നതെന്നു നോക്കൂ, രാജ്യത്തിന്റെ തലവനിൽ നിന്നും.

131 മോശെയ്ക്കു അവന്റെ വാക്കുകൾ കിട്ടിയതു എവിടെ നിന്നായിരുന്നു? സ്വർഗ്ഗത്തിലെ രാജാവിൽ നിന്നും. ഒന്നു ദൈവത്തിന്റെ വാഗ്ദത്ത വചനമായിരുന്നു, "ഞാൻ നിന്നെ വാഗ്ദത്ത ദേശത്തിലേയ്ക്ക് കൊണ്ടുപോകും, നിന്റെ മുന്നിൽ ഒരുവനും നിൽക്കയില്ല. ഞാൻ നിന്റെ മുന്നിൽ കടന്നലുകളെ അയച്ചു അവരെ, ഇടത്തോട്ടും വലത്തോട്ടും ഓടിച്ചുകളയും. നീ ആ ദേശത്തെ എടുക്കാൻ പോകുകയാണ്. ഞാൻ അതു നിനക്കു മുന്നമേ തന്നെ തന്നിരിക്കുന്നു. പോയി, അതെടുക്കുക, അതിനെ കൈവശമാക്കുക; അതു നിന്റേതാകുന്നു." ഇപ്പോൾ, നോക്കൂ, അവനെയാണ് മോശെ കേട്ടിരുന്നതു. അവന്റെ സ്വന്ത ഹൃദയത്തിൽ അസൂയ പൂണ്ടവനായി തീരാൻ തക്കവണ്ണം അവൻ വന്നു എന്തോ ചിലതു എടുത്ത ശേഷം, അവൻ അവന്റെ സഭാധികാരത്തിൽ പെട്ടവരുടെ അടുക്കൽ പോയി. കാണുന്നോ?

132 ശ്രദ്ധിക്കൂ, ഒരു വളരെ നല്ല സ്ഥാനമാനം. അവൻ പറഞ്ഞു, "എനിക്ക് താങ്കളുടെ പദവിയെ ഉയർത്താനാകുമെന്നു താങ്കൾക്കറിയാമോ? ഞാൻ താങ്കളെ ഇതിലും ഒരു നല്ല പദവിയിലേയ്ക്ക് ഉയർത്തും. ഞാൻ താങ്കൾക്കു കൂടുതലായി ചെയ്യും. ഞാൻ താങ്കളുടെ ശമ്പളം വർദ്ധിപ്പിക്കും. ഞാൻ താങ്കൾക്കു വളരെ നല്ല ശമ്പളം തരും." അവൻ അവനു ഇവയെല്ലാം നൽകാമെന്നു പറഞ്ഞപ്പോൾ, അതു അവനെ അന്ധനാക്കി.

133 എന്തിന്റെയെങ്കിലും ഒരു വാഗ്ദാനത്തിനായി, ഒരു നല്ല സഭയ്ക്കായി, ഒരു നല്ല സ്ഥാനമാനത്തിനായി, ആഗ്രഹിക്കുന്ന എത്രയെത്ര ബിലെയാമുകൾ ഇന്നു ഈ ലോകത്തിലുണ്ട്! ഒരു മനുഷ്യനു തന്റെ കണ്ണു വചനത്തിലേയ്ക്ക് തുറന്നു കിട്ടിയിട്ട്, ദൈവത്തിന്റെ പ്രവർത്തനം കാണുകയും...ആ നല്ല മനുഷ്യൻ, സ്വാധീനം സിദ്ധിച്ചവൻ, ഒരു ദൈവ ദാസനായി തുടങ്ങി, അവൻ ഒരു നല്ല കൂട്ടായ്മയെ പിടിച്ചുകൊണ്ടിരിക്കുന്നു. അല്പം കഴിയുമ്പോൾ, പരിശുദ്ധാത്മാഭിഷേകം അവന്റെ മുന്നിൽ അവതരിപ്പിക്കുന്നു; യേശുക്രിസ്തുവിന്റെ നാമത്തിലെ സ്നാനം അവന്റെ മുന്നിൽ അവതരിപ്പിക്കുന്നു, അതു തിരുവെഴുത്തായി, സ്നാനമേല്ക്കാനുള്ള ഏക തിരുവെഴുത്ത് അതാണ്. അതു അവന്റെ

മുന്നിൽ അവതരിപ്പിക്കുമ്പോൾ, അവൻ അതിലേയ്ക്ക് തുടങ്ങാൻ പോയിട്ട് അവനെ നഷ്ടമാകാൻ പോകുന്നു എന്നു സംഘടന തിരിച്ചറിഞ്ഞിട്ട്, അവനു ഒരു സഭാ മാറ്റവും ഒരു കൂടുതൽ മെച്ചമായ സ്ഥാനമാനവും നൽകുന്നു. നോക്കൂ, പഴയ ബിലെയാമിന്റെ സിദ്ധാന്തം, വീണ്ടും, അതു കൃത്യമായും ആരംഭത്തിൽ ഉണ്ടായിരുന്നതുപോലെ തന്നെയാകുന്നു.

134 ഇപ്പോൾ, ബൈബിൾ വായിക്കുന്ന ആ മനുഷ്യൻ, അതു സത്യമാണെന്നു അവന് അറിയാനാകുന്നതുവരെ അവന് അതു വായിക്കാൻ കഴിയില്ല. "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്," എന്ന സ്ഥാന നാമങ്ങളിൽ ആരും സ്നാനമേറ്റിട്ടില്ല. അതൊരു കത്തോലിക്കാ മതവിശ്വാസമാണ്, ബൈബിൾ ഉപദേശമല്ല. അവസാന അപ്പോസ്തലന്റെ മരണത്തിനു മുന്നൂറു വർഷം കഴിയുവോളം യേശുക്രിസ്തുവിന്റെ നാമത്തിലല്ലാതെ ആരും, ബൈബിളിൽ എവിടെയും സ്നാനമേറ്റിട്ടില്ല. അതു തുടങ്ങിയതു കത്തോലിക്കാ സഭയാണ്, അപ്പോൾ മറ്റുള്ളവരെല്ലാം അതിലേക്കു കടന്നു വന്നു. തന്റെ ചുമതലയിൽ ആയിരിക്കുന്ന ഏതൊരു ധർമ്മോപദേശിയ്ക്കും അതിലേയ്ക്ക് നോക്കി, അതു സത്യമാണെന്നു കാണാവുന്നതാണ്. എന്നാൽ, പ്രശസ്തിക്കുവേണ്ടി, തന്റെ സ്ഥാനത്തെ പിടിച്ചുകൊള്ളാനായി, ജനങ്ങളുടെ ഇടയിൽ വളരെ നന്നായി ചിന്തിക്കുന്നവനായി, അവൻ അനുരഞ്ജനം ചെയ്യുന്നു.

"അതെ," നിങ്ങൾ പറയും, "ദൈവം അവനെ അനുഗ്രഹിച്ചിരിക്കുന്നു."

135 തീർച്ചയായും. അവരിൽ ചിലർക്ക് രോഗസൌഖ്യത്തിന്റെ ദാനം ലഭിച്ചിരിക്കുന്നു, അവരിൽ ചിലർ അനേകരെ കൂട്ടി യോഗം നടത്തുന്നു. അതു വളരെ കൃത്യമായും കാണിച്ചു കൊടുത്തതിനു ശേഷവും, അതു നിങ്ങൾക്കോ മറ്റേതൊരു മനുഷ്യനോ ദൈവത്തിന്റെ വചനത്തിൽ നിന്നും കിട്ടുന്ന അതേ ഉത്തരം തന്നെ, അവർക്കും കിട്ടുന്നു. ദൈവത്തിനു മാറ്റമില്ല. ഞാൻ എന്തു അർത്ഥമാക്കുന്നു എന്നു കാണുന്നോ?

136 ബിലെയാം, ഒരു വളരെ മെച്ചമായ സ്ഥാനമാനത്തിനായി, അവൻ ചിന്തിച്ചു. ഇപ്പോൾ നോക്കൂ, ആ മെച്ചമായ കൂട്ടർ തിരികെ വന്നിട്ട്, ആ ശരിയായ...ബിലെയാം, ഇവിടെ, ഒരു വ്യാജമായ വേദവാക്യം എടുക്കുന്നു. കാണുന്നോ? അവൻ പറഞ്ഞു...മെച്ചമായ കൂട്ടർ തിരികെ വന്നപ്പോൾ, അവൻ—അവൻ ഇങ്ങനെ പറയേണ്ടിയിരുന്നു, "എന്റെ അടുക്കൽ നിന്നും പോകുവിൻ! ഞാൻ നിങ്ങളോടു ദൈവത്തിന്റെ വചനം പറഞ്ഞിരിക്കുന്നു. തിരികെ പോകുവിൻ! ഇതു കർത്താവ്

ഇപ്രകാരം അരുളി ചെയ്യുന്നു, എന്നതാകുന്നു." എന്നാൽ, നിങ്ങൾ നോക്കു, ആ ദാനങ്ങൾ, വളരെ പ്രശസ്തനായി തീരാം!

137 ഓ, അവർ അതു ചെയ്യാൻ ആഗ്രഹിക്കുന്നത് എങ്ങനെ! "ഞങ്ങൾ നിന്നെ ലോകമെമ്പാടും അയയ്ക്കും. ഞങ്ങൾ നിനക്കു ഒരു പ്രത്യേക വിമാനം തരും. നീ ഒന്നു...നിന്റെ സകല യോഗങ്ങളെയും ഞങ്ങൾ ഏറ്റെടുത്തു നടത്തും." ഓ, ഇല്ല, ഊ-ഹാ. കാണുന്നോ?

വചനം എന്തു പറയുന്നു എന്നു ഞങ്ങൾക്കറിയാം. ദൈവം എന്തു പറഞ്ഞു എന്നു ഞങ്ങൾക്കറിയാം. ദൈവത്തിന്റെ സഹായത്താൽ, ഞങ്ങൾ അതിൽ തന്നെ നില്ക്കാൻ പോകുന്നു. കാണുന്നോ? അതു ഏതു വിധത്തിലെ വാഗ്ദാനം ആയിരുന്നാലും, നിങ്ങൾക്ക് എത്രയധികം പണം നൽകാൻ കഴിഞ്ഞാലും, മാത്രമല്ല എത്രമാത്രം *ഇതോ*, *അതോ*, അതല്ല *മറ്റേതോ* ആയിട്ട് നിങ്ങൾക്ക് ഉല്പാദിപ്പിക്കാൻ കഴിഞ്ഞാലും; അവൻ ആദ്യം *ഇവിടെ* എന്തു പറഞ്ഞിരിക്കുന്നു എന്ന, കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നതാണ് ഞങ്ങൾക്ക് ആവശ്യമായിരിക്കുന്നതു.

"അതെ, സഭ പറഞ്ഞു, 'അതു രണ്ടാമത്തേതാണ്.'"

ആദ്യം ദൈവം എന്തു പറഞ്ഞു എന്നതാണ് ഞങ്ങൾക്കാവശ്യം. "അതിനോടു എന്തെങ്കിലും കൂട്ടിച്ചേർത്താലോ അതിൽ നിന്നും നീക്കികളഞ്ഞാലോ, ജീവന്റെ പുസ്തകത്തിൽ നിന്നും നിങ്ങളുടെ പേരിനെ പോലും നീക്കിക്കളയുന്നതാണ്; അതിൽ ഒരു വാക്കു കൂട്ടുകയോ അതിൽ നിന്നും ഒരു വാക്കു നീക്കിക്കളയുകയോ ചെയ്താൽ." അവൻ എന്തു പറഞ്ഞിരിക്കുന്നു എന്നതാണ് ഞങ്ങൾക്ക് വേണ്ടതു; സഭ എന്തു പറയുന്നു എന്നതല്ല, ഡോക്ടർ ജോൺസ് എന്തു പറയുന്നു എന്നോ മറ്റാരെങ്കിലും എന്തു പറയുന്നു എന്നോ അല്ല. ഞങ്ങൾക്ക് കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നതാണ്, വചനം എന്തു പറയുന്നു എന്നതാണ് ആവശ്യം.

138 ദൈവത്തിന്റെ ഒരു ദാസനായി, ഇപ്പോൾ നാം ബിലെയാമിനെ കാണുന്നു. അങ്ങനെയുള്ള അനേക മനുഷ്യർ, ദൈവത്താൽ നിയോഗിതരായി തുടങ്ങിയിട്ട്, ദൈവത്തിന്റെ വചനത്തെ അനേക കാര്യങ്ങൾക്കായി സംസാരിക്കുന്നു; എന്നാൽ അതു പൂർണ്ണ സത്യത്തിലേയ്ക്ക് വരുമ്പോൾ, അവർ അതു ചെയ്യുന്നില്ല.

139 ഇവിടെ ശ്രദ്ധിക്കു, ദൈവത്തിന്റെ ഒരു പ്രവാചകനായി, അവൻ അങ്ങനെയുള്ള ഒരു കൂട്ടരുമായി, തുടക്കത്തിൽ തന്നെ, പിടിപെടാൻ പാടില്ലായിരുന്നു. അവൻ അവരോടൊപ്പം പോകാൻ പാടില്ലായിരുന്നു. എന്നാൽ, ശ്രദ്ധിക്കു, പ്രശസ്തിയുടെ കാരണത്താൽ,

നോക്കു, അവന്റെ മനസ്സാക്ഷിയാൽ, അവൻ പറഞ്ഞു, "അതെ, രാത്രി മുഴുവനും തങ്ങുക, ഞാൻ ഒന്നുകൂടെ ശ്രമിച്ചു നോക്കട്ടെ." നോക്കു, "ഞാൻ വീണ്ടും ശ്രമിക്കട്ടെന്നോ?" നീ എന്തിനുവേണ്ടിയാണ് അതിനു വീണ്ടും ശ്രമിക്കുന്നത്?

140 എന്തു പറയേണം എന്നു ദൈവം അവനോടു ആദ്യം തന്നെ പറഞ്ഞിരുന്നു. ദൈവം പറഞ്ഞു, "നീ പോകുന്നില്ലെന്നു, അവരോടു പറയുക." അവന്റെ ആദ്യ വാക്ക് അതായിരുന്നു. "ഞാൻ പോകുന്നില്ല. 'നീ പോകരുത്. ഞാൻ അനുഗ്രഹിച്ചതിനെ, നീ ശപിക്കരുത്.'" അല്പം കഴിഞ്ഞപ്പോൾ, അതു അവനെ എങ്ങനെ തിരിച്ചടിച്ചെന്നു കാണുക. കാണുന്നോ? അതു ഓരോ സമയത്തും, സംഭവിക്കും. ദൈവം എന്തെങ്കിലും പറഞ്ഞാൽ, അവൻ അതിനെ അർത്ഥമാക്കുന്നു. അവൻ അതിനെക്കുറിച്ച് തന്റെ മനസ്സു മാറ്റുന്നില്ല. അവൻ തന്റെ വചനത്തോടൊപ്പം നില്ക്കുന്നു. മറ്റ് ആർ എന്തു പറഞ്ഞാലും ശരി, അവൻ നേരെ തന്റെ വചനത്തോടൊപ്പം തന്നെ നില്ക്കുന്നു.

141 ഇപ്പോൾ, ബിലെയാം വളരെ നന്നായി അറിയണമായിരുന്നു. അത്തരത്തിലെ കൂട്ടുകെട്ടിൽ നിന്നും അവൻ അവനെ തന്നെ വേർപെടുത്തണമായിരുന്നു. എന്നാൽ ആ സകല നല്ല സമ്മാനങ്ങളാലും രാജാവിന്റെ വാഗ്ദാനങ്ങളെ കൊണ്ടും, പറഞ്ഞു, "എനിക്ക് അതു ചെയ്യാനാകുമെന്നു, നിനക്കറിയാം. ഞാൻ ഒരു ബിഷപ്പാണ്. ഞാൻ ആഗ്രഹിക്കുന്ന എന്തും എനിക്ക് ചെയ്യാനാകും, ഇതു ചെയ്യാനായി നീ കടന്നു വന്നാൽ ഞാൻ നിന്റെ പദവിയെ ഉയർത്തും."

ദൈവം അവനോടു പറഞ്ഞിരുന്നതു എന്താണ്, "അതു ചെയ്യരുത്."

142 എന്നാൽ അപ്പോഴും ബിലെയാം പറയുകയാണ്, "നിങ്ങൾ, രാത്രി മുഴുവനും തങ്ങുക, ഞാൻ—ഞാൻ വീണ്ടും ഒന്നു ശ്രമിച്ചു നോക്കട്ടെ."

നോക്കു, അവനു വചനം കിട്ടിയിരുന്നു. അതിനെപ്പറ്റി ഇനി ഒരിക്കലും വാദിക്കരുത്. ദൈവം അതു അങ്ങനെ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ഒരു കൂട്ടരെ, നീ അവരെ അനുവദിച്ചാൽ, അവർ എപ്പോഴും ദൈവേഷ്ടത്തിനു പുറമെ നിന്നേ നിന്നോടു സംസാരിക്കുകയുള്ളൂ.

143 ഒരിക്കൽ, ഇയ്യോബ് എന്നു പേരോടുകൂടിയ, ഒരു പ്രവാചകന്റെ അടുക്കൽ ഒരു കൂട്ടർ വന്നു. അവർക്ക് അവനോടു സംസാരിക്കാനായില്ല. അവൻ ഒരു ദർശനം കണ്ടിരുന്നു. അതു ശരിയായിരുന്നെന്നു അവൻ അറിഞ്ഞിരുന്നു.

ബിലെയാം ആ ദർശനം കണ്ടിരുന്നിട്ടും, അവനു അതിനോടൊപ്പം നിലകൊള്ളാൻ സാധിച്ചില്ല.

144 അവന്റെ സഭയുടെ കൂട്ടർ എത്രയേറെ പറഞ്ഞിട്ടും, "ഓ, ഇയ്യോബേ, നീ *ഇതു* ചെയ്യേണം, നീ *അതു* ചെയ്യേണം." അവന്റെ ഭാര്യയും പറഞ്ഞപ്പോൾ, അവൻ പറഞ്ഞു "നീ ഒരു വിഡ്ഢിയെപ്പോലെ സംസാരിക്കുന്നു." കാണുന്നോ? "കർത്താവ് എന്തു പറഞ്ഞെന്നു, എനിക്കറിയാം. അവൻ എന്തു ആവശ്യപ്പെടുന്നു എന്നു എനിക്കറിയാം, അതു തന്നെയാണ് ഞാൻ ചെയ്തിരിക്കുന്നതും." നോക്കൂ, ദൈവം അവനോടു പറഞ്ഞതിനോടൊപ്പം തന്നെ അവൻ നിന്നിരുന്നു.

145 ശ്രദ്ധിക്കൂ, ബിലെയാം തന്റെ മനസ്സാക്ഷിയുടെ ഈ മിഥ്യ പദത്തെ ഉപയോഗിച്ചു. കാണുന്നോ? അവൻ പറഞ്ഞു, "അതെ, ഞാൻ—ഞാൻ കണ്ടുപിടിക്കും. ഞാൻ വീണ്ടും ശ്രമിച്ചു നോക്കും." ഇപ്പോൾ അവിടെയാണ് നിങ്ങൾ രണ്ടാമതായി വരുന്നതു. തങ്ങളുടെ മനസ്സാക്ഷി നിമിത്തം മത്തായി 28:19-ന്റെ മിഥ്യാ പദങ്ങളെ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്ന, എത്രയോ ബിലെയാമുകളെ ഇന്നു രാത്രിയിൽ നമുക്ക് കിട്ടിയിരിക്കുന്നു? എത്രപേർ മനസ്സാക്ഷി നിമിത്തം മലാഖി 4-നെ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു? മനസ്സാക്ഷി നിമിത്തം ലൂക്കൊസ് 17:30-നെ ഉപയോഗിക്കാൻ എത്രപേർ ആഗ്രഹിക്കുന്നു? ഈ കാര്യങ്ങളെ ഉപയോഗിക്കാൻ എത്രപേർ ആഗ്രഹിക്കുന്നു, എങ്കിലും, "അതെ, ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ—ഞാൻ വിശ്വസിക്കുന്നതു അവർ അതിന്മേൽ എല്ലാംകൂടെ ഇടകലർന്നു കിടക്കുന്നില്ലേ? എന്നാണ്."

146 പിന്നെ ഇവിടെ ബിലെയാം പറയാൻ ശ്രമിച്ചത്, "ഒരുപക്ഷേ ദൈവം അതിനെ കൂട്ടിക്കുഴച്ചിട്ടുണ്ടാകാം. ഞാൻ വീണ്ടും ശ്രമിച്ചുനോക്കാം, നോക്കൂ, അവൻ എന്തു പറഞ്ഞെന്നു നോക്കൂ." ഇപ്പോൾ, അവൻ നിങ്ങളുടെ ഹൃദയം അറിയുന്നു. ശ്രദ്ധിക്കൂ, ബിലെയാം തന്റെ സ്വന്ത മനസ്സാക്ഷിയാൽ അവൻ ആ മിഥ്യാ വചനം എടുത്തു, കാരണം, വാസ്തവമായും, അവൻ ആ പണം ആഗ്രഹിച്ചു. അവൻ ആ പ്രതാപം ആഗ്രഹിച്ചിരുന്നു. അവൻ അതു ആഗ്രഹിച്ചിരുന്നു. അവൻ ആ ഉദ്യോഗം ആഗ്രഹിച്ചിരുന്നു. ഡോക്ടർ *ഇന്ന-ഇന്നയാൾ* എന്നു പറയുന്നതുപോലെ, അത്തരത്തിൽ കാണപ്പെടാൻ, അവൻ ആ സ്ഥാനമാനം ആഗ്രഹിച്ചിരുന്നു. അതിനാൽ അവൻ—അവൻ—അവൻ പറഞ്ഞു, "ഞാൻ വീണ്ടും ശ്രമിക്കും."

147 ഓ, ഇന്നു രാത്രിയിൽ ലോകത്തിലുള്ള ബിലെയാമുകൾക്ക്, പ്രശസ്തിയും, സ്ഥാനമാനങ്ങളും വാഗ്ദാനം ചെയ്യുന്നു! എന്റെ, ഓ, എന്റെ! അവരുടെ മനസ്സാക്ഷിയാൽ അവരെ അവർ

ഉണർച്ചയറ്റതാക്കുന്നു. അവരുടെ വിഭാഗീയ സഭയുടെ കാരണത്താൽ, അവർ പറയും, "നീ *അതു* ചെയ്താൽ, നീ പുറത്തു പോകേണ്ടിവരും. നീ ഒരു നല്ല മനുഷ്യനാണെന്നു എനിക്കറിയാം, ഞങ്ങൾ നിന്നെ സ്നേഹിക്കുന്നു," അവൻ ഒരു നല്ല മനുഷ്യനും കൂടെയാകുന്നു, "ഞങ്ങൾ നിന്നെ സ്നേഹിക്കുന്നു. എന്നാൽ നിനക്കതു പ്രസംഗിക്കാൻ പറ്റില്ല. നിനക്കതു പറയാനാകില്ലെന്നു ഞങ്ങളുടെ—ഞങ്ങളുടെ ഉപദേശം പറയുന്നു. അതു ചെയ്യുന്നതിനുള്ള വിധം ഇതാണെന്നു ഡോക്ടർ *ഇന്ന-ഇന്നയാൾ* പറഞ്ഞു. ഇപ്പോൾ നീ ഞങ്ങളോടൊപ്പം ആയിരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, നീ അതിനെ ഈ വിധത്തിൽ വിശ്വസിക്കേണം. ഇപ്പോൾ നീ ആഗ്രഹിക്കുന്നെങ്കിൽ, നീ ഇപ്പോൾ ഒരു കഠിനമായി സമയത്തിലാണെന്നു എനിക്കറിയാം, അതെ, എനിക്ക് നിന്റെ പദവി ഉയർത്താൻ കഴിഞ്ഞില്ലെങ്കിൽ, സഭകളെങ്കിലും മാറ്റിത്തരാം." ഓ, ബിലെയാം! നിങ്ങൾ ദൈവേഷ്ടം അറിയുമ്പോൾ, നിങ്ങൾ അതു ചെയ്യുക! ദൈവം തന്റെ മനസ്സ് മാറ്റാൻ ഉദ്ദേശിക്കുന്നില്ല. ഇല്ല.

148 അവന്റെ ദൌത്യത്തിനായി, സത്യത്തെ, മറികടക്കാനുള്ള എന്തെങ്കിലും അവൻ നോക്കുകയാണ്. അവൻ പറഞ്ഞു, "അതെ, ഞാൻ—ഞാൻ ഒന്നുകൂടെ ശ്രമിക്കട്ടെ." ബിലെയാമുകളെ ശ്രദ്ധിക്കുവിൻ.

149 അതുകൊണ്ട് ഇപ്പോൾ ഓർക്കു, ഈ മഹാൻ പ്രസിദ്ധനുമായി, അവൻ രണ്ടാമത്തെ രാത്രിയിൽ വന്നപ്പോൾ, ആദ്യമേ തന്നെ അവന്റെ മനസ്സാക്ഷി മരവിച്ചും തണുത്തും നിർജ്ജീവവുമായിരുന്നു, ദൈവം അവനെ പോകാൻ അനുവദിച്ചു. ഇപ്പോൾ, ദൈവം തന്റെ മനസ്സ് മാറ്റിയിരുന്നില്ല, എന്നാൽ അവൻ അവനു നൽകിയതു അനുവദിനീയമായ ഇഷ്ടമായിരുന്നു. "പിന്നെ മുന്നോട്ട് പൊയ്ക്കോ." എന്നാൽ അതു പ്രവർത്തിച്ചില്ലെന്നു അവൻ കണ്ടു.

150 ബിലെയാമിന്റെ ഹൃദയത്തിൽ എന്തായിരുന്നെന്നു ദൈവം കണ്ടിരുന്നു. അവൻ ഒരു പ്രവാചകനായിരുന്നിട്ടും, അവൻ ആ വിശുദ്ധ-ഉരുളുകാരെ വെറുത്തിരുന്നു എന്നവൻ അറിഞ്ഞിരുന്നു, അതിനാൽ അവൻ—അവൻ എങ്ങനെ...എങ്ങനെയും, അവൻ—അവൻ അവരെ ശപിക്കാനായി പോകാൻ ആഗ്രഹിച്ചിരുന്നു. അതു ചെയ്യരുതെന്നു ദൈവം അവനോടു പറഞ്ഞു കഴിഞ്ഞിരുന്നു, എന്നാൽ അതു ചെയ്യാൻ ആഗ്രഹിച്ചിട്ട്, വീണ്ടും, അവൻ വരുന്നു, അതുകൊണ്ട് അതു ചെയ്യാനായി ദൈവം അവനെ അനുവദിച്ചു. ദൈവം പറഞ്ഞു, "പൊയ്ക്കൊള്ളൂ." ഇപ്പോൾ, ഓർക്കു, അവൻ തന്റെ മനസ്സ് ഒരിക്കലും മാറ്റിയിരുന്നില്ല.

151 ശ്രദ്ധിക്കു, അവരെ ശപിക്കുക എന്നതു അവന്റെ ആശയായിരുന്നു. അവൻ മതഭ്രാന്തു പിടിച്ചവർ എന്നു കണക്കാക്കിയിരുന്ന ജനങ്ങളെ, അവൻ അവരെ ശപിക്കാൻ ആഗ്രഹിച്ചിരുന്നു. അവൻ ഒരു സ്ഥാനമാനം ആഗ്രഹിച്ചു. അവൻ അവരോടു മൂഢത്തരം കാട്ടാൻ ആഗ്രഹിച്ചില്ല, അതുകൊണ്ട് അവൻ ചിന്തിച്ചു രാജാവിനുവേണ്ടി അവൻ ഈ ചെറിയ പ്രവർത്തി ചെയ്യുമെങ്കിൽ, അവനു ഒരു ഉന്നത പദവി കിട്ടുന്നതാണ്. ദൈവം തന്റെ വചനത്തെക്കുറിച്ച് ഒരിക്കലും അവൻ മനസ്സു മാറ്റുന്നില്ല.

എന്നാൽ അവൻ അവന്റെ ഹൃദയാഭിലാഷം, നിങ്ങളുടെ ഹൃദയാഭിലാഷം, അവനു കൊടുത്തു. അവൻ അതു വാഗ്ദത്തം ചെയ്തിരിക്കുന്നു. നിങ്ങൾക്ക് അതറിയാമോ? അവൻ നിങ്ങൾക്കു നിങ്ങളുടെ ഹൃദയാഭിലാഷം തരുമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു. അവൻ അതു വാഗ്ദത്തം ചെയ്തിരിക്കുന്നു. നിങ്ങളുടെ ഹൃദയാഭിലാഷം ദൈവ വചനമായിരിക്കട്ടെ. നിങ്ങളുടെ സ്വന്ത ഇഷ്ടമല്ല, അവന്റെ ഇഷ്ടമായിരിക്കട്ടെ നിങ്ങളുടെ ആഗ്രഹം. അവന്റെ ഇഷ്ടം! അവൻ... നിങ്ങൾ അവനോടു എന്തെങ്കിലും ചോദിക്കുകയും, അവൻ അതു നിങ്ങൾക്ക് തരാതിരിക്കുകയും ചെയ്യുമ്പോൾ, പറയുക, "കർത്താവെ, നിനക്കു നന്ദി. നല്ലതു എന്താണെന്നു നിനക്കറിയാം."

152 ഹിസ്കീയാവ് രാജാവിനെപ്പോലും നോക്കുവിൻ, അവന്റെ അടുക്കലേയ്ക്ക് അവൻ ആ പ്രവാചകനെ അയച്ചു, ദൈവം അയച്ചിട്ടു, പറഞ്ഞു, "നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക, നീ മരിച്ചുപോകും."

ഹിസ്കീയാവ് തന്റെ മുഖം ചുമരിന്റെ നേരെ തിരിച്ച് തേങ്ങിക്കരഞ്ഞു, പറഞ്ഞു, "കർത്താവാം ദൈവമേ, നീ എന്നെ—എന്നെ പരിഗണിക്കാനായി ഞാൻ യാചിക്കുന്നു. ഞാൻ നിന്റെ മുമ്പാകെ ഒരു ഏകാഗ്രഹൃദയത്തോടെ തിരുമുമ്പിൽ നടന്നിരിക്കുന്നു. നീ എന്നെ പതിനഞ്ചു വർഷം കൂടെ ജീവിച്ചിരിക്കാൻ അനുവദിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു."

153 "ശരി." ദൈവം പ്രവാചകനോടു അരുളി ചെയ്തുകൊണ്ടു, പറഞ്ഞു, "ഞാൻ അവനെ കേട്ടിരിക്കുന്നു എന്നു തിരികെ പോയി അവനോടു പറയുക."

പിന്നെ അവൻ ചെയ്തതു എന്താണ്? അവൻ മുഴുവൻ രാജ്യത്തിന്മേലും അപമാനത്തെ കൊണ്ടുവന്നു. ദൈവം അവനെ കൊല്ലുവോളം അവന്റെ മേൽ അവൻ ദൈവ കോപത്തെ കൊണ്ടുവന്നു. അതു ശരിയാണ്. നിങ്ങൾക്കതറിയാം. ദൈവത്തിൽ നിന്നും പിൻമാറിപ്പോയി. രാജാവിനും, രാജ്യത്തിനും, എല്ലാവർക്കും,

അവൻ ദൈവത്തിന്റെ ആദ്യ വാക്ക് എടുത്തിരുന്നെങ്കിൽ, അതിലും വളരെ നന്നായിരിക്കുമായിരുന്നു.

അവൻ അവനോടു ഒരിക്കൽ പറഞ്ഞ ശേഷം, വീണ്ടും തിരികെ പോയി അവനോടു അതു പറയുക എന്നതു, പ്രവാചകനെ സംബന്ധിച്ച്, വളരെ കഠിനമായ കാര്യമായി കാണപ്പെട്ടു. എന്നാൽ ദൈവം പറഞ്ഞു, "മുന്നോട്ട് പോയ്ക്കൊള്ളട്ടെ." എന്നാൽ, നിങ്ങൾ നോക്കു, അതൊരു അപമാനത്തെ കൊണ്ടുവന്നു.

154 ബിലെയാം ചെയ്തതു എന്താണ്? ദൈവേഷ്ടം അറിഞ്ഞ ശേഷം, അവൻ പിന്നെയും ശാഠ്യമുള്ളവനായി തീർന്നു, എങ്ങനെയും, അവൻ പോയി അതു ചെയ്യാൻ പോകുകയായിരുന്നു. അതു ചെയ്തതു എന്താണ്? ശ്രദ്ധിക്കു. അവൻ തന്റെ മനസ്സ് ഒരല്പം പോലും മാറ്റിയിരുന്നില്ല. അവന്റെ ഹൃദയത്തിൽ എന്തായിരുന്നു എന്നു അവൻ അറിഞ്ഞിരുന്നു.

155 നിങ്ങൾക്കറിയാമോ, തോമാസിനു, ഒരിക്കൽ അതു വിശ്വസിക്കാൻ സാധിച്ചിരുന്നില്ല. ഇല്ല, അവൻ—അവൻ പറഞ്ഞു, "ഇല്ല, എനിക്കു അതു വിശ്വസിക്കാൻ കഴിയില്ല. ഞാൻ എന്റെ കൈ അവന്റെ വിലാപ്പുറത്തു ഇടുവോളം, അവന്റെ കൈയ്യിലെ ആണിപ്പാടിൽ ഇടുവോളം, അതെ, പിന്നെ, പിന്നെ ഞാൻ—ഞാൻ അതു ചെയ്താലേ വിശ്വസിക്കുകയുള്ളൂ."

അവൻ പറഞ്ഞു, "തോമാസെ, ഇവിടെ വരൂ. കാണുന്നോ? ഇപ്പോൾ നിന്റെ കൈ വിരൽ ഇവിടെ ഇടുക."

ഇപ്പോൾ, ഓ, തോമാസ്, പറഞ്ഞു, "അതെന്റെ ദൈവവും എന്റെ കർത്താവും ആകുന്നു."

156 പറഞ്ഞു, "അതെ, നീ കണ്ടതിനാൽ, ഇപ്പോൾ നീ വിശ്വസിച്ചു. കണ്ടു വിശ്വസിക്കുന്നതിനെക്കാൾ കാണാതെ വിശ്വസിക്കുന്നവനു അധിക പ്രതിഫലമുണ്ട്!"

അന്യഭാഷകളിൽ സംസാരിക്കുവോളം ചിലനേരങ്ങളിൽ ജനങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കാറില്ല. തീർച്ചയായും, ഞാനും അന്യഭാഷകളിൽ സംസാരിക്കുന്നതിൽ വിശ്വസിക്കുന്നു. അവൻ ഒരു നല്ല ദൈവമാണ്; അവൻ നിങ്ങളുടെ ഹൃദയാഭിലാഷം നിങ്ങൾക്കു തരും. എന്നാൽ നിങ്ങൾ എത്രമാത്രം അന്യഭാഷകളിൽ സംസാരിച്ചിട്ടും, ഈ വചനത്തെ നിരസിച്ചാൽ, എങ്ങനെയും നിങ്ങൾ തെറ്റിലാണ്. കാണുന്നോ? നോക്കു, അന്യഭാഷകളിൽ സംസാരിച്ചുകൊണ്ടല്ല നിങ്ങൾ പോകുന്നതു. നിങ്ങൾ പോകുന്നതു

ഓരോ വചനത്തെയും കാത്തുകൊണ്ടാണ്. നിങ്ങൾ ദൈവ വചനത്തെ വിശ്വസിക്കുമ്പോൾ, അതാണ് ആ തെളിവ്. കാണുന്നോ?

157 അന്യഭാഷകളിൽ സംസാരിക്കുന്നതിൽ ഞാൻ വിശ്വസിക്കുന്നു. ഇന്നു രാവിലെ നേരം ഞാൻ പറഞ്ഞതുപോലെ, നിങ്ങൾ ഒരു പുതിയ ഭാഷയിൽ സംസാരിക്കുവോളം, നിങ്ങൾ ഉദ്ദീപിക്കപ്പെടാം എന്നു ഞാൻ വിശ്വസിക്കുന്നു. എനിക്കും, സ്വയമായി അതുണ്ട്, അതു സത്യമെന്നു ഞാൻ അറിയുന്നു. അതു സത്യമെന്നു എനിക്കറിയാം. എന്നാൽ അതു നിങ്ങൾ, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട കുഞ്ഞാണ്, എന്നുള്ളതിന്റെ അടയാളമല്ല. കാണുന്നോ? അല്ല, ഒരിക്കലുമല്ല. അവൻ എവിടെയും പറഞ്ഞിട്ടില്ല...

"കർത്താവെ, നിന്റെ നാമത്തിൽ ഞാൻ പ്രവചിക്കുകയും വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ? എന്നു പലരും അന്നാളിൽ എന്നോടു പറയും. അവൻ അവരോടു ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും."

158 നിങ്ങൾ അന്യഭാഷകളിൽ സംസാരിക്കുകയും പിന്നെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്ക്കുന്നതു നിരസിക്കുകയും ചെയ്യുകയോ? എവിടെയോ എന്തോ തകരാറുണ്ട്. അതെ, തീർച്ചയായും; ആ കാര്യങ്ങളിൽ ഒന്നിലോ, ദൈവം തന്നിരിക്കുന്ന കല്പനകളിൽ ഏതെങ്കിലും ഒന്നിലോ. അവിടെ എന്തോ തകരാറുണ്ട്. നിങ്ങളുടെ സ്വന്ത മനസ്സാക്ഷിയെ ഒന്നു ശോധന ചെയ്യുവിൻ, നോക്കു— ബൈബിൾ എന്തു പറയുന്നു. "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്," എന്ന നാമത്തിൽ ആരെങ്കിലും സ്നാനമേറ്റതായി എനിക്കു കാണിച്ചു തരുവിൻ. കാണുന്നോ? അതു അവിടെയില്ല. എന്നാൽ, നിങ്ങൾ നോക്കു, ചിലനേരങ്ങളിൽ നിങ്ങളുടെ മനസ്സാക്ഷി നിമിത്തം, നിങ്ങൾ പറയും, "അതെ..."

നിങ്ങൾ പറയും, "ദൈവം ആ സ്ത്രീയോടു അവർ തികച്ചും എങ്ങനെ ചെയ്തിരിക്കേണം എന്നു പറഞ്ഞു, നിക്കറുകളും മറ്റും ധരിക്കരുതു, എന്നാൽ നിങ്ങൾക്കറിയാമോ, പാസ്റ്റർ പറഞ്ഞു..." അങ്ങനെ അവർ എളുപ്പ വഴിയെടുക്കുന്നു.

159 അതിനെപ്പറ്റി ഇവിടെ ദൈവം എന്തു പറഞ്ഞിരിക്കുന്നു എന്നു അവർക്കറിയാം. കാണുന്നോ? തീർച്ചയായും, ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നു.

അതുകൊണ്ടു നോക്കു, അവർ—അവർ—അവർ എങ്ങനെയും അതു ചെയ്യാൻ ആഗ്രഹിക്കുന്നു. അവർ ഒരു ഒഴികഴിവു കണ്ടുപിടിക്കാൻ

ശ്രമിക്കുന്നു. "അതെ, ഇത് അതിലും മെച്ചമാണെന്നു ഞാൻ ചിന്തിക്കുന്നു. ഇതു—ഇതല്ല...കാറ്റടിക്കുന്നില്ല..." അതെ.

എന്നാൽ ഒരു സ്ത്രീ പുരുഷനിൽ നിന്നും വ്യത്യസ്തമായ വസ്ത്രം ധരിക്കേണം എന്നു ദൈവം പറയുന്നു. "ഒരു പുരുഷന്റെ വസ്ത്രം സ്ത്രീ ധരിച്ചാൽ, അതു അവന്റെ ദൃഷ്ടിയിൽ അറപ്പാകുന്നു." അതുകൊണ്ട് അതു ശരിയല്ല, അതെ, നിങ്ങൾ അതു ചെയ്യരുതു. പാടില്ല. കാണുന്നോ? അതുകൊണ്ട്, ആകയാൽ അതു തെറ്റാണ്.

160 എന്നാൽ, നിങ്ങൾ നോക്കു, അവർ ഒരു ഒഴികഴിവു കണ്ടുപിടിക്കാൻ ശ്രമിക്കുന്നു, അതായത്, "ഇതു ചെയ്യാനായി കർത്താവ് എന്നോടു പറഞ്ഞു." അവൻ അതു പറയില്ലെന്നു ഞാൻ പറയുന്നില്ല, എന്നാൽ, നോക്കു, അതു അവന്റെ തികവുറ്റ ഇഷ്ടമല്ല. അതു അവന്റെ അനുവദിനീയമായ ഇഷ്ടമായിരിക്കാം. അതു എന്തു ചെയ്യും എന്നു നിങ്ങൾ കാണുന്നില്ലേ? അതു മുഴുവൻ കൂട്ടരെയും മലിനമാക്കുന്നു. അതു മുഴുവൻ പാളയത്തെയും മലിനമാക്കി.

161 ഇവിടെ ശ്രദ്ധിക്കു, തന്റെ വചനത്തെപ്പറ്റി, ദൈവം ഒരിക്കലും മനസ്സു മാറ്റിയിട്ടില്ല. എന്നാൽ അവൻ ഒരു നല്ല ദൈവമാകുന്നു, അതു അവന്റെ ഇഷ്ടത്തിനു വിപരീതമായിരുന്നാലും, അവൻ നിങ്ങളുടെ ഹൃദയാഭിലാഷം നിങ്ങൾക്കു തരുന്നു. നിങ്ങൾ അതു വിശ്വസിക്കുന്നോ?

നോക്കു, ദൈവം ഈ അഭിഷിക്തനായ പ്രവാചകൻ മോശെയോടു പറഞ്ഞു, "നീ അവിടെ താഴേയ്ക്കു പോകുക." പറഞ്ഞു, "അവിടെ താഴേയ്ക്ക് പോയി ആ പാറയോടു പറയുക." അതു ആദ്യമേ തന്നെ അടിക്കപ്പെട്ടിരുന്നു.

162 മോശെ തന്റെ കോപത്താൽ അവിടെ താഴേയ്ക്ക് പോയി, ആ വടി കയ്യിലെടുത്തുകൊണ്ടു, പറഞ്ഞു, "മത്സരികളെ, ഈ പാറയിൽ നിന്നും ഞങ്ങൾ നിങ്ങൾക്കായി വെള്ളം പുറപ്പെടുവിച്ചിട്ടില്ലേ?" പിന്നെ ആ പാറയെ അടിച്ചു. വെള്ളം പുറത്തു ചാടിയില്ല. അവൻ അതിനെ വീണ്ടും അടിച്ചു; വെള്ളം പുറത്തു ചാടി. അതു ദൈവേഷ്ടത്തിനു എതിരായിരുന്നു. അതു ബൈബിളിലെ ഓരോ പദ്ധതിയേയും പൊളിച്ചുകളഞ്ഞു; ക്രിസ്തു രണ്ടാം പ്രാവശ്യം അടിക്കപ്പെടേണം. കാണുന്നോ? ക്രിസ്തു ഒരിക്കൽ അടിക്കപ്പെട്ടു. അതു മുഴുവൻ പദ്ധതിയെയും പൊട്ടിച്ചുകളഞ്ഞു. എന്നാൽ അവൻ തന്റെ അനുവദനീയമായ ഇഷ്ടം അവനു കൊടുക്കുകയായിരുന്നു. പിന്നെ, അതുകഴിഞ്ഞപ്പോൾ, അവൻ പറഞ്ഞു, "ഞങ്ങൾ നിങ്ങൾക്കു വേണ്ടി വെള്ളം കൊണ്ടുവന്നതു നോക്കു. അതെ, മത്സരികളായ നിങ്ങൾക്കു, ഞങ്ങൾ ഇതു നിങ്ങൾക്കായി കൊണ്ടു വന്നിരിക്കുന്നു!"

163 ദൈവം പറഞ്ഞു, "മോശെ, ഇവിടെ വരൂ. ഇവിടെ വരൂ. ഇവിടെ മുകളിലേയ്ക്ക് കയറി വരൂ...നീ ഒരു വിശ്വസ്തനായ ദാസനായിരുന്നു." (ഉപ്പൂറ്റി ഉയരമുള്ള പാദരക്ഷ ധരിക്കുന്ന സ്ത്രീയെപ്പോലെ, "നീ ഉയർത്തിയിരിക്കുന്നു," നോക്കൂ.) "അവിടെ വിദൂരതയിലേക്ക് നോക്കൂ. ആ വാഗ്ദത്ത ദേശം കാണുന്നോ?"

"ഓ കർത്താവെ!"

"എന്നാൽ നീ അവിടേക്ക് കടക്കാൻ പോകുന്നില്ല. താഴെ അവിടെ പാറയുടെ അടുത്തു വെച്ചു, നീ എന്റെ അനുവദനീയമായ ഇഷ്ടം എടുത്തിരുന്നു. നീ എന്നെയല്ല, നിന്നെതന്നെ മഹത്വവല്കരിച്ചു. നീ നിന്നെ സ്വയം പവിത്രനാക്കി. നീ എന്നെ പവിത്രീകരിച്ചില്ല. ഞാൻ നിന്നോടു ചെയ്യാൻ പറഞ്ഞിരുന്ന, എന്റെ തികവുറ്റ വചനത്തെ നീ കാത്തുകൊണ്ടില്ല." എന്നിട്ടും, വെള്ളം പുറത്തു വന്നു.

നിങ്ങൾക്ക് രോഗികളുടെ മേൽ കൈ വെയ്ക്കുവാനും സൌഖ്യമാക്കുവാനും കഴിയും. നിങ്ങൾക്ക് പ്രവചിക്കാനോ, അന്യഭാഷകളിൽ സംസാരിക്കാനോ കഴിഞ്ഞിക്കാം. എന്നാൽ, ആ കാര്യം എന്നതു, അവന്റെ തികവുറ്റ വചനത്തെ കാത്തുകൊള്ളുക എന്നതാകുന്നു! സുഹൃത്തെ, ദൈവം തന്റെ മനസ്സു മാറ്റുന്നില്ല. അവന്റെ ഇഷ്ടത്തെ, അവന്റെ നിർദ്ദേശത്തെ നിങ്ങൾക്ക് തുടർച്ചയായി ചെയ്യേണ്ടതുണ്ട്.

"ഓ, അതെ, അതു ശിഷ്യന്മാർക്കുള്ളതായിരുന്നു."

164 അവൻ മാറ്റുന്നില്ല. അവനു ഇപ്പോഴും ഒരു ശിഷ്യനുണ്ടെങ്കിൽ, ദൌത്യം ഇന്നും അപ്രകാരം തന്നെയാകുന്നു. "ലോകമെമ്പാടും പോയി സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും." അതു ഒരിക്കലും മാറ്റപ്പെട്ടിട്ടില്ല. അവനു മാറ്റാനാകില്ല.

ഇപ്പോൾ, നിങ്ങൾ പറയും, "അതെ, ഞാൻ നിങ്ങളോടു പറയാം, അതു ഈ ദിവസത്തേയ്ക്കുള്ളതല്ല." ഓ, ബിലെയാമിന്റെ വംശക്കാരാ! നിങ്ങൾ കാണുന്നോ? നോക്കൂ, ദൈവം മാറ്റുന്നില്ല. അവൻ ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യനാകുന്നു.

165 ഇന്നത്തെ ബിലെയാമിന്റെ വംശക്കാരെ ഒന്നു നോക്കുക. "ഓ, ബൈബിളിൽ അവർ യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തിയിരുന്നു, എന്ന് എനിക്കറിയാം, എന്നാൽ, നോക്കൂ, എല്ലാവരും..."

ജനങ്ങൾ എന്തു ചെയ്തിരുന്നെന്നു ഞാൻ കാര്യമാക്കുന്നില്ല. "നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൽ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല." "യേശുക്രിസ്തുവിന്റെ

നാമത്തിലൂടെയല്ലാതെ, പാപ മോചനമില്ല." എന്തായാലും, നിങ്ങൾ എത്ര നല്ലവനായിരുന്നാലും, നിങ്ങൾ എന്തു ചെയ്താലും, അതിനു അതുമായി ഒന്നും ചെയ്യാനില്ല. അതു ദൈവത്തിന്റെ തികവുറ്റ വചനമാകുന്നു; നിങ്ങൾ അതുമായി തന്നെ നിലകൊള്ളേണ്ടതുണ്ട്. വ്യൂ! ശരി.

166 "യാഗത്തെക്കാൾ അവന്റെ വചനം അനുസരിക്കുന്നതു നല്ലതു." ശാമുവേൽ തിരികെ വന്ന ആ സമയത്തെ നിങ്ങൾ ഓർക്കുന്നുണ്ടാകും.

167 ബിലെയാമിനു വിശ്വാസത്തിന്റെ ദാനമുണ്ടായിരുന്നിട്ട് ആ സമ്പൂർണ്ണ വചനത്തെ, ദൈവത്തിന്റെ തികവുറ്റ വചനത്തെ, എടുക്കാമായിരുന്നു.

ഇന്നു സുവിശേഷ വയലിലുള്ള അനേകർ, സൌഖ്യമാക്കാനുള്ള കൃപയാൽ, അതേ കാര്യം തന്നെ ചെയ്യുന്നു. ഇവിടെ പുറമെയുള്ള അനേകർ, അന്യഭാഷയിൽ സംസാരിക്കുന്ന ജനങ്ങൾ, ഒരു ദാനമായി, പ്രവചിക്കുന്ന ജനങ്ങൾക്ക്, അതിനെ ദൈവ രാജ്യത്തിനായി ഉപയോഗിക്കാം, എന്നാൽ അവർ അതു ചെയ്യുന്നില്ല. അവർ എടുത്ത്...എങ്ങനെയും, ദൈവം അവരെ അനുഗ്രഹിച്ചിട്ട്, അനുവദനീയമായ ഇഷ്ടത്തെ എടുക്കുന്നു. എന്നാൽ പ്രശസ്തിക്കുവേണ്ടിയും, ആനന്ദത്തിനും, വ്യക്തിപരമായ ലാഭത്തിനു വേണ്ടിയും, ഏശാവു ചെയ്തതുപോലെ, അവരുടെ ജന്മാവകാശത്തെ വിറ്റുകളയുന്നു, നോക്കു, ഒരു സംഘടനക്കുവേണ്ടി വിറ്റുകളയുന്നു. ബിലെയാം ചെയ്തതുപോലെ, വിറ്റിരിക്കുന്നു. കാണുന്നോ?

അതേ കാര്യം തന്നെ ഇന്നു വളരെയേറെപ്പേർ ചെയ്യുന്നു. അതു ശരിയാണെന്നു നമുക്കറിയാം. അവർ അവരുടെ ജന്മാവകാശത്തെ വിറ്റുകളഞ്ഞിരിക്കുന്നു. ഹും! പരിശുദ്ധാത്മാവുണ്ടെന്നു ഭാവിക്കുന്ന സ്ത്രീകൾ, നിക്കറികൾ ധരിക്കുന്നു; പുരുഷന്മാർ അവരെ പുൽപ്പിറ്റുകളിൽ അനുവദിക്കുന്നു, തലമുടി ബോബു ചെയ്ത സ്ത്രീകൾ; അവരുടെ മുഖത്തു ചായം തേയ്ച്ചും, മതപരമായ മേലങ്കികൾ ധരിച്ചും കൊണ്ടു, പുൾപ്പിറ്റിലായിരിക്കുന്നു. സഭയ്ക്ക് എപ്പോഴെങ്കിലും ഉണ്ടായിട്ടുള്ള ഏറ്റവും വലിയ ഇടർച്ചക്കല്ല് അതായിരിക്കുന്നു.

168 രാഷ്ട്രീയ ശക്തികളാൽ, രാജ്യത്തിൽ ഇത് ഏതു കാലത്തിലാണെന്നു, നിങ്ങൾ അറിയാൻ ആഗ്രഹിക്കുന്നെങ്കിൽ, യഹൂദന്മാർ എവിടെ ആയിരിക്കുന്നു എന്നു നോക്കുവിൻ. യഹൂദന്മാർ എങ്ങനെ ആയി തീർന്നിരിക്കുന്നു, കാരണം അവർ ഒരു രാജ്യമായി തീർന്നിരിക്കുന്നു. രാഷ്ട്രങ്ങൾ എവിടെ നില്ക്കുന്നു എന്നു നിങ്ങൾ അറിയാൻ ആഗ്രഹിക്കുന്നെങ്കിൽ, യഹൂദരന്മാരെ ശ്രദ്ധിക്കുക.

സഭ എവിടെ നില്ക്കുന്നു എന്നു നിങ്ങൾ അറിയാൻ ആഗ്രഹിക്കുന്നെങ്കിൽ, സ്ത്രീകളെ നോക്കുക. സ്ത്രീകൾക്കിടയിലെ സദാചാരത്തെ ശ്രദ്ധിക്കു, കാരണം അവൾ സഭയ്ക്ക് ഒരു മാതൃകയാകുന്നു. സ്ത്രീകൾക്കിടയിലെ മലിനത നിങ്ങൾ കാണുമ്പോൾ, നിങ്ങൾ സഭയിലെ മലിനത കണ്ടെത്തും. കാണുന്നോ? അവൾ എന്തായി തീർന്നിരിക്കുന്നു, ചായം പൂശിയ ഒരു ഈസബേൽ, കൃത്യമായും അപ്രകാരം സഭ മാറിയിരിക്കുന്നു. കാണുന്നോ? ഇപ്പോൾ, അതു സത്യമാണെന്നു, നിങ്ങൾക്കറിയാം. കാണുന്നോ? സഭ എവിടെയാണെന്നു നിങ്ങൾ അറിയാൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളുടെ ഇടയിലെ സ്ത്രീകളുടെ സദാചാരത്തെ ശ്രദ്ധിക്കുക. കാരണം, അവൾ, സഭ എന്നാൽ ഒരു സ്ത്രീയാകുന്നു.

നിങ്ങൾക്ക് രാഷ്ട്രങ്ങളുടെ അവസ്ഥ അറിയണമെന്നുണ്ടെങ്കിൽ, യഹൂദരെ ശ്രദ്ധിക്കുക.

169 ശ്രദ്ധിക്കു, ദൈവം ബിലെയാമിനോടു പറഞ്ഞപ്പോൾ, അവൻ ആ ശരിക്കും വാസ്തവമായ സത്യ തീരുമാനമായ, വചനം കേട്ടു, “നീ പോകരുത്.” അതെ, പിന്നെ അവൻ അവനോടു പറഞ്ഞു, അതു എന്തു ചെയ്യാനിഷ്ടപ്പെടുന്നു, അവന്റെ—അവന്റെ ഹൃദയത്തിൽ എന്താണെന്നു കണ്ടതിനു ശേഷം; അവൻ അവന്റെ അനുവദനീയമായ ഇഷ്ടത്തെ അവൻ കൊടുത്തിട്ട്, പറഞ്ഞു, “പോകു.”

170 നിങ്ങൾക്കും അതേ കാര്യം തന്നെ ചെയ്യാനാകും. നിങ്ങൾ സത്യത്തിൽ നടക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് പോയി ഒരു വലിയ മിനിസ്ട്രി എടുക്കാവുന്നതാണ്. തീർച്ചയായും, നിങ്ങൾക്കെടുക്കാം. എന്നാൽ എടുക്കുന്നതു അവന്റെ അനുവദനീയമായ ഇഷ്ടമാകുന്നു. നിങ്ങൾ അവന്റെ വചനത്തിനു മേലെ നടക്കുന്നു. അവൻ നിങ്ങൾക്കു അഭിവൃദ്ധി തരും, തീർച്ചയാണ്. ആ...

അവൻ ബിലെയാമിനോടു ചെയ്തതുപോലെ തന്നെ. അവൻ ഒരു അഭിവൃദ്ധി പ്രാപിച്ചവനായിരുന്നു, എന്നാൽ അവനു ആ ജനങ്ങളെ ശപിക്കാനായില്ല. അവനു അതു ചെയ്യാനായില്ല. കാരണം, അവൻ ശപിക്കാനായി തുടങ്ങിയ ഓരോ സമയത്തും, അവൻ അനുഗ്രഹിച്ചു. നോക്കു, അവനു അതു ചെയ്യാനായില്ല. എന്നാൽ അവൻ തന്റെ നിർവഹണത്തിൽ അഭിവൃദ്ധി പ്രാപിച്ചപ്പോൾ, ബാലാക്കിലൂടെ, അവൻ ആ ജനങ്ങളെ വ്യഭിചാരം ചെയ്യാൻ ഉപദേശിച്ചു. അവൻ യിസ്രായേലിന്റെ പാളയത്തിനുള്ളിലേയ്ക്ക് കൊണ്ടുവന്നു അവരെക്കൊണ്ടു വിവാഹം കഴിപ്പിച്ചിട്ട്, പറഞ്ഞു, “എന്താ, നാം എല്ലാം ഒന്നല്ലേ. എന്താ, നിങ്ങളും അതേ ദൈവത്തെയല്ലേ

ആരാധിച്ചിരുന്നത്. ഇവിടെ മേലെ ഞങ്ങൾക്ക് ഒരു പ്രവാചകൻ ഉണ്ട്; അവിടെ താഴെ നിങ്ങൾക്കും ഒരു പ്രവാചകൻ ഉണ്ട്. നമ്മുടെ പിതാക്കന്മാരുടെ അതേ യഹോവയ്ക്ക്, നാം ഒരേ ബലി അർപ്പിക്കുന്നു. ഇപ്പോൾ, നിങ്ങൾ എല്ലാവരും കടന്നുവന്നു ഞങ്ങളുമായി സഹവർത്തിക്കാത്തത് എന്താണ്?"

ബൈബിൾ പറയുന്നു, "നിങ്ങളെ അവിശ്വാസികളുമായി യോജിപ്പിക്കരുത്. ഒരിക്കലും അവരുമായി ഇണയില്ലാ പിണ കൂടരുത്. അവർ ഇതു വിശ്വസിക്കുന്നില്ലെങ്കിൽ, അവരിൽ നിന്നും ദൂരമായിരിക്കുക." കാണുന്നോ? "അവരിൽ നിന്നും പുറപ്പെട്ടു വന്നു, വേർപെട്ടിരിക്കുക," കർത്താവ് അരുളിചെയ്യുന്നു, "ഞാൻ നിങ്ങളെ കൈക്കൊള്ളും." കാണുന്നോ? "അവരുടെ അശുദ്ധ വസ്തുക്കളിൽ തൊടരുത്." അതു ശരിയാണ്. അവരുടെ വചന വിരുദ്ധമായ സാമഗ്രികളിലും, അങ്ങനെയുള്ളവയിൽ നിന്നും, ദൂരമായിരിക്കുക. അതിനെ കേൾക്കരുത്.

171 ഇവിടെ നാം കാണുന്നതു ബിലെയാം അവിടെ താഴേക്ക് പോയി ജനങ്ങളെ ഉപദേശിക്കാൻ തുടങ്ങി, അവിടെ അവൻ ഒരു തെറ്റു വരുത്തി. അവൻ—അവൻ ബിലെയാമിന്റെ വഴിയിൽ പോയി, അവൻ അതു എങ്ങനെ ചെയ്യേണം എന്ന്, ബാലാക്ക് പഠിപ്പിക്കുകയും, യിസ്രായേൽ മക്കൾ വ്യഭിചാരം ചെയ്യുകയും ചെയ്തു. അപ്പോൾ ഒരു ബാധ യിസ്രായേൽ ദേശത്തെ ബാധിച്ചു, ജനങ്ങൾ, അവരിൽ ആയിരക്കണക്കിനാളുകൾ ഒരു ദിവസം കൊണ്ടു മരിച്ചു.

അവർ എല്ലാവരും അവിടെ ആയിരുന്ന്, ദൈവത്തിന്റെ ബലിപീഠത്തിനു മുന്നിൽ, പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു മോവോബ്യയായ, വിഭാഗീയ സഭയിൽപ്പെട്ട സ്ത്രീയോടൊപ്പം, ഒരു യിസ്രായേല്യൻ കടന്നു വന്നു, കൂടാരത്തിനുള്ളിൽ കടന്നു. പുരോഹിതന്റെ മകൻ അവിടേയ്ക്ക് നടന്നു ചെന്നിട്ട്, ഒരു കുന്തം എടുത്തു അവരെ രണ്ടാളെയും കൊന്നു. അതു ദൈവത്തിന്റെ കോപത്തെ നിർത്തി. അതു തിരുവെഴുത്താണെന്നു നിങ്ങൾക്കറിയാം അതു ശരിയല്ലേ? കാണുന്നോ?

172 എന്നാൽ സംഭവിച്ചതു എന്താണ്? ബിലെയാം, അവൻ യിസ്രായേലിനെ ബലഹീനപ്പെടുത്തുന്നതിൽ വിജയിച്ചു. അവൻ എന്തു ചെയ്തു? അവൻ അവരുടെ പാളയത്തെ ദുർബലമാക്കി. അവരുടെ പാളയത്തെ ദുർബലമാക്കാനായി, ദൈവം അവനെ പോകാൻ അനുവദിച്ചു, അതു മുഴുവൻ പാളയത്തെയും മലിനമാക്കി.

ബൈബിൾ സത്യമല്ലാത്ത, ഏതെങ്കിലും ഒരു ഉപദേശം തുടങ്ങുമ്പോൾ, അതു മുഴുവൻ പാളയത്തെയും മലിനപ്പെടുത്തുന്നു.

കോരഹിനെപ്പോലെ, ആരെങ്കിലും ഒരു വ്യത്യസ്ത ആശയവുമായി എഴുന്നേറ്റു, പറയും, "അതെ, *ഇതും, അതും, മറ്റേതും*, എനിക്ക് ഒരു വ്യത്യസ്തമായ ആശയം കിട്ടിയിരിക്കുന്നു," അതു മുഴുവൻ പാളയത്തെയും മലിനമാക്കുന്നു. അതാണ് ഇന്നത്തെ സഭയുടെ മുഴുവൻ പാളയത്തിനും സംഭവിച്ചിരിക്കുന്നതു. അതു ശരിയാണ്.

173 അവൻ കൊടുത്ത ഉപദേശത്താൽ, വചനത്തിന്റെ പ്രദർശനത്തിനായി, കാദേശ് ബെർന്നേയിൽ എത്തിയപ്പോൾ, മുഴുവൻ പാളയവും ദുർബലമായി തീർന്നു. പിന്നെ, അവർ ദുർബലമാക്കപ്പെട്ട പാളയവുമായി, കാദേശ് ബെർന്നേയിലെത്തി. അവർ തിരികെ വന്നു. അവർ ശരിക്കും അതിന്റെ പിന്നാലെ പോയ്ക്കൊണ്ടിരുന്നിട്ട്...

ഓർക്കു, അവർ കഴുകന്മാരുടെ ഭക്ഷണം കഴിച്ചിരുന്നു. ഓരോ രാത്രിയിലും, അവർക്ക് ദൈവത്തിന്റെ വചനം ലഭിച്ച്, പ്രത്യക്ഷമായി തീർന്നിരുന്നു. അവർ ആ ഭക്ഷണം കഴിച്ചിരുന്നു. അവർ ആ പാറയിൽ നിന്നും കുടിച്ചിരുന്നു. അവർ സകലതും ചെയ്തിരുന്നു, അത്ഭുതാശ്ചര്യങ്ങളെ കണ്ടിരുന്നു. അവർ മോശെയെ ശ്രദ്ധിച്ചിരുന്നു, അവന്റെ വചനത്തെ കാണുകയും, അവന്റെ പ്രവചനങ്ങളെയും, മറ്റുള്ളവയെല്ലാം കണ്ടും ഇരുന്നു.

പിന്നെ അവസാനം അവർ ഈ കള്ള ഉപദേഷ്ടാവിനെ കേട്ടപ്പോൾ, അവരുടെ ഇടയിലേയ്ക്കു വന്നു അവരെ തെറ്റു ഉപദേശിച്ചപ്പോൾ, അതുമായി മുന്നോട്ടു പോയിട്ട്, അവൻ പാളയത്തെ ദുർബലമാക്കി.

ഒരുപക്ഷേ അവൻ ഒരു ദശലക്ഷം ഡോളർ വിലപിടിപ്പുള്ള കെട്ടിടം പണിതിരിക്കാം. ഒരുപക്ഷേ അവനു വലിയ സംഘടന സഭകൾ ഉണ്ടായിരുന്നെന്നു വരാം. ഒരു പ്രവാചകനായിരുന്നു, അത്ഭുത പ്രവർത്തികൾ പ്രവർത്തിച്ചും, മഹത്തായ കാര്യങ്ങൾ ചെയ്തുകൊണ്ടും, ഒരുപക്ഷേ അവൻ ആയിരം ഗുണം ആയിരം പേരെ അതിനോട്ടു ചേർത്തിരുന്നു എന്നും വരാം. അതെല്ലാം ശരി തന്നെ, എന്നാൽ, അതു ദൈവ വചനത്തോടൊപ്പം ആകാതിരിക്കുന്നിടത്തോളം, നിങ്ങൾ അതിൽ നിന്നും ദൂരമായിരിക്കുന്നതാണ് നല്ലതു.

ദൈവം തന്റെ മനസ്സു മാറ്റുന്നില്ല. അവന്റെ വചനവുമായി ശരിയായി നില്ക്കുക, കാരണം അതാണ്, വചനമാണ്, വചനം വചനമായിട്ടാണ്, അവസാനത്തിൽ കടന്നു വരാൻ പോകുന്നതു. "അതിൽ നിന്നും ആർ ഒരു വാക്കു നീക്കിയാലോ, അതിനോട്ടു കൂട്ടിച്ചേർത്താലോ!" ആ വചനം, അതിനു നിലനില്ക്കേണ്ടതുണ്ട്.

174 ഇപ്പോൾ വളരെ നന്നേ കേൾക്കു. വചനത്തിന്റെ പരീക്ഷ വന്നപ്പോൾ, അവർ മറുവശത്തേയ്ക്ക് പോയി എതിർകക്ഷി വളരെ വലുതാണെന്നു കണ്ടു, അവർ കണ്ടിട്ടുള്ളതിൽ വെച്ചേറ്റവും വലിയ പ്രതികൂലം, അമാലേക്ക്യർ അവരെക്കാൾ പത്തിരട്ടി വലിപ്പമുള്ളവർ എന്നു കണ്ടു. അവർ പറഞ്ഞു, “ഞങ്ങളെ വെട്ടുക്കിളികളെപ്പോലെ കണ്ടു. അവരുടെ വേലികളും, അവരുടെ പട്ടണത്തിനു ചുറ്റും അവർ നിർമ്മിച്ചിരുന്ന മതിലുകളുടെ മുകളിലൂടെ, രണ്ടു രഥങ്ങളെ, അവർക്ക് കഴിയാവുന്നതിൽ ഏറ്റവും വേഗതയിൽ ഒരുമിച്ചു ഓടിച്ചു പൊകാൻ കഴിയുന്നവയാണ്. അവരുടെ കുന്തങ്ങളെല്ലാം വളരെ വലുതും, പ്രഹരിക്കാൻ വളരെ നല്ലതുമാണ്. അവർ മല്ലന്മാരാണ്. നമ്മെ വെട്ടുക്കിളികളെപ്പോലെ തോന്നിച്ചു. നമുക്ക് അതു ചെയ്യാനാകില്ല.”

രണ്ടു മനുഷ്യർ ആ വചനത്തിന്മേൽ ഉറച്ചു നിന്നു, കാലേബും യോശുവയും, പറഞ്ഞു, “ഒരു നിമിഷം നിർത്തു! രണ്ടു ദശലക്ഷമുള്ള ജനങ്ങളെ ഒരു നിമിഷം വായടക്കു. നാം അതു ചെയ്യാൻ ശക്തരാണ്. നോക്കു, നാം അവരെക്കാൾ ഏറെ ചെറുത്തു നില്ക്കാൻ അതി ശക്തരാണ്.”

അവർ ആധാരമാക്കിയതു എന്തിന്മേലായിരുന്നു? ദൈവം പറഞ്ഞു, “ഞാൻ ആ ദേശം നിനക്കു തന്നിരിക്കുന്നു. അതു നിന്റേതാണ്.” അങ്ങനെ അവർ അവിടെ നിന്നു. എന്നാൽ ജനങ്ങൾ മറ്റു കാര്യങ്ങളുമായി ഇണയില്ലാ പിണ കൂടിയിട്ട്, അവരുടെ ഇടയിൽ സകല വിധ മതവിശ്വാസങ്ങളും ആചാര ക്രമങ്ങളും കടന്നു കൂടി, അവൻ വളരെ ക്ഷീണിച്ചു, വീര്യം കുറഞ്ഞവരായി, എന്തു ചെയ്യണമെന്നും ഏതു വഴിയിൽ തിരിയേണം എന്നു അറിയാത്തവരായി തീർന്നിരുന്നു. അതു ശരിയാണ്. അവിടെയാണ് വചനത്തിന്റെ പരീക്ഷ വരുന്നതു.

175 അപ്പോഴും, അതു അറിഞ്ഞുകൊണ്ട്...നിങ്ങളുടെ ഹൃദയത്തിൽ എന്തുണ്ടെന്നു അറിഞ്ഞുകൊണ്ട്, അവൻ അതറിയുന്നു, ഒരു അനുവദനീയമായ ആഗ്രഹവുമായി, നിങ്ങളുടെ ഇഷ്ടത്തെ അനുവദിച്ചു കൊണ്ട്, അതു ചെയ്യുന്നതിനായി അവൻ നിങ്ങൾക്കു അനുവാദം തരുന്നു.

നിങ്ങൾ പറയും, “അതെ, ബ്രദർ ബ്രൺഹാം, ഞാൻ *ഇന്ന-ഇന്നതു* ചെയ്തു. അതു എന്നെ വിഷമിപ്പിച്ചില്ല. ദൈവം എന്നെ ഓരോ ദിവസവും അനുഗ്രഹിച്ചു. ഞാൻ ആത്മാവിൽ പാടുന്നു. ഞാൻ ആത്മാവിൽ നൃത്തം ചെയ്യുന്നു. ഞാൻ...” അവൻ അതു അനുവദിക്കും. മുന്നോട്ട് പൊയ്ക്കൊള്ളുക. അതു ശരിയാണ്. എന്നാൽ നിങ്ങൾ ചെയ്യാൻ പോകുന്നതു എന്താണ്?

176 "ഞാൻ നിക്കറുകൾ ധരിക്കുന്നു, ഞാൻ *ഇതു* ചെയ്യുന്നു. അതെന്നെ അലട്ടുന്നില്ല. ഞാൻ എന്തു ധരിക്കുന്നു എന്നതിലല്ല, എന്റെ വിശ്വാസം ക്രിസ്തുവിലാണെന്നു എനിക്കറിയാം."

എന്നാൽ, അതു എന്തോ ചെയ്യുന്നു എന്നു ബൈബിൾ പറയുന്നു. കാണുന്നോ? നിങ്ങൾ എന്തു ചെയ്യാൻ പോകുന്നു? ബിലെയാം ചെയ്തതുപലെ, മറ്റുള്ള ഓരോ സ്ത്രീയുടെയും മുന്നിൽ, നിങ്ങൾ ഒരു ഇടർച്ചക്കല്ലാകാൻ പോകുന്നു. നിങ്ങളുടെ ചെറുപ്പക്കാരി പെൺകുട്ടികളുടെ മുന്നിൽ നിങ്ങൾ എന്തു ചെയ്യും? നിങ്ങൾ ഒരു കൂട്ടം റിക്കേറ്റകളെ ഉണ്ടാക്കും, അതു കൃത്യമായും ശരിയാണ്, ഒരു ചെറിയ കൂട്ടം ചായം പൂശിയ ഈസബേലുകളെ. കാണുന്നോ?

177 എന്നാൽ ദൈവം നിങ്ങളെ അഭിവൃദ്ധിപ്പെടുത്തും. "എന്താ, അവൻ എന്നെ അനുഗ്രഹിക്കുന്നു." ഞാൻ അതു സംശയിക്കുന്നില്ല. അവൻ ബിലെയാമിനെയും കൂടെ അനുഗ്രഹിച്ചിരുന്നു. കാണുന്നോ? തീർച്ചയായും അവൻ അനുഗ്രഹിക്കും. നിങ്ങൾ അവന്റെ തികവുറ്റ ഇഷ്ടത്താലല്ല, അവന്റെ അനുവദനീയമായ ഇഷ്ടത്താലാണ് നടക്കുന്നതു. അവൻ നിങ്ങളെ അനുഗ്രഹിക്കുന്നതു കൊണ്ട്, ദൈവം തന്റെ മനസ്സു മാറ്റുന്നില്ല.

യിസ്രായേൽ അവിടെ ആയിരുന്ന നാല്പതു വർഷക്കാലവും അവൻ അനുഗ്രഹിച്ചു. അവർ ചെയ്തതു എന്താണ്? ഭാര്യമാരെ വിവാഹം കഴിച്ചു, കുടുംബളെ വളർത്തി, കുഞ്ഞുങ്ങളെ ഉമ്മവെച്ചു, അവരുടെ ദശാംശങ്ങളെ കൊടുത്തു, അവിടെത്തന്നെ ജീവിച്ചു പോന്നു. ദൈവം അവരെ വനാന്തരത്തിൽ അനുഗ്രഹിക്കുകയും, പിന്നെയും പിന്നെയും, അവരെ മന്നകൊണ്ടു ഭോഷിപ്പിക്കുകയും ചെയ്തു, അവർ ഓരോരുത്തരും നശിച്ചു പോയി, കാരണം അവർ അവന്റെ തികവുറ്റ വചനത്തെ, അവന്റെ ആദ്യ ഇഷ്ടത്തെ, അവന്റെ വചനത്തെ, കാത്തുകൊള്ളാതെ അനുവദനീയമായ...അവന്റെ അനുവദനീയമായ വഴിയെ അവർ എടുത്തിരുന്നു.

178 മുന്നോട്ട് പൊയ്ക്കൊള്ളൂ, എന്നാൽ, നിങ്ങൾ ഓർത്തിരിക്കു, അവർ കാദേശ് വിട്ടുപോയശേഷം, പിന്നെ അവർ മുന്നോട്ട് യാത്ര തുടർന്നില്ല. അവർ വനാന്തരത്തിൽ, ചുറ്റിത്തിരിഞ്ഞു ചുറ്റിനുമായി പൊയ്ക്കൊണ്ടിരുന്നു. അവിടെ അതിനു രണ്ടു ദിവസത്തിനു ശേഷം, അവർ എവിടെ ആയിരിക്കുമായിരുന്നു, അവർ വാഗ്ദത്ത ദേശത്തിൽ ആയിരിക്കുമായിരുന്നു. അവർ നാല്പതു സംവത്സരം യാത്ര ചെയ്തു, തികവുറ്റ വചനത്തോടു ചേർന്നു നിന്നവരായ, യോശുവയും കാലേബും ഒഴികെ, അവരിൽ ശേഷിച്ചവരെല്ലാം മരിച്ചുപോയി.

179 ഓ ദൈവമേ, ഞങ്ങളെ സഹായിക്കേണമെ. ദൈവം തന്റെ ഇഷ്ടം മാറ്റുന്നില്ല. അവനു തന്റെ മനസ്സു മാറ്റാൻ കഴിയില്ല, എന്നാൽ അവൻ നിങ്ങളെ അനുഗ്രഹിക്കും.

തീർച്ചയായും, അവൻ ബിലെയാമിനെ അനുഗ്രഹിച്ചു. അപ്പോൾ അവൻ അവിടെ താഴെ പോയി എന്തു ചെയ്തു? അവൻ മുഴുവൻ പാളയത്തെയും മലിനമാക്കി. നോക്കു, അവൻ പറഞ്ഞിരിക്കുന്നതിൽ തന്നെ നിങ്ങൾക്കു നില്ക്കേണ്ടതുണ്ട്. അവന്റെ തികവുറ്റ പദ്ധതിയെ അവൻ ഒരിക്കലും മാറ്റുന്നില്ല.

180 ഇപ്പോൾ സുവിശേഷ വയലിൽ, ഇന്നുള്ള ബിലെയാമുകളെ നിങ്ങൾ ഒന്നു നോക്കു. ചുറ്റിനും നോക്കു. അന്യഭാഷകളിൽ സംസാരിക്കുന്നതിൽ അഭിവൃദ്ധി പ്രാപിക്കുന്നു, തീർച്ചയായും, സകലത്തിനു വേണ്ടി, ദൈവത്തിന്റെ ദാനത്തെ മുന്നേറാനായി ഉപയോഗിക്കുന്നു, തീർച്ചയാണ്. എന്നാൽ അതു അവരുടെ അഴിമതി നിറഞ്ഞ ഉപദേശത്താൽ മുഴുവൻ ദൈവ സഭയേയും മലിനമാക്കുന്നു. അതു ശരിയാണ്.

ഒരാൾ എന്നോടു പറഞ്ഞു, അയാൾ ചോദിച്ചു, "എന്തിനാണ് താങ്കൾ *ഇതു* ചെയ്യുന്നതു? എന്തിനുവേണ്ടിയാണ് താങ്കൾ *അതു* ചെയ്യുന്നത്?"

ഞാൻ ചോദിച്ചു, "അതു സത്യമാണെന്നു താങ്കൾ വിശ്വസിക്കുന്നില്ലേ?"

181 "ഓ, അതെ. എന്നാൽ," അയാൾ പറഞ്ഞു, "എന്താണെന്നു താങ്കൾക്ക് അറിയാമോ? അതു താങ്കളുടെ ജോലിയല്ല. താങ്കൾ രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കാൻ വന്നിരിക്കുന്നു. താങ്കളെ ഒരു പ്രവാചകൻ എന്നു അവർ വിശ്വസിക്കുന്നു. എന്താ, ആ പുരുഷന്മാരെയും, ആ സ്ത്രീകളെയും *ഇതും*, *അതും*, *മറ്റേതും*, ചെയ്യുന്നതു എങ്ങനെ, എന്നു അവരെ താങ്കൾ പഠിപ്പിക്കേണം."

"അവർ അവരുടെ എബിസികൾ പോലും പഠിക്കാതെ എനിക്ക് അവരെ എങ്ങനെ ബീജഗണിതം പഠിപ്പിക്കാൻ കഴിയും? ഹാ? ഹാ? അവർ അവരുടെ ബാലപാഠം പോലും പഠിക്കാതെ അങ്ങനെയുള്ള കാര്യങ്ങളെ നിങ്ങൾക്ക് എങ്ങനെ പഠിപ്പിക്കാൻ കഴിയും?" കാണുന്നോ? നിങ്ങൾ എവിടെ നിന്നാണോ തുടങ്ങിയതു അവിടേയ്ക്കു തിരികെ വന്നിട്ട്, അതല്ല നിങ്ങൾ എവിടെ നിന്നാണോ വിട്ടുപോയതു, അവിടെ വന്നു ദൈവത്തിന്റെ ഓരോ വചനത്തെയും എടുത്തുകൊണ്ട് തുടങ്ങേണം.

182 അതിനെ ഇന്നത്തെ സുവിശേഷ വയലിൽ ഒന്നു കണ്ണോടിച്ചു നോക്കുക. ബിലെയാം, ദൈവത്തിന്റെ സഭയുമായി വിവാഹം കഴിച്ചതു പോലെ, ഒരു വേശ്യ, ദൈവത്തിന്റെ സഭയിലേയ്ക്ക് ആ വേശ്യയെ വിവാഹം കഴിച്ചു കൊണ്ടുവന്നു, അതിനാലാണ് ഈ തെറ്റായ ഉപദേശകന്മാരെല്ലാം നിങ്ങളോടു പറയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു. ഓരോ വിഭാഗീയ സഭകളും ഈ ജനങ്ങളുമായി ചേർന്നു വെളിപ്പാട് 17-ലെ പണ്ടത്തെ വേശ്യയുമായി വിവാഹം കഴിക്കാൻ പോകുകയാണ്. അവരുടെ ബിലെയാമിന്റെ ഉപദേശം ചുറ്റിനും പോയിട്ട്, പറയുന്നു, "നാം എല്ലാവരും ഒരുപോലെയാണ്. നാം എല്ലാവരും ക്രിസ്ത്യാനികളാണ്." പുരോഹിതന്മാരും പോപ്പുമാരും, മറ്റുള്ളവരും എല്ലാം, സകലരും അനുരഞ്ജനം ചെയ്തുകൊണ്ടാണ് ഇതു ചെയ്യുന്നത്.

183 ആ പ്രാസംഗികൻ പറഞ്ഞു...മറ്റുള്ളവരോടൊപ്പം, ഒരു പെന്തെക്കോസ്തു പ്രാസംഗികൻ പോലും, വൃത്താകൃതിയിലുള്ള ഓസ്തി കൊടുക്കാൻ തുടങ്ങിയിരിക്കുന്നതു എനിക്കറിയാം. *അസ്തോരത്ത്*, എന്നായി, ഓസ്തിയായി അലിഞ്ഞു പോകുന്ന ആ അപ്പം, "ചന്ദ്ര-ദേവൻ," എന്നു അർത്ഥമാക്കുന്നു. പറയും, "നിങ്ങളുടെ മനസ്സാക്ഷിയെ അതു മുറിപ്പെടുത്തുന്നെങ്കിൽ, നിങ്ങളുടെ കണ്ണുകൾ അടച്ചുകൊണ്ട് അതു സ്വീകരിക്കുക." നിങ്ങളുടെ കണ്ണുകളെ അടയ്ക്കുകയോ? ഒരു വൃത്താകൃതിയിലുള്ള ഓസ്തി, അതു അർത്ഥമാക്കുന്നതു എന്താണ്? നാം യേശുക്രിസ്തുവിന്റെ, തകർക്കപ്പെട്ട, ശരീരത്തെ ഭക്ഷിക്കുന്നു എന്നാണ്; ഒരു വൃത്താകൃതിയിലെ ചന്ദ്ര-ദേവനെയല്ല, അസ്തോരത്ത്, മറിയയുടെ സ്ഥാനം എടുക്കുന്നു. ചന്ദ്ര-ദേവനായുള്ള, ദേവിക്കായുള്ള, റോമൻ ഓസ്തി ഇപ്പോഴും വൃത്താകൃതിയിലാണ്, ദൈവം അല്ല. നമുക്ക് ഒരു മുറിക്കപ്പെട്ട ഓസ്തിയുണ്ട്, തീർച്ചയായും. ഓ!

184 അങ്ങനെ ഇപ്പോൾ വെളിപ്പാട് 17-ലെ ആ മഹാവേശ്യ, ഈ ബിലെയാമുകൾ അവരുടെ തെറ്റായ ഉപദേശം ഉപദേശിച്ചുകൊണ്ട്, അങ്ങനെയുള്ള ഒരു താറുമാറിലേക്ക് അവരെ വിവാഹം കഴിപ്പിക്കുന്നു. അതു അവസാന സമയത്തെ ബലപരീക്ഷണത്തിലേക്ക് വരുമ്പോൾ, അതിന്റെ ദുർബലത ഇപ്പോൾ നോക്കുക. തൊള്ളായിരത്തിൽപ്പരം വ്യത്യസ്ത സംഘടനകൾ, ഒന്നു മറ്റൊന്നിനെ, ഒന്നു മറ്റൊരു വഴിയിലേയ്ക്ക് വലിക്കുന്നു. അവരുടെ ഇടയിൽ ഒരു ഐക്യവും ഇല്ല. അവർ ഐക്യത്തെ കൊണ്ടുവരാൻ ശ്രമിക്കുന്നു; ദൈവത്തിന്റെ വചനത്തെ, ദൈവത്തിന്റെ തികവുറ്റ വചനത്തെ, പിന്താങ്ങിക്കൊണ്ടല്ല. ഒരു രാഷ്ട്രീയത്താൽ ഒരു സംഘടനയാൽ അവർ അതിനെ എടുക്കുന്നു.

ദൈവം തന്റെ മനസ്സ മാറ്റുന്നില്ല. അവൻ തന്റെ വചനത്തോടൊപ്പം തന്നെ നില്ക്കുന്നു. അവൻ പറഞ്ഞു, "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എന്റെ വചനത്തിനോ നീക്കം വരികയില്ല." അതു ശരിയാണ്. അവൻ തന്റെ തികവുറ്റ വചനത്തോടൊപ്പം നില്ക്കുന്നു. ഓ, എന്റെ!

185 അവർ അന്നു ചെയ്തിരുന്നതുപോല, അവർ അതിന് എതിരായി ഇപ്പോഴും യുക്തിവാദം ചെയ്യുന്നുണ്ടെങ്കിലും, ഇങ്ങനെ...ചെയ്യാനായി ഒരേ ഒരു കാര്യമേയുള്ളൂ. അവൻ അതിനെ മാറ്റില്ല. വിശ്വസിക്കുക. കാരണം, ആകാശവും ഭൂമിയും നീങ്ങിപ്പോകും; അവന്റെ വചനമോ ഒരിക്കലും തോല്വിയടയില്ല. കാണുന്നോ?

186 നിങ്ങൾ ഏതിലേക്കാണ് വിവാഹം ചെയ്യപ്പെടുന്നതെന്നു കാണുന്നോ? കാര്യങ്ങളെയും രാഷ്ട്രീയത്തെയും കാണുന്നോ, സഭയുടെ ഒരു രാഷ്ട്രീയത്താൽ അവർ എങ്ങനെയാണ് സഭയുമായി ഒന്നായിത്തീരാൻ ശ്രമിക്കുന്നതു എന്നു കാണുന്നോ? ക്രിസ്തുവിനോടു നാം ഒന്നായിത്തീരുന്നതു രാഷ്ട്രീയത്താലല്ല.

പരിശുദ്ധാത്മാഭിഷേകത്താൽ, ക്രിസ്തുവിൽ, നാം സഭയോടു ചേർന്നിരിക്കുന്നു. പരിശുദ്ധാത്മാഭിഷേകത്തെ നിങ്ങൾക്ക് അറിയാനാകുന്ന വഴി എന്നതു, നിങ്ങളിലുള്ള ആത്മാവ് ഓരോ ദൈവ വചനത്തെയും സത്യമാണെന്നു തിരിച്ചറിയിക്കും. അതു ശരിയാണ്. "അതിൽ നിന്നും ആർ ഒരു വാക്കു നീക്കിക്കളഞ്ഞാലോ അതല്ല അതിനോടു ഒരു വാക്കു കൂട്ടിച്ചേർത്താലോ, അവന്റെ അംശം ജീവന്റെ പുസ്തകത്തിൽ നിന്നും നീക്കിക്കളയുന്നതാണ്."

187 നിങ്ങൾ പറയും, എന്നിട്ടും, "അവൻ അഭിവൃദ്ധിപ്പെടുന്നു." നിങ്ങൾക്ക് അതു അഭിവൃദ്ധിമൂലം വിശ്വസിക്കാൻ കഴിയില്ല. അഭിവൃദ്ധി പ്രാപിക്കുന്നതിനാൽ അതു ദൈവത്തിൽ നിന്നും ആകുന്നു എന്നു നിങ്ങൾക്കു വിധിക്കാൻ കഴിയില്ല. ലോകം അഭിവൃദ്ധിപ്പെടുന്നു. ബിലെയാം അതിനാൽ അഭിവൃദ്ധിപ്പെട്ടു.

എന്നാൽ, സഹോദരാ, ദൈവത്തിന്റെ വചനത്താൽ നിങ്ങൾ അവനെ ന്യായം വിധിക്കുന്നു. അവൻ തന്റെ വചനത്തെ കാക്കുകയും അതു സത്യമാണെന്നു തിരിച്ചറിയിക്കുകയും ചെയ്യുന്നു. അതുകൊണ്ടു, സ്നേഹിതാ, ഓർത്തിരിക്കു, നിങ്ങൾ ജീവിച്ചിരിക്കും കാലം, നിങ്ങൾ ഒരിക്കലും ഇതു മറന്നു പോകരുത്; ദൈവം തന്റെ മനസ്സ മാറ്റുന്നില്ല. അവൻ നിങ്ങളെ അനുഗ്രഹിക്കും, എന്നിരുന്നാലും ശരി. അവന്റെ അനുവദനീയമായ ഇഷ്ടത്തിനൊത്തു അവൻ നിങ്ങളെ പോകാൻ അനുവദിക്കും, എന്നാൽ അവൻ തന്റെ മനസ്സ മാറ്റുന്നില്ല. അവൻ

തന്റെ പദ്ധതി മാറ്റുന്നില്ല. നിങ്ങൾക്കുവേണ്ടി, അവന്റെ വചനത്തെ അവൻ മാറ്റുന്നില്ല. ഇല്ല, സർ.

മാറ്റേണ്ടതു നിങ്ങളാണ്. ദൈവ വചനത്തെ നിങ്ങളുടെ പ്രവർത്തി പരിചയവുമായി നിങ്ങൾക്ക് എടുക്കാനാകില്ല; ദൈവത്തിന്റെ വചനവുമായി ചേർന്നു പോകേണ്ടതിനു നിങ്ങളുടെ പ്രവർത്തി പരിചയത്തെ നിങ്ങൾക്കു മാറ്റേണ്ടതുണ്ട്. കാണുന്നോ? ആ വിധത്തിലാണ് നിങ്ങൾ ചെയ്തുകൊണ്ട്...

നിങ്ങൾ പറയും, "അതെ, ഞാൻ ഒരു നല്ല മനുഷ്യനാണ്. ദൈവം *ഇതും*, *അതും*, *മറ്റേതും* ചെയ്യുന്നു." എന്നാൽ നിങ്ങൾ അവന്റെ വചനത്തെ കാത്തു കൊള്ളുന്നോ? "ഓ, അതെ, ഞാൻ നിങ്ങളോട്ടു പറയട്ടെ, അതു ഉദ്ദേശിച്ചിരുന്നത്...അല്ല." ശരി, അവിടെ എന്തോ തെറ്റായിട്ടുണ്ട്. ദൈവം പോയിട്ട്...അതെ, അവൻ നിങ്ങളെ അഭിവൃദ്ധിപ്പെടുത്തും. തീർച്ചയായും, അവൻ നിങ്ങൾക്കു ചെയ്തിട്ട്...

188 അതു ഇല്ലാതെ തന്നെ വിഭാഗീയ സഭകൾ അഭിവൃദ്ധിപ്പെടുന്നു! അവരുടെ കൂടാരങ്ങളെ അവർ നീട്ടിയടിക്കുന്നു, വളരെ മനോഹരമായ, മഹത്തായ സഭകൾ, ദേശം മുഴുവനും, എല്ലായിടത്തും ആയിരിക്കുന്നു. അവർ ധനവാന്മാരായി, എല്ലായിടത്തു നിന്നുമുള്ള ധനികരിൽ നിന്നും, പണം ഒഴുകിയെത്തുന്നു. "അവളുടെ ലോകപരമായ ധനാഢ്യത്തിൽ, മനുഷ്യപ്രാണൻ പോലും കിടക്കുന്നു," എന്നു ബൈബിളും പറയുന്നില്ലേ, സകലതും, അതു ഈ രാഷ്ട്രീയത്തിന്റേയും സംഘടനകളുടേതും, ആയിട്ട് ഈ പണ്ടത്തെ വേശ്യയിൽ കാണുന്നില്ലേ?

189 എന്നാൽ ദൈവത്തിന്റെ ചെറിയ കൂട്ടർ അവന്റെ മണവാട്ടി, ആ വചനത്തിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്നു. പ്രിയ സ്വർഗ്ഗീയ പിതാവ് എപ്പോഴും നിങ്ങളെ ശരിക്കും അവിടെതന്നെ ദൃഢീകരിച്ചിരിക്കാൻ ഇടയാക്കട്ടെ. ആ വചനത്തിൽ നിന്നും നിങ്ങൾ ഒരിക്കലും നീങ്ങിപ്പോകരുത്.

നിങ്ങൾ അനുഗ്രഹിക്കപ്പെട്ടേക്കാം, നിങ്ങൾ...ദൈവം നിങ്ങൾ രോഗികളെ സൌഖ്യമാക്കിയേക്കാം. അവൻ നിങ്ങളുടെ രോഗബാധിതമായ ശരീരത്തെ സുഖമാക്കിയേക്കാം. അവൻ നിങ്ങളുടെ ഭർത്താവിനെ, ഭാര്യയെ സൌഖ്യമാക്കിയേക്കാം. അവൻ നിങ്ങളുടെ അമ്മയേയോ, മറ്റാരെ എങ്കിലുമോ സൌഖ്യമാക്കിയേക്കാം. നിങ്ങൾ അവന്റെ ആത്മാവിനാൽ താഴേക്കും മുകളിലേക്കും ചാടി, നൃത്തം ചെയ്തെന്നു വരാം.

ഓർക്കു, ധർമ്മിയുടെയും അധർമ്മിയുടെയും മേൽ, ഒരുപോലെ മഴ പെയ്യിക്കുന്നു. എന്നാൽ ആ വിത്തു അവിടെ

കിടക്കുന്നെങ്കിൽ, ഒന്നുകിൽ അതു മുൻനിയമിക്കപ്പെട്ടതു അല്ലെങ്കിൽ മുൻനിയമിക്കപ്പെടാത്തതു. അതു മുൻനിയമിക്കപ്പെട്ടത് ആണെങ്കിൽ, അതിനു കഴിയും...അതു ഗോതമ്പ് ആണെങ്കിൽ, അതൊരു ഗോതമ്പിനെ കൊണ്ടുവരേണം. അതു ദൈവത്തിന്റെ ഒരു വചനമാണെങ്കിൽ, അതിനു ദൈവ വചനം ഉല്പാദിപ്പിക്കേണം. അതല്ലെങ്കിൽ. അതെ, അതെ അതല്ലെങ്കിൽ. കാണുന്നോ? അതു ഇപ്പോൾ തന്നെ നിങ്ങൾക്കു കിട്ടിയോ?

190 കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. ഞാൻ ഇവിടെ ഒമ്പതു മണിക്കു അവസാനിപ്പിക്കും എന്നു പറഞ്ഞിട്ട്, ഇവിടെ ഇതാ പത്തുമണി ആകാൻ ഇരുപതു മിനിട്ടേ ശേഷിക്കുന്നുള്ളൂ. നിങ്ങളിൽ അനേകർക്കു, വളരെ ദൂരം യാത്ര ചെയ്യാനുണ്ട്. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ഞാൻ ഇങ്ങനെ നിങ്ങളെ പിടിച്ചു വെച്ചിരുന്നതിന്റെ കാരണം എന്തെന്നാൽ, ഞാൻ നിങ്ങളോട്ടു ക്രൂരത കാട്ടേണം എന്നു വിചാരിച്ചിട്ടല്ല, ഞാൻ നിങ്ങളെ സ്നേഹിക്കുന്നതിനാലാണ്. എനിക്കറിയാവുന്ന ഒന്നും, ഞാൻ പറയാതിരുന്നിട്ടില്ല; ഞാൻ നിങ്ങളോട്ടു സത്യം പറയുന്നു.

191 പുറമെയുള്ള യോഗങ്ങളിൽ ഞാൻ പോകുമ്പോൾ, ഈ സന്ദേശങ്ങൾ ഞാൻ പ്രസംഗിക്കുന്നതു നിങ്ങൾ ഒരിക്കലും കേൾക്കില്ല. ഇല്ല, ഈ ടെബർണക്കിളിൽ തന്നെ പ്രസംഗിക്കും, എന്നു ഞാൻ നിങ്ങൾക്ക് വാക്കു തന്നിരുന്നു. ഇവിടെ നിന്നാണ് ഞാൻ എന്റെ സന്ദേശങ്ങൾ പ്രസംഗിക്കുന്നതു. കർത്താവ് എനിക്ക് നൽകിയ, മൂന്നോ നാലോ എണ്ണം കൂടെ എന്റെ പക്കലുണ്ട്, അതിന്മേലുള്ള തിരുവെഴുത്തുകൾ എനിക്കു കിട്ടിയിരിക്കുന്നു, ശരിക്കും ഇവിടെയല്ലാതെ മറ്റൊരിടത്തും അതു പ്രസംഗിക്കുന്നതിനു ഞാൻ ധൈര്യപ്പെടില്ല. ഇവിടെ നിന്നാണ് ദൈവത്തിന്റെ വചനം പോകാൻ തുടങ്ങിയതു. മാത്രമല്ല, ദൈവം അതിനു മാറ്റം വരുത്തുവോളം, ഞാൻ ഇവിടെ തന്നെ നിന്നുകൊണ്ട് അതു ഇവിടെത്തന്നെ കൊണ്ടുവരുന്നതാണ്. അതു ശരിയാണ്.

പുറമെയുള്ള യോഗങ്ങളിൽ, ഞാൻ രോഗികൾക്കായി പ്രാർത്ഥിക്കുകയും, അങ്ങനെയും മറ്റും ചെയ്യുന്നു; പിന്നെ, ഒരു വശത്തുകൂടെ, ഒരു വളഞ്ഞ രീതിയിൽ, അതിനെ ആടുകൾ കേൾക്കാനായി, പറയുകയും ചെയ്യുന്നു. അതു എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നതെന്നു അവർക്ക് അറിയാനാകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിങ്ങൾ നോക്കു, അതു ചൂണ്ടയിലിടുന്ന ഒരു ഇരപോലെയാണ്. ദൈവം അതറിയുന്നു എന്നു കാണിക്കാനായി, ഹൃദയ വിവേചനത്താൽ, ഞാൻ അടയാളങ്ങൾ കാണിക്കാൻ ശ്രമിച്ചുകൊണ്ട്, ജനങ്ങളുടെ ഹൃദയങ്ങളെ അറിയുകയും, ഈ

കാര്യങ്ങളെ ചെയ്യുകയും ചെയ്യുന്നു. അതു ജനങ്ങളെ ഒന്നു ഇളക്കാൻ വേണ്ടിയുള്ള, സുവിശേഷാനുസാരമായ ഒരു ദാനമാണ്.

ഒന്നാമത്തെ കാര്യം നിങ്ങൾക്കറിയാമോ, ഒരു ടേപ്പ് അവരുടെ വീട്ടിൽ എത്തിയ്ക്കുന്നു. പിന്നെ, അതു എടുത്തതിനു ശേഷം. അവൻ ഒരു ചെമ്മരിയാട് ആണെങ്കിൽ, അവൻ അതിനോടൊപ്പം നേരെ വന്നുകൊള്ളും. അവൻ കോലാട് ആണെങ്കിൽ, അവൻ ആ ടേപ്പിനെ പുറത്തു വലിച്ചെറിയും. ഊഹാ-ഹാ. [ബ്രദർ ബേൻ ബ്രെയാന്റ് പറയുന്നു, "നിങ്ങളെയും കൂടെ."—Ed.] നിങ്ങൾ നോക്കൂ, അതു…"നിങ്ങളെയും, കൂടെ," ശരിയാണ്, ബേൻ. അതു, അതു കൃത്യമായും ശരിയാണ്. ബേനിനു കുറച്ചു പ്രവർത്തിപരിചയമുണ്ട്. ശരിയാണ്. അതെ, അതു ശരിയാണ്.

192 നിങ്ങൾ അവന്റേതാണ് എന്നതിൽ നിങ്ങൾ സന്തോഷമുള്ളവരല്ലേ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] നിങ്ങൾ ആനന്ദമുള്ളവരല്ലേ? ["ആമേൻ."] നാം വളരെ മുമ്പ്, ഇങ്ങനെ, ഒരു പെന്തെക്കോസ്തു പാട്ടു പാടിയിരുന്നു:

കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതിനാൽ
എനിക്കു വളരെ ആനന്ദമുണ്ട്;
കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതിനാൽ
ഞാൻ വളരെ ആനന്ദിക്കുന്നു;
ഞാൻ യേശുവിൽ അല്ലാതിരുന്നെങ്കിൽ, ഞാൻ
എവിടെ ആയിരിക്കുമായിരുന്നു?
കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതിനാൽ
ഞാൻ വളരെ ആനന്ദമുള്ളവനാകുന്നു.

ഓ, കർത്താവ് എന്നെ പുറത്തു കൊണ്ടുവന്ന നാൾ
മുതൽ എനിക്കു വളരെ ആനന്ദമുണ്ട്;
കർത്താവ് എന്നെ പുറത്തു കൊണ്ടുവന്ന നാൾ മുതൽ
ഞാൻ വളരെ ആനന്ദിക്കുന്നു;
ഞാൻ യേശുവിൽ അല്ലാതിരുന്നെങ്കിൽ, ഞാൻ
എവിടെ ആയിരിക്കുമായിരുന്നു?
കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതു മുതൽ
ഞാൻ ആനന്ദമുള്ളവനാകുന്നു.

കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതു മുതൽ
ഞാൻ ആർപ്പിടുന്നു;
കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതു മുതൽ
ഞാൻ ആർപ്പിടുന്നു;

ഞാൻ യേശുവിൽ അല്ലാതിരുന്നെങ്കിൽ, ഓ, ഞാൻ
എവിടെ ആയിരിക്കുമായിരുന്നു?
കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതിനാൽ
ഞാൻ ആനന്ദമുള്ളവനാകുന്നു.

മഹത്വം! നിങ്ങൾ ആനന്ദമുള്ളവരല്ലേ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] "നിങ്ങൾ ആനന്ദമുള്ളവരല്ലേ..." നമുക്ക് അതു പാടാം.

കർത്താവ് നിങ്ങളെ പുറത്തു കൊണ്ടുവന്നതിനാൽ
നിങ്ങൾ ആനന്ദമുള്ളവരല്ലേ?
കർത്താവ് നിങ്ങളെ പുറത്തു കൊണ്ടുവന്നതിനാൽ
നിങ്ങൾ ആനന്ദമുള്ളവരല്ലേ?
ഞാൻ യേശുവിൽ അല്ലാതിരുന്നെങ്കിൽ, ഓ, ഞാൻ
എവിടെ ആയിരിക്കുമായിരുന്നു?
കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതിനാൽ
ഞാൻ വളരെ ആനന്ദമുള്ളവനാകുന്നു.

അതെ, കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതു
മുതൽ ഞാൻ പാടിക്കൊണ്ടിരിക്കുന്നു;
കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതു മുതൽ
ഞാൻ പാടിക്കൊണ്ടിരിക്കുന്നു;
ഞാൻ യേശുവിൽ അല്ലാതിരുന്നെങ്കിൽ, ഓ, ഞാൻ
എവിടെ ആയിരിക്കുമായിരുന്നു?
കർത്താവ് എന്നെ പുറത്തു കൊണ്ടുവന്നതിനാൽ
ഞാൻ ആനന്ദമുള്ളവനാകുന്നു.

നിങ്ങൾക്ക് അതിനെക്കുറിച്ച് ആനന്ദമില്ലേ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] പിന്നെ, നാം വെളിച്ചത്തിൽ നടക്കും. നിങ്ങൾക്ക് ആ പാട്ട് അറിയാമോ?

നാം ആ വെളിച്ചത്തിൽ നടക്കും, അതൊരു മനോഹര
വെളിച്ചം,
കൃപയുടെ ജ്വലിക്കുന്ന മഞ്ഞുതുള്ളികൾ വീഴുന്നിടത്തേക്കു
വരുന്നു;
രാവും പകലും ഞങ്ങൾക്കു ചുറ്റും തിളങ്ങുന്നു
ഓ, യേശു, ലോകത്തിൻ വെളിച്ചം.

നിങ്ങൾ അതു ഇഷ്ടപ്പെടുന്നോ? നമുക്ക് അതു വീണ്ടും പാടാം.

നാം ആ വെളിച്ചത്തിൽ നടക്കും, അതൊരു മനോഹര വെളിച്ചം,
കൃപയുടെ ജ്വലിക്കുന്ന മഞ്ഞുതുള്ളികൾ വീഴുന്നിടത്തേക്കു വരുന്നു;
രാവും പകലും ഞങ്ങൾക്കു ചുറ്റും തിളങ്ങുന്നു
ഓ, യേശു, ലോകത്തിൻ വെളിച്ചം.

അതു സൂര്യോദയമാണ്!

വെളിച്ചത്തിന്റെ സകല വിശുദ്ധരുമേ വിളിച്ചു പറയുവിൻ,
യേശു, ലോകത്തിൻ വെളിച്ചം;
അവന്റെ നാമത്തിൽ സത്യവും കൃപയുമുണ്ട്,
യേശു, ...വെളിച്ചം

ഇപ്പോൾ നാം അതു പാടിക്കൊണ്ടിരിക്കുമ്പോൾ, നമുക്ക് നമ്മുടെ കരങ്ങളെ ഉയർത്താം.

ഓ, നാം ആ വെളിച്ചത്തിൽ നടക്കും, അതൊരു മനോഹര വെളിച്ചം,
കൃപയുടെ ജ്വലിക്കുന്ന മഞ്ഞുതുള്ളികൾ വീഴുന്നിടത്തേക്കു വരുന്നു;
രാവും പകലും ഞങ്ങൾക്കു ചുറ്റും തിളങ്ങുന്നു
യേശു, ലോകത്തിൻ വെളിച്ചം.

ഒരാളിന്റെ കൈ മറ്റെയാൾ പിടിച്ചു കുലുക്കു.

ഓ, അതു കൃപയുടെ മഞ്ഞുതുള്ളികൾ തിളങ്ങുന്നിടത്തു നിന്നും വരുന്നു.

നിങ്ങൾ വെളിച്ചത്തിന്റെ മക്കൾ ആകയാൽ നിങ്ങൾ ആനന്ദമുള്ളവരല്ലേ? ആ പുത്രൻ ഉദിച്ചിരിക്കുന്നു.

...രാവും പകലും ഞങ്ങൾക്കു ചുറ്റും തിളങ്ങുന്നു,

"ചെറിയ കുഞ്ഞുങ്ങളെ, അന്യോന്യം സ്നേഹിക്കേണം."

ഓ, നാം ആ വെളിച്ചത്തിൽ നടക്കുന്നു, അതൊരു മനോഹര...(അവന്റെ വചനത്തിന്റെ പ്രത്യക്ഷത)
കൃപയുടെ ജ്വലിക്കുന്ന മഞ്ഞുതുള്ളികൾ വീഴുന്നിടത്തേയ്ക്കു വരുന്നു;
രാവും പകലും ഞങ്ങൾക്കു ചുറ്റും തിളങ്ങുന്നു
അതു യേശു, ലോകത്തിൻ വെളിച്ചം.

നിങ്ങൾ എല്ലാവരും അതു വിശ്വസിക്കുന്നോ?

നാം സീയോനിലേയ്ക്ക് മാർച്ചു ചെയ്യുന്നു,
ആ മനോഹര, മനോഹര സീയോനിലേയ്ക്ക്;
നാം മുകളിലെ സീയോനിലേയ്ക്കു മാർച്ചു ചെയ്യുന്നു,
ദൈവത്തിന്റെ മനോഹര നഗരത്തിലേയ്ക്ക്

ഓ, നാം സീയോനിലേയ്ക്ക് മാർച്ചു ചെയ്യുന്നു...

പാടാൻ വിസമ്മതിക്കുന്നവർ
അവർ നമ്മുടെ ദൈവത്തെ ഒരിക്കലും അറിഞ്ഞിട്ടില്ല;
എന്നാൽ സ്വർഗ്ഗീയ രാജാവിന്റെ കുഞ്ഞുങ്ങൾ,
എന്നാൽ സ്വർഗ്ഗീയ രാജാവിന്റെ കുഞ്ഞുങ്ങൾ,
അവരുടെ ആനന്ദം ഉച്ചത്തിൽ ഘോഷിക്കും,
അവരുടെ ആനന്ദം ഉച്ചത്തിൽ ഘോഷിക്കട്ടെ.

എന്തെന്നാൽ നാം മാർച്ചു ചെയ്യുന്നു...(മഹത്വം!)
ആ മനഹോര, മനോഹര സീയോനിലേയ്ക്ക്
ഓ, നാം മുകളിലെ സീയോനിലേയ്ക്ക് മാർച്ചു ചെയ്യുന്നു,
ദൈവത്തിന്റെ ആ മനോഹര നഗരത്തിലേയ്ക്ക്.

ഓ, നാം സീയോനിലേയ്ക്ക് മാർച്ചു ചെയ്യുന്നു,
ഓ, മനോഹര, മനോഹര സീയോനിലേയ്ക്ക്;
നാം മുകളിലെ സീയോനിലേയ്ക്ക് മാർച്ചു ചെയ്യുന്നു,
ദൈവത്തിന്റെ ആ മനോഹര നഗരത്തിലേയ്ക്ക്.

193 നിങ്ങളുടെ തുവാലകളെ പുറത്തെടുക്കുക. ഒരു നിമിഷം നിങ്ങളുടെ തുവാലകളെ പുറത്തെടുക്കുക. നമുക്ക് കർത്താവിനു ഒരു നീരാർജ്ജനം നടത്താം. അതൊരു ചുരുട്ടിൽ നിന്നല്ല, നോക്കു, അവർ പൊലൌസിന്റെ ശരീരത്തിൽ നിന്നും റുമാലുകളും മറ്റും എടുത്തിരുന്നു.

ഓ, നാം സീയോനിലേയ്ക്ക് മാർച്ചു ചെയ്യുന്നു,
ഓ, മനോഹര, മനോഹര സീയോനിലേയ്ക്ക്;
നാം മുകളിലെ സീയോനിലേയ്ക്ക് മാർച്ചു ചെയ്യുന്നു,
ദൈവത്തിന്റെ ആ മനോഹര നഗരത്തിലേയ്ക്ക്.

ഓ, നാം സീയോനിലേയ്ക്ക് മാർച്ചു ചെയ്യുന്നു,
ഓ, മനോഹര, മനോഹര സീയോനിലേയ്ക്ക്;
നാം മുകളിലെ സീയോനിലേയ്ക്ക് മാർച്ചു ചെയ്യുന്നു,
ദൈവത്തിന്റെ ആ മനോഹര നഗരത്തിലേയ്ക്ക്.

194 ആമേൻ. ഓ, നിങ്ങളെ അതു നന്നായി അനുഭവപ്പെടുത്തുന്നില്ലേ? അതു അവിടെ മുമ്പുണ്ടായിരുന്ന വിശുദ്ധന്മാരെ എന്റെ ഓർമ്മയിൽ കൊണ്ടുവരുന്നു, റോമക്കാരുടെ സർക്കസ് നടന്നിരുന്ന സ്ഥലത്തേക്ക് അവരെ കൊണ്ടു പോകുന്നതിനു മുമ്പായി, അവർ ആ മലമേൽ

കയറാൻ തുടങ്ങുമ്പോൾ, നിങ്ങൾക്കറിയാമോ, അവിടെയുള്ള ആ ചെറിയ കയറ്റിറക്കത്തിൽ, അവരെ അവിടെ സിംഹക്കൂട്ടിൽ എറിയാൻ പോകുന്നേരം, അവർ പാട്ടുമായിരുന്നു:

ഓ, നാം സീയോനിലേയ്ക്ക് മാർച്ച് ചെയ്യുന്നു,
ഈ മനോഹര, മനോഹര സീയോനിലേയ്ക്ക്;
നാം മുകളിലെ സീയോനിലേയ്ക്ക് മാർച്ച് ചെയ്യുന്നു,
ദൈവത്തിന്റെ ആ മനോഹര നഗരത്തിലേയ്ക്ക്.

സീയോനിന്റെ വിളയുന്ന പാടത്തിൽ
ഒരായിരം വിശുദ്ധ മധുരഭക്ഷണങ്ങൾ
ആ സ്വർഗ്ഗീയ സിംഹാസനത്തിൽ നാം എത്തും മുമ്പോ,
ആ സ്വർഗ്ഗീയ സിംഹാസനത്തിൽ നാം എത്തും മുമ്പോ,
അതല്ല സ്വർണ്ണ തെരുവീഥിയിലൂടെ നടക്കുന്നതിനോ
അതല്ല സ്വർണ്ണ തെരുവീഥിയിലൂടെ നടക്കുന്നതിനോ.

നാം സീയോനിലേയ്ക്ക് മാർച്ച് ചെയ്യുന്നു,
അതു മനോഹര, മനോഹര സീയോൻ;
നാം മുകളിലെ സീയോനിലേയ്ക്ക് മാർച്ച് ചെയ്യുന്നു,
ദൈവത്തിന്റെ ആ മനോഹര നഗരത്തിലേയ്ക്ക്.

195 എന്റെ പുറകെ ഏറ്റുപറയുക:

[ബ്രദർ ബ്രൺഹാം പറഞ്ഞു കഴിഞ്ഞിട്ട് കൂട്ടായ്മ ഏറ്റുപറയുന്നു—Ed.] കർത്താവാം ദൈവമേ, എന്നെ സ്വയം ഞാൻ പുതുതായി നിനക്കു പണയം വെയ്ക്കുന്നു. സകല അനീതിയിൽ നിന്നും എന്നെ ശുദ്ധീകരിച്ചാലും. അങ്ങയുടെ വചനത്തിന്മേലുള്ള സകല സംശയത്തിൽ നിന്നും എന്നെ ശുദ്ധികരിച്ചാലും. ഈ ഈസ്റ്റർ മുതൽ, എന്നെ ക്രിസ്തുയേശുവിൽ ഒരു പുതിയ സൃഷ്ടിയാക്കേണമെ. നിന്റെ വചനം, എന്റെ ഹൃദയത്തിൽ, വഹിപ്പാൻ എനിക്ക് ഇടവരട്ടെ. അത് എന്റെ കാലിനു ദീപവും എന്റെ പാതക്കു പ്രകാശവും ആയിരിക്കട്ടെ. ഇപ്പോൾ മുതൽ ഞാൻ നിന്നെ പിമ്പറ്റും. യേശുവിൻ നാമത്തിൽ. ആമേൻ.

നാം സീയോനിലേയ്ക്ക് മാർച്ച് ചെയ്യുന്നു,
ഓ, മനോഹര മനോഹര സീയോനിലേയ്ക്ക്;
നാം മുകളിലെ സീയോനിലേയ്ക്ക് മാർച്ച് ചെയ്യുന്നു,
ദൈവത്തിന്റെ ആ മനോഹര നഗരത്തിലേയ്ക്ക്.

196 അതു നിങ്ങളെ നന്നായി അനുഭവപ്പെടുത്തുന്നില്ലേ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] നമ്മുടെ ഹൃദയത്തിൽ നാം മരണത്തിൽ നിന്നും ജീവങ്കലേയ്ക്ക് ഉദ്ദീപിക്കപ്പെട്ടിരിക്കുന്നു എന്നറിഞ്ഞു കൊണ്ട്,

നാം നമ്മെ പുതുക്കാനായി വീണ്ടും പ്രതിജ്ഞ ചെയ്തിരിക്കുന്നു. അതു നിങ്ങൾക്കു നന്നായി തോന്നുന്നില്ലേ? ["ആമേൻ."] എന്റെ, ഓ, എന്റെ! മരിക്കാനാകാത്ത സ്നേഹത്താൽ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു.

ശ്രദ്ധിക്കു. "അന്യോന്യം സ്നേഹിക്കുക. കാരണം താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല." കാണുന്നോ? അതുകൊണ്ടു അന്യോന്യം സ്നേഹിപ്പിൻ

പിന്നെ, നിങ്ങൾ അന്യോന്യം സേവിക്കുമ്പോൾ, നിങ്ങൾ ദൈവത്തെ സേവിക്കുന്നു. അതു ശരിയല്ലേ? "ഉദ്ദീപിക്കുന്ന ശക്തിയുള്ള ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്യുമ്പോഴൊക്കെയും, എനിക്കാണ് ചെയ്തത്."

"ഞങ്ങൾ നിന്നെ ആവശ്യക്കാരനായി എപ്പോൾ കണ്ടു? ഞങ്ങൾ നിന്നെ കാരാഗൃഹത്തിൽ സന്ദർശിച്ചതു എപ്പോഴാണ്? ഈ വക കാര്യങ്ങൾ എല്ലാം ഞങ്ങൾ ചെയ്തതു എപ്പോഴാണ്?"

"നിങ്ങൾ അവരോടു എന്തെല്ലാം ചെയ്തുവോ, നിങ്ങൾ എനിക്കാണ് ചെയ്തതു."

197 അതു ആശ്ചര്യമായിരിക്കുന്നില്ലേ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] ഞാൻ അവനെ സ്നേഹിക്കുന്നു, നിങ്ങളും സ്നേഹിക്കുന്നില്ലേ? ["ആമേൻ."]

198 ഓ, നിങ്ങൾക്കു ഒരു മിനിട്ടു സമയം കൂടെയുണ്ടെങ്കിൽ, നമുക്ക് ഒരു പാട്ടു കൂടെ പാടേണം. ഓ, അതെ, നാം അതിനെ എടുത്തുകൊണ്ടുപോകും. ശരി. ശരി, സർ. ഓ! *യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം എടുത്തുകൊണ്ടു പോകുക*. അതു മറന്നു പോകരുതു സ്നേഹിതരെ. അതിപ്പോൾ നമുക്ക് പാടാം. ഓരോരുത്തരും, ഇപ്പോൾ ഒരുമിച്ച്, ഒരു വിശാലമായ ഹൃദയത്തോടെ, അതു അവന്റെ അടുക്കലേയ്ക്ക് എടുത്തുകൊണ്ടുപോകാം. നമ്മിലുള്ള എല്ലാമായി, നമുക്കതു ചെയ്യാം.

യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം എടുത്തുകൊണ്ടു
 പോകുക,
ശാപത്തിന്റെയും ദുഃഖത്തിന്റെയും സന്താനത്തെ
അതു നിങ്ങൾക്ക് ആനന്ദവും സാന്ത്വനവും തരും,
നിങ്ങൾ പോകുന്നിടത്തെല്ലാം അതിനെ എടുത്തു
 കൊൾക.

വിലപ്പെട്ട നാമം, ഓ എത്ര മാധുര്യം!
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും;
വിലപ്പെട്ട നാമം, ഓ എത്ര മാധുര്യം!
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും.

199 ഇപ്പോൾ ഓർക്കു, ദ്രോഹത്തിന്റെ ചൂടുള്ള കാറ്റു വീശുമ്പോൾ, എല്ലാ വശത്തു നിന്നും പിശാചുക്കൾ വെല്ലുവിളിക്കുമ്പോൾ, രാത്രിയും പകലും നിങ്ങൾ എനിക്കു വേണ്ടി പ്രാർത്ഥിക്കുന്നു എന്നു ഞാൻ ഓർക്കും, ഞാൻ നിങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കും.

നിങ്ങളുടെ നല്ലവനായ പാസ്റ്റർ നേവിലെയോടും, സഹ പാസ്റ്ററായ, സഹോദരൻ ക്യാപ്പ്സിനോടും ചേർന്നു നില്ക്കുക. അവരെ കേൾക്കുക. അവർ ജീവന്റെ വചനം നിങ്ങളെ പഠിപ്പിക്കും. ഞാൻ അതു വിശ്വസിക്കുന്നു. ഞാൻ അതു വിശ്വസിച്ചിരുന്നില്ലെങ്കിൽ, ഞാൻ അവരെ ഇവിടെ തീർച്ചയായും വെയ്ക്കില്ലായിരുന്നു. തീർച്ചയായും ഞാൻ അതു ചെയ്യില്ലായിരുന്നു. അവർ സന്ദേശം വിശ്വസിക്കുന്നു എന്നു ഞാൻ വിശ്വസിക്കുകയും, അവർ അവരുടെ ഏറ്റവും നല്ല അറിവിൽ അതിനോടു ചേർന്നു നില്ക്കും എന്നു വിശ്വസിക്കുകയും ചെയ്യുന്നു, എനിക്ക് അവരുടെ രണ്ടുപേരുടെ മേലും നല്ല വിശ്വാസമുണ്ട്. അവരോടൊപ്പം നില്ക്കുക. ഈ മറ്റു സഹോദരന്മാർ, ഇന്നു രാത്രിയിൽ ഇവിടെ നില്ക്കുകയും, ചുറ്റും അവരുടെ യോഗങ്ങൾ നടത്തുകയും ചെയ്യുന്നു, നിങ്ങൾ അവരുടെ പരിസരത്തു എങ്ങാനുമാണ് താമസിക്കുന്നതെങ്കിൽ, അവരോടൊപ്പം ആയിരിക്കുക. ഇന്നു രാത്രിയിൽ, അവർ ഇവിടെ എന്തിനു വേണ്ടി വന്നു എന്നു നിങ്ങൾ കേട്ടിരിക്കുന്നു.

യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം എടുത്തു കൊൾക,
എല്ലാ കെണിയിൽ നിന്നും നിങ്ങൾക്കൊരു കവചമായി; (ഇതിനെ കേൾക്കു)
പ്രലോഭനങ്ങൾ നിങ്ങൾക്കു ചുറ്റം കൂട്ടം കൂടുമ്പോൾ,
പ്രാർത്ഥനയാൽ ആ പവിത്ര നാമം ഒന്നു ശ്വസിച്ചു കൊൾക.

വിലപ്പെട്ട നാമം, വിലപ്പെട്ട നാമം, ഓ എത്ര മാധുര്യം! ഓ എത്ര മാധുര്യം!
ഭൂമിയിലെ പ്രതീക്ഷയും...

പ്രിയ ദൈവമേ, ഈ ജനങ്ങളെ സൌഖ്യമാക്കേണമെ. അങ്ങയോടു ഞാൻ യേശുവിൻ നാമത്തിൽ പ്രാർത്ഥിക്കുന്നു, ആമേൻ. കർത്താവെ, ഇതു അനുവദിക്കേണം, എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

...ഓ എത്ര മാധുര്യം!
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും.

നാം കണ്ടുമുട്ടും വരെ! നാം കണ്ടുമുട്ടും വരെ!
യേശുവിൻ പാദത്തിൽ നാം കണ്ടുമുട്ടും വരെ;
നാം കണ്ടുമുട്ടും വരെ! നാം കണ്ടുമുട്ടും വരെ!
നാം കണ്ടുമുട്ടും വരെ ദൈവം നിങ്ങളോടിരിക്കട്ടെ.

ഇപ്പോൾ നമുക്ക് നമ്മുടെ തലകളെ കുമ്പിടാം.

[*ദൈവം നിങ്ങളോട്ടു കൂടെയിരിക്കട്ടെ* എന്ന പാട്ട് ബ്രദർ ബ്രൺഹാം മൂളിപ്പാടുന്നു—Ed.] ഓ ദൈവമേ, ഞങ്ങളോടൊപ്പം ആയിരിക്കേണമെ. കർത്താവെ, ഞങ്ങളെ സഹായിക്കേണമെ.

...യേശുവിൻ പാദത്തിൽ നാം കണ്ടുമുട്ടും വരെ! (നാം കണ്ടുമുട്ടും വരെ)
നാം കണ്ടുമുട്ടും വരെ! നാം കണ്ടുമുട്ടും വരെ!
നാം കണ്ടുമുട്ടും വരെ ദൈവം നിങ്ങളോട്ടു കൂടെയിരിക്കട്ടെ.

200 അതാണ് വാസ്തവമായും എന്റെ പ്രാർത്ഥന. നാം വീണ്ടും കണ്ടുമുട്ടും വരെ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ! ഈ വളരെ നല്ല കൂട്ടായ്മയെ പിരിച്ചുവിടുമോ എന്നു ഞാൻ സഹോദരൻ നേവിലെയോട്ടു ചോദിക്കാൻ പോകുകയാണ്.

ദൈവം നിങ്ങളെ, ഓരോരുത്തരെയും സ്നേഹിക്കുന്നു. നിങ്ങളെ പോലെയുള്ള ജനങ്ങൾ എനിക്കുള്ളതിനാൽ ഞാൻ വളരെ നന്ദിയുള്ളവനാണ്. എന്റെ സന്ദേശം വിശ്വസിക്കുന്നതിന് ആരും ഇല്ലായിരുന്നെങ്കിൽ അതു എന്താകുമായിരുന്നു? നമുക്ക് കിട്ടിയിരിക്കുന്ന ഈ സന്ദേശത്തിനായി മരിക്കാൻ പോലും തയ്യാറുള്ള ജനങ്ങൾ ഇവിടെയുണ്ട്. നിങ്ങളെ ഓരോരുത്തരെയും, ദൈവം സഹായിക്കാൻ ഇടവരട്ടെ. എന്റെ പ്രാർത്ഥനകൾ നിങ്ങളോടൊപ്പമുണ്ട്. എന്റെ അനുഗ്രഹങ്ങൾ നിങ്ങൾ ഓരോരുത്തരോടും കൂടെ പോകാനിടയാകട്ടെ. ആ പുനഃരുത്ഥാനത്തിൽ നിങ്ങളും ഒരു ഭാഗമാകുന്നു എന്നു മറന്നു പോകരുത്. ആ ഉദ്ദീപിക്കുന്ന ശക്തി ഇപ്പോൾ നിങ്ങളിലുണ്ട്. അതെല്ലാം ഉറപ്പിച്ചിരിക്കുന്നു. നിങ്ങൾ ദൈവത്തിന്റെ കുഞ്ഞാകുന്നു.

സഹോദരൻ നേവിൽ പിരിച്ചുവിടുവോളം, നമുക്ക് നമ്മുടെ തലകളെ കുമ്പിട്ടു വെയ്ക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

***ദൈവം തന്റെ വചനത്തെക്കുറിച്ച് എപ്പോഴെങ്കിലും***
***അവന്റെ മനസ്സു മാറ്റുമോ?*** MAL65-0418E

(Does God Ever Change His Mind About His Word?)

ഈ സന്ദേശം ബ്രദർ വില്യം മാരിയൻ ബ്രൺഹാം, 1965, ഏപ്രിൽ മാസം 18-ാം തീയതി, ഞായറാഴ്ച വൈകിട്ട്, അമേരിക്കൻ ഐക്യനാട്ടിലെ, ഇൻഡ്യാനയിലുള്ള, ജെഫെർസൺവില്ലെ ബ്രൺഹാം ടെബർണക്കിളിൽ വെച്ചു, പ്രസംഗിച്ചു. ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചതിനോടു, ഒരു ആർ എന്ന ശബ്ദ മാത്രയും കൂടെ കൂട്ടി വീണ്ടും ചിട്ടപ്പെടുത്തിയതിനെ കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേക്ക്, അതിൽ നിന്നും ചുരുക്കാതെ കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാള പരിഭാഷ, വോയിസ് ഓഫ് ഗോഡ് റിക്കോർഡിംഗ്സിൽ നിന്നും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നു.

MALAYALAM

©2019 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org